Reg. No. M. 2293

ഒററപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 27 | 1129 ധനു 8—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1958 ഡിസംബർ 23 | ലക്കം 18

## സഭാസാമ്രാജ്യം

(ജോസഫ് അഞ്ചനാട്ട് ബി. എ.)

### GLORIA IN EXCELSIS DEO



വഴിയരികിൽ തലയുയർത്തിനിൽക്കുന്ന ഒരു മനോഹരസൗധം കാണുമ്പോൾ വിവിധങ്ങളായ മനോഭാവങ്ങളാണു് പ്രേക്ഷകരിൽ അങ്കുരിക്കുക. ഒരു കൂട്ടർക്കു് ആ ഹർമ്മ്യനിർമ്മിതിയിൽ പ്രകടിതമായിരിക്കുന്ന കലാശില്പമായിരിക്കാം ഹൃദയത്തിൽ തട്ടുന്നതു്. മറ്റൊരു കൂട്ടരെ ആകർഷിക്കുന്നതു് അതിന്റെ വലിപ്പമായിരിക്കാം. ആ സൗധം സ്ഥിതിചെയ്യുന്ന മനോഹരമായ പരിസരങ്ങളും അതിനെ വലയംചെയ്തുനില്ക്കുന്ന നേത്രാകർഷകമായ ഉദ്യാനവുമായിരിക്കാം മൂന്നാമതൊരു ഗണത്തിന്റെ ശ്രദ്ധയെ ക്ഷണിക്കുന്നതു്. എന്നാൽ ഈ ബാഹ്യപ്രേക്ഷകർക്കാർക്കും തന്നെ ആ ഭവനത്തിനുള്ളിലെ സംവിധാനങ്ങളെപ്പററിയോ, ആ കുടുംബാംഗങ്ങൾ കഴിഞ്ഞുകൂടുന്ന സ്നേഹസമ്പൂർണ്ണമായ അന്തരീക്ഷത്തെപ്പററിയോ ഒന്നുംതന്നെ ധരിക്കുക സാദ്ധ്യമല്ല. കത്തോലിക്കാസഭയാകുന്ന അത്ഭുതാകാരമായ സൗധത്തെപ്പററിയും ഇതുതന്നെ പറയാവുന്നതാണു്. എല്ലാ തലമുറകളിലെയും ചിന്താശീലന്മാരായ അകത്തോലിക്കരുടെയെല്ലാം ശ്രദ്ധയെ സഭ ആകർഷിച്ചിട്ടുണ്ടു്. ഗിരിമുകളിൽ പണിയപ്പെട്ടിരിക്കുന്ന നഗരത്തിനു് മറഞ്ഞിരിക്കുക സാദ്ധ്യമല്ലല്ലോ. കത്തോലിക്കാസഭയുടെ കെട്ടും മട്ടും ഗാംഭീര്യവുമെല്ലാം അകത്തോലിക്കരായ അതിന്റെ വിമർശകന്മാരിൽ പലതരത്തിലുള്ള മനോഭാവങ്ങളെയാണു സൃഷ്ടിക്കുന്നതു്. ചിലർ അവളുടെ ആഗോളവ്യാപകത്വത്തിൽ അത്ഭുതമൂകരാകുന്നു. ചിലർക്കു് അവളുടെ അനിതരസാധാരണമായ സംഘടനാവൈശിഷ്ട്യവും ശിക്ഷണബോധവുമാണു് ആദരത്തിനു നിദാനം. മനുഷ്യനിർമ്മിതങ്ങളായ സ്ഥാപനങ്ങളുടെ കൂട്ടത്തിൽ കത്തോലിക്കാസഭയെ അതിശയിക്കുന്ന മറ്റൊന്നില്ലെന്നു മെക്കാളെപ്രഭു അത്ഭുതപൂർവ്വം പ്രസ്താവിക്കുന്നു. പ്രൊട്ടസ്റ്റൻറുകാരനായ അദ്ദേഹത്തിനു് സഭ മനുഷ്യനിർമ്മിതമല്ലെന്നും അതുതന്നെയാണു് അതിന്റെ സുസ്ഥിരമായ നിലനില്പിനും പുരോഗതിക്കും നിദാനമെന്നും മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. എന്തായിരുന്നാലും ഈ ബാഹ്യപ്രേക്ഷകർക്കാർക്കുംതന്നെ സഭാസൗധത്തിനുള്ളിലെ സംവിധാനങ്ങൾ മനസ്സിലാക്കുവാനും, സഭാസാമ്രാജ്യത്തിലെ അവികലമായ ശാന്തിയും സമാധാനവും ആസ്വദിക്കുവാനും കഴിഞ്ഞിട്ടില്ലെന്നുള്ളതിനു സംശയമില്ല.

നാമെല്ലാം സഭാസാമ്രാജ്യത്തിലെ പൗരന്മാരാണു്. എന്നാൽ ആ പരമാർത്ഥത്തിൽ അഭിമാനംകൊള്ളുന്നവരും ജീവിതത്തിൽ അഭിമാനംകൊള്ളത്തക്ക ഏക വസ്തുത അതാണെന്നു മനസ്സിലാക്കിയിട്ടുള്ളവരും എത്രയോ വിരളമാണു്. അതിനു കാരണം നമുക്കവകാശപ്പെട്ടിരിക്കുന്ന ആ അനർഘനിക്ഷേപത്തെപ്പററി നാം സാവധാനമായി ചിന്തിച്ചിട്ടില്ലെന്നുള്ളതു മാത്രമാണു്. നാം നമ്മുടെ വിശ്വാസത്തെ വേണ്ടവിധം വിലമതിക്കാതിരിക്കുന്നതിന്റെ കാരണം, നമ്മുടെ ത്യാഗങ്ങളുടെ ഫലമായിട്ടല്ല നമുക്കതു ലഭിച്ചിട്ടുള്ളതെന്നുള്ളതാണെന്നു് വിശ്രുത ഐറിഷ് ദേശാഭിമാനിയായ ഡാനിയൽ ഒക്കോണൽ പ്രസ്താവിച്ചിട്ടുണ്ടു്. സാധാരണയായി ദീർഘമായ പഠനത്തിന്റെയും സത്യാന്വേഷണ പരിശ്രമങ്ങളുടേയും ഫലമായി സഭയെ ആശ്ലേഷിക്കുന്നവർ, ജന്മനാ കത്തോലിക്കരായവരെക്കാൾ കൂടുതൽ വിശ്വാസതീക്ഷ്ണതയും ചൈതന്യവും ഉള്ളവരായി കാണപ്പെടുന്നതു് അതുകൊണ്ടാണു്. ഒരു ധനികന്റെ പുത്രൻ പണത്തിന്റെ യഥാർത്ഥവിലയറിയാതെ അതു ധൂർത്തടിച്ചുവെന്നുവരാം. എന്നാൽ സ്വപ്രയത്നത്തിന്റെ ഫലമായി ധനം സമ്പാദിക്കുന്നവൻ, അതു കൈകാര്യംചെയ്യുന്നതിൽ വലിയ ജാഗരൂകതയാണു് പ്രദർശിപ്പിക്കുന്നതു്.

നാമെല്ലാം സഭാസാമ്രാജ്യത്തിലെ പൗരന്മാരാണു്. സാമ്രാജ്യം എന്നുള്ള പദംതന്നെ അസുഖജനകമായ പ്രതീതിയെ ഉല്പാദിപ്പിക്കുന്ന ഒരു കാലഘട്ടമാണിതു്. അസാമാന്യബലിഷ്ഠങ്ങളെന്നു് ഒരുകാലത്തു പരിഗണിക്കപ്പെട്ടുവന്ന സാമ്രാജ്യങ്ങൾപോലും സ്വയം തകർന്നു തരിപ്പണമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽപ്പോലും, കോട്ടത്തിന്റെയോ ബലഹീനതയുടെയോ ലാഞ്ഛനപോലുമില്ലാതെ സ്ഥിതിചെയ്യുന്നുവെന്നു മാത്രമല്ല, ഉത്തരോത്തരം പുരോഗമിച്ചുകൊണ്ടിരിക്കുകകൂടി ചെയ്യുന്ന ഏക സാമ്രാജ്യം കത്തോലിക്കാസഭ മാത്രമാണു്. സഭയുമായി താരതമ്യപ്പെടുത്തിനോക്കുമ്പോൾ ലോകത്തിലെ ഏററവും പ്രാക്തനങ്ങളായ സാമ്രാജ്യങ്ങൾപോലും "ഇന്നലെ പെയ്ത മഴയ്ക്കു കിളുത്ത തകര"കളാണു്. കാലത്തെയും പരിവർത്തനപരമ്പരകളെയും അതിലംഘിച്ചുകൊണ്ടുള്ള ഈ സുസ്ഥിതിക്കു കാരണം തത്സാമ്രാജ്യസ്ഥാപകൻതന്നെ പ്രഖ്യാപിച്ചിട്ടുണ്ടു്. "എന്റെ രാജ്യം ഐഹികമല്ല" എന്നാണു് അവിടുന്നു് അരുളിച്ചെയ്തിട്ടുള്ളതു്. ചക്രവർത്തികളുടെയും രാജാക്കന്മാരുടെയും സിംഹാസനങ്ങളും ചെങ്കോലുകളും അടിക്കടി തകർന്നു വീണുകൊണ്ടിരിക്കവേ ക്രിസ്തുരാജന്റെ സിംഹാസനംമാത്രം പൂർവ്വാധികം ഉജ്ജ്വലശോഭയോടുകൂടി വിരാജിക്കുന്നു. കാരണം, അവിടുത്തെ സിംഹാസനം ഉറപ്പിക്കപ്പെട്ടിരിക്കുന്നതു് മനുഷ്യന്റെ നിഗൂഢമായ ഹൃദയവേദിയിലാണു്. നെപ്പോളിയൻ സ്വഭടന്മാരുടെ ആരാധനാവിഗ്രഹമായിരുന്നത്രേ. സമരരംഗത്തിൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം മാത്രം മതിയായിരുന്നു അവരെ ആവേശംകൊള്ളിക്കുവാൻ. അദ്ദേഹം ചരമമടഞ്ഞിട്ടു് നൂററാണ്ടുകൾ അധികമായിട്ടില്ല. ഇന്നു് അദ്ദേഹത്തിനുവേണ്ടി സമരം ചെയ്യുവാനോ ആത്മബലിയർപ്പിക്കുവാനോ ഈ വിസ്തൃതമായ വിശ്വത്തിൽ എത്രപേരുണ്ടാകും? എന്നാൽ തന്റെ പിഞ്ചുകൈകളിലിരിക്കുന്ന മധുരപദാർത്ഥത്തെ ഒരാത്മപരിത്യാഗമായി ഉപേക്ഷിക്കുന്ന ഒരു പൈതലിന്റെ നിസ്സാരമെങ്കിലും നിസ്സാരമല്ലാത്ത ത്യാഗംമുതൽ, വീടും കൂടും മനുഷ്യപ്രകൃതിക്കു പ്രിയങ്കരമായ സകലതും പരിത്യജിച്ചു കടലും കരയും കടന്നു് വിദൂരസ്ഥിതങ്ങളായ സ്ഥലങ്ങളിലെത്തി സുവിശേഷദീപം കൊളു

ത്തുവാൻ നിസ്സ്വാർത്ഥസേവനമനുഷ്ഠിക്കുന്ന മിഷനറിമാരുടെ ത്യാഗംവരെ. ത്യാഗത്തിന്റെ വിവിധങ്ങളായ പടികളെ മനുഷ്യരെക്കൊണ്ടനുഷ്ഠിപ്പിക്കുവാൻ ഇരുപതു നൂററാണ്ടുകൾക്കപ്പുറത്തു ജീവിച്ചിരുന്ന സനാതനനായ ആ ഗലീലേയക്കാരനു് ഇന്നും സാധിക്കുന്നു. ലോകം അപജയിച്ചിടത്തു് ക്രിസ്തു വിജയംവരിച്ചിരിക്കുന്നു!

"ഞാനൊരു കത്തോലിക്കനാണു്" — ഈ വാക്കുകളുടെ അർത്ഥവും ഗാംഭീര്യവും നാമിനിയും വേണ്ടവിധം ഗ്രഹിച്ചിട്ടില്ല. സഭാസാമ്രാജ്യത്തിലെ പൗരന്മാരായിരിക്കുകയെന്നതു് എത്ര അസുലഭമായ ഒരു ഭാഗ്യവിശേഷമാണെന്നു നാമിനിയും ശരിയായി ധരിച്ചിട്ടില്ല. ഒരു കത്തോലിക്കൻ വിശുദ്ധന്മാരുടെ പരിപാവനമായ പാരമ്പര്യത്തിന്റെ അവകാശിയാണു്. ത്യാഗത്തിന്റെ താമരയും, സേവനത്തിന്റെ ചേമന്തിയും, വേദസാക്ഷിത്വത്തിന്റെ അരുണാഭമായ അശോകവും, വിശുദ്ധിയുടെ ലില്ലിയും വികസിച്ചുലസുന്ന മനോജ്ഞമായ തിരുസ്സഭാരാമത്തിൽ വിശ്രമിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നവനാണവൻ. സ്വർഗ്ഗത്തിൽ വിജയംവരിച്ചിരിക്കുന്ന വിശുദ്ധന്മാരും, ഭൂമിയിൽ സമരംചെയ്യുന്ന സഭാംഗങ്ങളും, വിശുദ്ധീകരണസ്ഥലത്തു് പീഡകളനുഭവിക്കുന്നവരും ഒരു കത്തോലിക്കനോടു് ബന്ധപ്പെട്ടിരിക്കുന്നു. "പുണ്യവാന്മാരുടെ ഐക്യം" എന്ന മനോജ്ഞമായ തത്വം അതാണു നമ്മെ അനുസ്മരിപ്പിക്കുന്നതു്. അതുപോലെതന്നെ വിസ്തൃതമായ ഈ വിശ്വത്തിന്റെ ഏതൊരു കോണിലെത്തിയാലും വിശ്വാസത്തിൽ നമ്മുടെ സഹോദരങ്ങളെ നമുക്കു കാണുവാൻകഴിയും. പരിഷ്കാരത്തിന്റെ പതാക പാറുന്ന പാരീസിലും, അന്ധകാരാവൃതമായ ആഫ്രിക്കയുടെ അന്തർഭാഗങ്ങളിലും, ഡോളർ വിളയുന്ന അമേരിക്കയിലും, ഉദയസൂര്യന്റെ നാടായ കൊറിയയിലും, കിഴക്കും പടിഞ്ഞാറുമെന്നു വേണ്ട, സൂര്യനുകീഴുള്ള എല്ലാ സ്ഥലങ്ങളിലും കത്തോലിക്കരെ കാണാം. ഒരു വെള്ളക്കാരനും നീഗ്രോയും വർണ്ണം, സംസ്കാരം, സാമ്പത്തികനില എന്നിവയിൽ ഉലേം വ്യത്യസ്തരായിരിക്കാം. എന്നാൽ സഭാസാമ്രാജ്യത്തിലെ പൗരന്മാരെന്ന നിലയിൽ അവർ തുല്യാവകാശികളത്രെ. ലോകത്തിലെ എല്ലാ ജനങ്ങൾക്കും ഒരേ സൂര്യൻ തന്നെയാണു വെളിച്ചം നൽകുന്നതു്. അതുപോലെ ലോകത്തിന്റെ എല്ലാ ഭാഗത്തും എല്ലാക്കാലങ്ങളിലും തലമുറയിലും ജീവിച്ചിട്ടുള്ള മനുഷ്യരുടെ ഹൃദയങ്ങളെ പ്രകാശമാനമാക്കുവാൻ ഒരൊററ സുവിശേഷദീപം മാത്രമേയുള്ളു. ക്രിസ്തുമതം ഒരു പാശ്ചാത്യമതമാണെന്നും, ആ വൈദേശികമതം ഭാരതത്തിനാവശ്യമില്ലെന്നും ചില ഭാരതീയർ പറഞ്ഞേക്കാം. ഡൽഹിയിലെ സെന്റു് തോമസ് ജൂബിലിയാഘോഷവേളയിൽ പണ്ഡിററു് നെഹ്റു പ്രസ്താവിച്ചതുപോലെ, സത്യം ഒരു രാജ്യത്തിന്റെയോ വർഗ്ഗത്തിന്റെയോ സ്വത്തല്ല. ലോകത്തിൽ ഇന്നേവരെ ഉണ്ടായിട്ടുള്ള ഉൽകൃഷ്ടങ്ങളായ കലാസമ്പത്തുകളും ശാസ്ത്രീയനേട്ടങ്ങളും അവ ഏതേതു രാജ്യത്തുത്ഭവിച്ചതായാലും ശരി, മനുഷ്യവർഗ്ഗത്തിന്റെ പൊതുസ്വത്തായിട്ടാണു പരിഗണിക്കപ്പെട്ടുപോരുന്നതു്. ഷേക്സ്പീയർ ഒരു ഇംഗ്ലീഷുകാരനാണെന്നു വച്ചു് അദ്ദേഹത്തിന്റെ ലോകോത്തരങ്ങളായ സാഹിത്യസൃഷ്ടികളെ നാം അവമതിക്കുന്നില്ല. പ്ലേറേറാ, അരിസ്റ്റോട്ടൽ തുടങ്ങിയവരുടെ ഉൽകൃഷ്ടചിന്തകളെ ഗ്രീക്കുകാർക്കു മാത്രമായി നാം വിട്ടുകൊടുക്കുന്നില്ല. എന്നാൽ പരമസത്യമായ ക്രിസ്തുവിന്റെ സന്ദേശംമാത്രം വൈദേശികമെന്ന പേരിൽ ഭാരതം നിഷേധിക്കുകയോ? അതെത്ര ഭീമമായ സങ്കുചിതത്വമാണു്!

ഇതു് ജനാധിപത്യത്തിന്റെ കാലമാണല്ലോ. ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ നടത്തപ്പെടുന്ന ജനങ്ങളുടെ ഭരണത്തിലാണു് ആധുനികമനുഷ്യന്റെ വിശ്വാസം. എന്നാൽ മനുഷ്യവംശത്തിനുവേണ്ടി ദൈവത്താൽ നയിക്കപ്പെടുന്ന ദൈവത്തിന്റെ ഭരണമായ സഭയിൽ നിലവിലിരിക്കുന്ന യഥാർത്ഥമായ ജനാധിപത്യം മററവിടെയാണു് കാണുവാൻ കഴിയുന്നതു്? ഒരു കത്തോലിക്കാദേവാലയത്തിലെ ആരാധനാകർമ്മങ്ങളിൽ പങ്കെടുക്കുമ്പോൾ യഥാർത്ഥമായ സമത്വവും സാഹോദര്യബോധവും എന്താണെന്നു നമുക്കു മനസ്സിലാവും. തൊഴിലാളിയും മുതലാളിയും അഭിജ്ഞനും അനഭിജ്ഞനും ബാലനും വൃദ്ധനും പുരുഷനും സ്ത്രീയും ഒരേ ബലിപീഠത്തിനു മുമ്പിൽ മുട്ടുകുത്തുന്നു. അവിടെ വർണ്ണഭേദമോ, വലിപ്പച്ചെറുപ്പമോ, ഉച്ചനീചത്വമോ കണികാണുവാനില്ല. പാപബന്ധരായ എല്ലാവരും ഒരേ മോചനവേദിയെത്തന്നെ സമീപിക്കുകയും "സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം" എല്ലാവരും ഒരുപോലെ ഭക്ഷിക്കുകയും ചെയ്യുന്നു. അതെ, അദൃശ്യവും എന്നാൽ അതിദൃഢവുമായ ഒരു സുവർണ്ണനൂൽ നമ്മെയെല്ലാം കൂട്ടിയിണക്കുന്നു. ഇനി സഭാധികാരികളുടെ ഗണത്തിലേക്കു നോക്കുന്നപക്ഷം ഏററവും വലിയ സമ്പന്നന്റെ പുത്രൻതുടങ്ങി ഏററം വിനീതനായ കൃഷിക്കാരന്റെ മകൻവരെയുള്ളവരെ നമുക്കവിടെ കാണുവാൻകഴിയും. ദൈവത്തിന്റെ പിതൃത്വത്തിൽ സകല മനുഷ്യരും ഭ്രാതാക്കൾ എന്ന അതിവിശാലമായ വീക്ഷണമാണു് സഭ എക്കാലത്തും വച്ചുപുലർത്തിയിട്ടുള്ളതു്. ആ സ്വപ്നസമത്വംതന്നെയാണല്ലോ എല്ലാ ജനാധിപത്യസിദ്ധാന്തങ്ങളുടെയും അടിസ്ഥാനവും.

"ഞാനൊരു കത്തോലിക്കനാണു്"— ആ വാക്കുകളുടെ അർത്ഥവും ഗാംഭീര്യവും നാം വേണ്ടവിധം ഗ്രഹിച്ചിരുന്നെങ്കിൽ!

# ക്രിസ്തുമസ് ലോകമെങ്ങും

(കെ. എം. മാത്യു)

"അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി; ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം." രണ്ടായിരം സംവത്സരങ്ങൾക്കുമുമ്പ് ക്രിസ്തുനാഥന്റെജനനത്തെ ലോകരെ അറിയിച്ചുകൊണ്ടു് വാനദൂതന്മാർ ആലപിച്ച മധുരഗാനമാണിതു്. ഇന്നു് ഭൂഖണ്ഡത്തിലുള്ള എല്ലാ രാജ്യങ്ങളിലും എല്ലാ കത്തോലിക്കാദൈവാലയങ്ങളിലും ക്രിസ്തുമസ് ദിനത്തിൽ വൈദികന്മാർ ഈ ഗാനം ആലപിക്കുന്നുണ്ടു്. ദിവ്യബലിയിൽ ഭക്തിപുരസ്സരം പങ്കെടുത്തുകൊണ്ടു ലോകമാകെയുള്ള കത്തോലിക്കർ ക്രിസ്തുവിന്റെ മറെറാരു ജന്മദിനം കൊണ്ടാടുകയാണിന്നു്. എന്നാൽ ക്രിസ്തുമസിന്റെ യഥാർത്ഥമായ ചൈതന്യത്തിനു വ്യത്യാസം വരുത്താതെ വിവിധരാജ്യക്കാർ വിവിധതരത്തിൽ ക്രിസ്തുവിന്റെ ജന്മർക്ഷം കൊണ്ടാടുന്നു.

ക്രിസ്തുമസ്കാർഡുകൾ അയച്ചു് മംഗളം നേരുക, സമ്മാനങ്ങൾ കൈമാറുക, ക്രിസ്തുമസ്ട്രീകൾ അലങ്കരിക്കുക മുതലായവ പല നാടുകളിലും നിലനില്ക്കുന്ന സാധാരണനടപടികളാണു്. ഇവയിൽനിന്നെല്ലാം വ്യത്യസ്തമായ ചില ക്രിസ്തുമസ് ആഘോഷങ്ങളെപ്പററിയാണു് താഴെ പ്രസ്താവിക്കുന്നതു്.

ബേത്‌ലഹമിലെ കത്തോലിക്കരും പ്രോട്ടസ്റ്റന്റുകാരും പതിവുപോലെ ഡിസംബർ ഇരുപത്തഞ്ചാംതീയതിയാണു് ക്രിസ്തുവിന്റെ ജന്മദിനം കൊണ്ടാടുന്നതു്. ഓർത്തഡോക്സ് ഗ്രീക്കുകാരും മററു സംഘടിതസഭക്കാരും ജാനുവരി ആറാംതീയതി ക്രിസ്തുമസ് ഘോഷിക്കുന്നു. അർമ്മേനിയൻ സഭക്കാർ ജാനുവരി പതിനെട്ടാംതീയതിയാണു് ഈദിനം ആചരിക്കുന്നതു്.

ഡിസംബർ 24-ാംതീയതി വൈകുന്നേരം ജറുസലേമിലെ പാത്രിയർക്കീസ് ബേത്‌ലഹമിൽ എത്തുന്നു. ദിവ്യശിശുവിന്റെ അതിപുരാതനമായ ഒരു പ്രതിമയും അദ്ദേഹം കൊണ്ടുവന്നിരിക്കും. ജനക്കൂട്ടം അദ്ദേഹത്തെ ആഘോഷമായി സ്വീകരിക്കുന്നു. പിന്നീടു് പ്രദക്ഷിണമായി, ദിവ്യനാഥൻ ഒരു ശിശുവായി ഭൂലോകത്തിലേക്കു വന്ന ആ ഗുഹയുടെ സ്ഥാനത്തു സ്ഥിതിചെയ്യുന്ന പള്ളി (Church of Nativity) യിലേക്കു് പാത്രിയർക്കീസ് തിരുമേനിയെ ആനയിക്കുന്നു. അനേകം മെത്രാന്മാരും വൈദികരും ഗവമ്മെൻറുദ്യോഗസ്ഥന്മാരും വിദേശരാജ്യപ്രതിനിധികളും ഒരു വലിയ ജനക്കൂട്ടവും ഈ ചടങ്ങുകളിൽ പങ്കുകൊള്ളാറുണ്ടു്. ഘോഷയാത്രയെ നയിക്കുന്നതിനു് അശ്വാരൂഢരായ ഭടന്മാർ ജാഗരൂകരായിരിക്കും. പ്രദക്ഷിണത്തിൽ കൊടിയും കുരിശും വഹിക്കുന്നതു് അശ്വഭടന്മാർതന്നെയാണു്. സാവധാനം പ്രദക്ഷിണം ദൈവാലയത്തിൽ പ്രവേശിക്കുന്നു. ദിവ്യശിശുവിന്റെ പ്രതിമ സ്ഥാപിക്കേണ്ട പള്ളിയുടെ ഭാഗം ഗ്രീക്കു് ഓർത്തഡോക്സ് സഭക്കാരുടെ അധീനതയിലാണു്. ഈ ഭാഗത്തേക്കു് പൊതുജനങ്ങൾക്കു് പ്രവേശനം അനുവദിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ചടങ്ങുകളിൽ സംബന്ധിക്കുന്ന സാധാരണക്കാർക്കു് ദൈവാലയത്തിൽ നടക്കുന്ന കർമ്മങ്ങളിൽ സംബന്ധിക്കുവാൻ സാധിക്കുകയില്ല.

ക്രിസ്തുമസിന്റെ സായംകാലത്തിൽ വിവിധമതസ്ഥരും വിവിധരാജ്യക്കാരുമായ നിരവധിജനങ്ങൾ ക്രിസ്തുനാഥന്റെ ജന്മസ്ഥലത്തെത്തി ഗീതങ്ങൾ ആലപിക്കുന്നു. അർദ്ധരാത്രിയിൽ ആഘോഷമായ ദിവ്യബലിയും അർപ്പിക്കപ്പെടുന്നു.

ജർമ്മനിയിൽ, "ക്രിസ്തുമസ് ക്രിബ്"ന്റെ മുമ്പിൽ ഒരു വലിയ മെഴുകുതിരി കത്തിക്കുന്നു. ലോകത്തിന്റെ ദീപമായ ദിവ്യശിശു നമ്മുടെ മദ്ധ്യേ ഉണ്ടു് എന്നു സൂചിപ്പിക്കുന്നതിനാണു് ഇങ്ങനെ ചെയ്യുന്നതു്. പിന്നീടു്, കുടുംബാംഗങ്ങൾ ഓരോരുത്തർക്കുംവേണ്ടി ഓരോ ചെറിയ തിരികൾ കത്തിക്കപ്പെടുന്നു. ഈ ചെറിയ തിരികൾ കത്തിച്ചെടുക്കുന്നതു് ആ വലിയ തിരിയിൽനിന്നാണു്. ലോകത്തിന്റെ ദീപമായ ക്രിസ്തുവിൽ നിന്നുമാത്രമേ മനുഷ്യർക്കു പ്രകാശം ലഭിക്കുകയുള്ളുവെന്നാണു് ഇതു് സൂചിപ്പിക്കുന്നതു്.

ജർമ്മനിയിലും ആസ്ത്രിയായിലുമുള്ള കുട്ടികൾ, ക്രിസ്തുമസ്ദിനത്തിൽ അപ്പം, മുട്ട, ഉപ്പു്, കുന്തുരുക്കം മുതലായവ പള്ളിയിൽ കൊണ്ടുപോയി വൈദികനെക്കൊണ്ടു് ആശീർവ്വദിപ്പിക്കുന്നു. പിന്നീടു്, അപ്പവും മുട്ടകളും സാധുക്കളുടെ ഇടയിൽ വിതരണംചെയ്യപ്പെടുന്നു. കുടുംബാംഗങ്ങൾ ലോകത്തിന്റെ ഉപ്പാണെന്നും അതിന്റെ പുളിരസം കളയാതെ സൂക്ഷിക്കേണ്ടതു് ഓരോരുത്തരുടെയും കടമയാണെന്നും സൂചിപ്പിക്കുന്നതിനായി ഉപ്പു് അവർ സൂക്ഷിച്ചുവയ്ക്കുന്നു. കുന്തുരുക്കംകൊണ്ടു് വീടും പരിസരങ്ങളും ധൂപിക്കുന്നു. ഇതു്, കുടുംബാംഗങ്ങൾ തമ്മിൽ ഉണ്ടായിരിക്കേണ്ട സ്നേഹത്തിന്റെ മധുരിമയെ ഓർമ്മിപ്പിക്കുന്നതിനത്രെ.

"ദിവ്യശിശുവിനു് വഴികാട്ടുവാനായി" ഒരു മെഴുകുതിരി വീടിന്റെ പടിക്കൽ ക്രിസ്തുമസ് രാത്രിയിൽ കത്തിച്ചുവയ്ക്കുക ഐർലണ്ടിലെ ഒരു പതിവാണു്.

ക്രിസ്തുമസ് രാത്രിയിൽ, ചിരട്ടയിൽ മെഴുകുതിരി കത്തിച്ചു വെള്ളം നിറച്ചിട്ടുള്ള വലിയ പാത്രങ്ങളിൽ പൊന്തിച്ചുനിർത്തുന്ന ഒരു നടപ്പു് ചെക്കോസ്ലോവാക്യയിലുണ്ടു്.

അർമ്മേനിയായിൽ ആയിരക്കണക്കിനു മെഴുകുതിരികൾ ക്രിസ്തുമസ് അലങ്കാരങ്ങൾക്കായി വിനിയോഗിക്കുന്നു.

ലാബ്രഡോറിലെ കുട്ടികൾ, ഒരു turnip-ൽ (ഒരുതരം കിഴങ്ങു്) ഉറപ്പിച്ചിരിക്കുന്ന കത്തിച്ച തിരികൾ പള്ളിയിൽനിന്നും സ്വീകരിക്കുന്നു. തിരുകർമ്മങ്ങൾക്കുശേഷം കിഴങ്ങു് കുട്ടികൾ ഭക്ഷിക്കുകയും ചെയ്യുന്നു.

നോർവേയിലെ കത്തോലിക്കർ കത്തിച്ച പന്തങ്ങളുമായിട്ടാണു് ക്രിസ്തുമസ്രാത്രിയിൽ ദൈവാലയത്തിലേക്കു പോകുന്നതു്.

"Meatless Feast" എന്ന സദ്യ ഒരുക്കുന്നതിനു്, ക്രിസ്തുമസിന്റെ തലേനാളിൽ, പോളണ്ടിലെ ഗൃഹനായികന്മാർ ജാഗരൂകരാകുന്നു. ഈ വിരുന്നിനു് 5മുതൽ 11വരെ വിഭവങ്ങൾ (Dishes) ഉണ്ടായിരിക്കും. ആകാശത്തിൽ പ്രഥമനക്ഷത്രം പ്രത്യക്ഷപ്പെട്ടാൽ ഉടനെ എല്ലാവരും ഭക്ഷണത്തിനിരിക്കുകയായി. കുടുംബനായകന്റെ പ്രാർത്ഥനയോടുകൂടി വിരുന്നാരംഭിക്കുന്നു. കുടുംബത്തിന്റെ ഐക്യവും സ്നേഹവും ഈ നടപടിയിൽ ഉടനീളം ഓളംവെട്ടുന്നു.

ഡിസംബർ 16 മുതൽ ജാനുവരി 6 വരെയുള്ള 21 ദിവസത്തേക്കു് നീണ്ടുനില്ക്കുന്നു മെക്സിക്കോയിലെ ക്രിസ്തുമസ്സു് ആഘോഷങ്ങൾ. ഒരു വലിയ മൺപാത്രത്തിൽ മധുരപലഹാരങ്ങളും മററു പല സമ്മാനങ്ങളും നിറച്ചതിനുശേഷം പുറം നന്നായി അലങ്കരിച്ചു് ഒരു മുറിയിൽ കുറെ ഉയരത്തിൽ കെട്ടിത്തൂക്കുന്നു. അനന്തരം അവിടെ സമ്മേളിച്ചിരിക്കുന്ന അതിഥികളുടെ കണ്ണുകൾ മൂടിക്കെട്ടുന്നു; അവർക്കു് ഓരോരുത്തർക്കും ഓരോ വടിയും കൊടുക്കുന്നു. ആരെങ്കിലും ആ കലം തല്ലിപ്പൊട്ടിച്ചുകഴിഞ്ഞാൽ അതിൽനിന്നും വീഴുന്ന സാധനങ്ങൾ പെറുക്കിയെടുക്കാനുള്ള ബഹളമായി. ഈ കലത്തിനു് "Gift Jar" എന്നാണു് പറയുന്നതു്. ജാനുവരി ആറാംതീയതി, ലററിൻ അമേരിക്കയിലും ഇത്തരം ആഘോഷങ്ങൾ തന്നെ നടക്കുന്നു.

ഓക്സ്ഫോർഡിലെ ക്വീൻസു് കോളേജിൽ രസകരമായ ഒരു നടപ്പുണ്ടു്. തേററയുള്ള ഒരു പന്നിയുടെ തല പാകംചെയ്തു് ഒരു വെള്ളിത്തട്ടത്തിൽവച്ചു് ബാൻറുമേളത്തോടും കത്തിച്ച തിരികളുടെ അകമ്പടിയോടുംകൂടി ഭക്ഷണത്തിനായി ഒരുക്കിയിരിക്കുന്ന മേശപ്പുറത്തു വയ്ക്കുന്നു. പന്നിയുടെ വായിൽ ഒരു നാരങ്ങയും പിടിപ്പിച്ചിരിക്കും. ഈ "ഡിഷ്" മേശപ്പുറത്തു വയ്ക്കുമ്പോൾ അവിടെ കൂടിയിരിക്കുന്ന അതിഥികൾ പാടുന്നു:

"Then set down the swineyard,
The foe to the vineyard,
Let Bacchus crown his fall.
Let this boar's head and mustard
Stand for pigs, goose and custard,
And so ye are welcome all."

സ്ലോവാക്യായിൽ. ക്രിസ്തുമസിനുമുമ്പായി പള്ളിയിലെ പാട്ടുകാരൻ (Organist) "Oblatka" എന്നറിയപ്പെടുന്ന അപ്പം തയ്യാറാക്കി, ഇടവകയിലെ എല്ലാ വീടുകളിലും ആളൊന്നുക്കു് ഒന്നുവീതം വിതരണംചെയ്യുന്നു. ക്രിസ്തുമസിന്റെ തലേ സന്ധ്യക്കു് "Generous Eve" എന്നാണു് സ്ലോവാക്കുകൾ പറയുന്നതു്. തലേദിവസം അവർ ഉപവസിക്കുകയും, വൈകുന്നേരം "Generous Supper" കഴിക്കുകയും ചെയ്യുന്നതാണു് അവിടത്തെ പതിവു്. ഈ വിരുന്നിൽ, നേരത്തെ വിതരണം ചെയ്യപ്പെട്ട അപ്പമാണു് ആദ്യമായി ഭക്ഷിക്കുന്നതു്. "ആകാശത്തിൽനിന്നു് ഇറങ്ങിവന്ന അപ്പ"ത്തെയാണു് ഇതു് സൂചിപ്പിക്കുന്നതു്.

ദക്ഷിണചൈന. പാതിരാത്രിയിൽ നടക്കുന്ന ദിവ്യബലിയിൽ ജനങ്ങൾ ഉത്സാഹത്തോടെ പങ്കുകൊള്ളുന്നു. 20 മൈൽ ദൂരെനിന്നുപോലും കുട്ടികളെയും കൊണ്ടു് ക്രിസ്തുമസ്സുകൂടാൻ മാതാപിതാക്കന്മാർ വന്നെത്തുന്നു. കുർബാനയ്ക്കുശേഷം കുട്ടികൾ പള്ളിമുററത്തു് ഒരു "വെടിക്കെട്ടു" കത്തിക്കാതെ മടങ്ങിപ്പോവുകയില്ല.

തെക്കേ അമേരിക്ക. ഇവിടെ ക്രിസ്തുമസോടുകൂടി മദ്ധ്യവേനൽ ഒഴിവുകാലമാകുന്നു. രാത്രി കുർബാനയും ആഘോഷങ്ങളും പതിവുപോലെ ഡിസംബർ 26-ാം തീയതിതന്നെ പസഫിക്കു് സമുദ്രതീരത്തിൽ കൂടാരങ്ങൾ തീർത്തു് സമ്മർക്യാമ്പുകളും, മററു വിനോദപ്രകടനങ്ങളും ആരംഭിക്കുകയായി.

ജപ്പാൻ. നല്ലനല്ല പാട്ടുകൾ പാടുന്നതിലും ആടുന്നതിലും കുട്ടികൾ ആഹ്ലാദം പ്രകടിപ്പിക്കുന്നു. മനോഹരമായ "ക്രിബ്ബ്"കൾ ഉണ്ടാക്കുന്നതിലും അവർ ജാഗരൂകരാകുന്നു.

സോവ്യററു് റഷ്യ. ഒരു ജനതയിൽ രൂഢമൂലമായിരിക്കുന്ന ഒരു നടപ്പു് ഇല്ലാതാക്കുവാൻ യാതൊരു ശക്തിക്കും സാധിക്കുകയില്ല. ഇതു് സോവ്യററു് അധിപന്മാർക്കു നന്നായറിയാം. ക്രിസ്തീയമായ അർത്ഥത്തിൽ ഇന്നു റഷ്യയിൽ ക്രിസ്തുമസ്സു് ആചരിക്കപ്പെടുന്നില്ല. "Grandfather Frost" എന്നഭിധാനത്തിൽ അറിയപ്പെടുന്ന നവവത്സരാഘോഷങ്ങളാണു് അവിടെ ക്രിസ്തുമസിനു പകരം നടക്കുന്നതു്. എന്നാൽ അനേകം റഷ്യാക്കാർ, കുട്ടികൾപോലും, തങ്ങളുടെ ഹൃദയങ്ങളിൽ പരിശുദ്ധമായ ക്രിസ്തുമസ്സു് ആഘോഷിക്കുന്നുണ്ടെന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണു്.

ഐസ്‌ലൻഡു് (Iceland). ക്രിസ്തുമസ്സു്, കുട്ടികളുടെ ദിനമാ

# അഭയാർത്ഥികൾ

(ജയിംസ് കെ. സി. മണിമല)

I

അന്നും രാത്രിയുടെ കറുത്ത യവനിക വിരിഞ്ഞുവീണു. അട്ടത്തരംഗത്തേക്കുള്ള തേച്ചുമിനുക്കുകൾ അണിയറയിൽ തകൃതിയായി നടന്നുകൊണ്ടിരുന്നു. പുതുമയെ പുണരുവാൻ ലോകം വെമ്പൽകൊള്ളുകയാണ്.

എന്ത്? ക്ഷണപ്രഭാചഞ്ചലമല്ലാത്ത ഒരു തടിത് കിരണം വ്യോമവീഥിയിൽ നിന്നടർന്നുവീണോ? അല്ലെങ്കിൽ ജ്യൂപിറ്ററിന്റെ മാറിടം പിളർന്നുകൊണ്ടു



ബേത് ലഹേം വീഥിയിലൂടെ നീങ്ങുന്ന ഈ പ്രഭാനികുഞ്ജമേത്?

ശരി! ശരി! അമലാംബികയുടെ എഴുന്നള്ളത്താണല്ലോ; സൂതികാലയത്തിലേക്ക്. തിരുമനസ്സിലെ പള്ളിത്തേരെന്തന്നോ? കഴുതയാണ്, വെറുമൊരു കഴുത!

പക്ഷെ ആ ജന്തു എത്ര ഭാഗ്യവാനല്ല? സർവ്വേശ്വരമാഹാത്മ്യത്തെ ചുമന്നുകൊണ്ടുപോകുന്ന ഒരു ഭീമവൈരുപ്യം. ബുദ്ധിയുടെയും നന്മയുടെയും നികേതനത്തെ സംവഹിക്കുകയാണ് ആ ബുദ്ധികെട്ട ജീവി!!

മഹാറാണിയുടെ പ്രാണനാഥനെവിടെയെന്നോ? കൂടെത്തന്നെയുണ്ട്. അദ്ദേഹമാണു കഴി

ണല്ലോ. എന്നാൽ ഐസ്ലൻഡിൽ അതു് പ്രായമായവരുടെ ദിനമാണ് (Old folk's time) ക്രിസ്മസിന്റെ ഒരുക്കങ്ങൾ എല്ലാം കുട്ടികളാണു ചെയ്യുന്നതു്. പലതരം പലഹാരങ്ങൾ ഉണ്ടാക്കുന്നതും അലങ്കാരങ്ങൾ നടത്തുന്നതും കുട്ടികൾതന്നെ. തങ്ങളുടെ മാതാപിതാക്കന്മാർക്കു് ഇഷ്ടമുള്ള ഭക്ഷണപാനീയങ്ങൾ ഉണ്ടാക്കുന്നതിലാണ് കുട്ടികൾ ശ്രദ്ധ പതിക്കുന്നതു്. മാതാപിതാക്കളുടെ കുട്ടിക്കാലത്തു് അവർ ധരിക്കാറുള്ളതരം വസ്ത്രങ്ങളാണ് അന്നു് കുട്ടികൾ ധരിക്കുന്നതു്. ക്രിസ്മസിന്റെ തലേദിവസം ഓരോരുത്തരുടേയും കഴിവനുസരിച്ചു് വിരുന്നുനടത്തുന്നു. പിന്നീടു് സംഗീതവും ഡാൻസും. എൺപതും തൊണ്ണൂറും വയസ്സു പ്രായമായവരെ പ്രത്യേകം ബഹുമാനിക്കുകയും, വിലയേറിയ സമ്മാനങ്ങളാൽ അവരെ സന്തോഷിപ്പിക്കുകയും ചെയ്യുന്നു. മക്കൾക്കു് തങ്ങളുടെ മാതാപിതാക്കന്മാരോടുള്ള സ്നേഹം പ്രത്യക്ഷമാകുന്ന ഒരു പുണ്യദിനമാണ് ക്രിസ്മസ്.

ദിവ്യശിശുവിനോടുള്ള സ്നേഹത്താലും ഭക്തിയാലും പ്രേരിതരായി വിവിധരാജ്യക്കാർ രസകരങ്ങളായ വൈവിധ്യങ്ങളോടുകൂടി ക്രിസ്മസ് കൊണ്ടാടുന്നു. എന്നാൽ അമേരിക്കമുതൽ ആഫ്രിക്കവരേയും ചിലി മുതൽ ചൈനവരേയുമുള്ള കത്തോലിക്കാ ദൈവാലയങ്ങളിൽ വൈദികർ പാതിരാവിൽ ദിവ്യബലി അർപ്പിക്കുകയും വിശ്വാസികൾ എല്ലാവരും ഭക്തിതീക്ഷ്ണതയോടെ അവയിൽ പങ്കുകൊള്ളുകയും ചെയ്യുന്നു. ആ ക്രിസ്മസ് രാത്രിയിൽ എല്ലാവരുടേയും കർണ്ണപുടങ്ങളിൽ അലയടിക്കുന്നതും ഹൃദയത്തിൽ സമാധാനവും സന്തോഷവും പകരുന്നതുമായ ഒരു വാക്യമാണ്, "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി, ഭൂമിയിൽ നന്മനസ്സുള്ളവർക്കു സമാധാനം" എന്നുള്ള വാനദൂതന്മാരുടെ ദിവ്യഗീതം.

തയെപ്പിടിച്ചു നടത്തുന്ന അരൂപരൂപതികഞ്ഞ വെള്ളിത്താടിക്കാരൻ!

* * *

നടപ്പാതീരം. നിദ്രയുടെ മടിത്തട്ടിൽ "ഭാഗ്യവാന്മാർ" സൈ്വരമായി ശയിച്ചുരുളുകയാണ്. തങ്കക്കിനാവുകൾ അവരെ പുളകംകൊള്ളിക്കുന്നു.

"കാരുണ്യവാന്മാരേ!" ആരോ വാതിലിൽ മുട്ടിവിളിക്കുന്നു.

"ആരു്? എന്തുവേണം?" അസ്വസ്ഥതയുടെ പാരുഷ്യംനിറഞ്ഞ സ്വരം.

"രണ്ടു് അഭയാർത്ഥികൾ! ഈ രാത്രി കഴിച്ചുകൂട്ടാൻ സ്ഥലമനുവദിക്കണം."

"മാറാശല്യം! ഇവിടെ സ്ഥലമില്ല. അപ്പുറത്തുപോകണം."

* * *

അങ്ങേപ്പുറത്തു് ഒരു മധുവിധുമണിയറയാണ്. ജീവിതത്തിന്റെ വസന്തത്തിൽ കാൽകുത്തിയിരിക്കുന്ന വധൂവരന്മാർ അനുഭവകരന്ദം ആനന്ദിക്കുന്നു.

"സ്നേഹിതരേ!" വതില്ക്കൽ മുട്ടുകയാണ് ആ പാവങ്ങൾ.

ഉത്തരമില്ല. അടക്കിയ ചിരിയും നർമ്മസല്ലാപങ്ങളും!

"വാതിൽ തുറക്കണേ! ഞങ്ങൾ അഭയാർത്ഥികളാണ്."

"ആരു്? ഇവിടെ സ്ഥലമില്ല. സ്വർഗ്ഗത്തിൽ കട്ടുറുമ്പുകൾ! അപ്പുറത്തുപോ."

* * *

അതിനപ്പുറം മദ്യാലയമാണ്. മദകേലഹരിയിൽ മധുസേവകന്മാർ തുള്ളിക്കളിക്കുന്നു. പകലന്തിയിലും പാതിരാവിലും ഒരുപോലെ അവർക്കു് ആനന്ദത്തിന്റെ വിളയാട്ടം.

ആ വാതിലിലും അവരുടെ അഭയശബ്ദമുയർന്നു. അട്ടഹാസങ്ങളാണ് അകത്തുനിന്നിരമ്പിപ്പാഞ്ഞതു്! ആ കുടുംബം പിന്നെയും നടന്നു.

* * *

മൃഗീയതനിറഞ്ഞ മനുഷ്യരുടെയിടയിൽ നിന്നു് അവർ അപ്പുറത്തേക്കു കടന്നു; മൃഗങ്ങളുടെയിടയിൽ മനുഷ്യത്വമുണ്ടോ എന്നന്വേഷിക്കുവാൻ.

കാലിത്തൊഴുത്തിന്റെ തുറന്ന കവാടം അവർക്കു സ്വാഗതമരുളി. "വെട്ടുന്ന" പോത്തും "കുത്തുന്ന" കാളയും സ്വൈരപാലാരം ആ രാജകീയ ദമ്പതികൾക്കഭയമരുളി. സുദീർഘമായ യാത്രാക്ലേശം അവർ മിണ്ടാപ്രാണികളുടെ മുമ്പിൽ ഇറക്കിവച്ചു.

II

വിൺവീഥിയിൽ അത്യൊരു തിരക്കുള്ള ദിവസമാണ്. ചക്രവാളങ്ങളിൽനിന്നു നക്ഷത്രങ്ങൾ ഘോഷയാത്ര തുടങ്ങിയിട്ട് നേരം കുറെയായി, ബേത്ലഹേം നഗരോപരിഭാഗത്തേക്ക്. അമ്പിളിക്കലയും അവിടെവന്നു് അങ്ങനെ ചലനമററുനില്ക്കുകയാണ്. നീലപ്പട്ടുമേലാപ്പിൽ മേഘങ്ങൾ വെള്ളത്തോരണങ്ങൾ വലിച്ചുകെട്ടുവാൻ ജാഗ്രതാപൂർവ്വം പണിയെടുക്കുകയാണ്.

പ്രാചിയുടെ മേഖലയിൽ പുലരി ഇനിയും വന്നെത്തിയിട്ടില്ല. അവൾ ആ തിരശ്ശീലയ്ക്കപ്പുറത്തു് ഏതോ മഹാമഹം കാണുവാൻ അണിഞ്ഞൊരുങ്ങുകയാണ്.

രാക്കുയിലുകളുടെ സ്വരം ഇനിയും പതറിയിട്ടില്ല. അവർ ഉറക്കമിളച്ചിരുന്നു പാടുകയാണ്. നല്ല ഒരു "നാളെ"യുടെ സന്ദേശമാകാം അങ്ങനെ പ്രതിധ്വനിക്കുന്നതു്.

* * *

സമയമായി. വത്സ്ലേൻമത്തയിൽ രാജശിശു തിരുവവതാരംചെയ്തു! കാളയും കഴുതയും കണ്ണുചിമ്മാതെ ആ തേജഃകിരണത്തെ നോക്കിനിന്നു. പിതാക്കളുടെ നയനങ്ങൾ സാഫല്യമടഞ്ഞു.

വിണ്ടലത്തിൽനിന്നു് ഒരു ഗാനതല്ലജം ഒഴുകിവന്നു—"മഹോന്നതങ്ങളിൽ ജഗത്പിതാവിനു സ്തുതി. ഭൂതലത്തിൽ സുമനസ്സുകൾക്കു സമാധാനവും."

ആയിരമായിരം ദൈവദൂതന്മാർ അതേററുപാടി. സാഗരങ്ങൾ പെരുമ്പറകൊട്ടി. സരിത്തുകളിൽ പൊന്മണിയൊച്ചമുഴങ്ങി.

താരും താരകവും ഹൃദയപൂർവ്വം പുഞ്ചിരിച്ചു. തളിരും തണലും ഒരുപോലെ നൃത്തംവച്ചു. കുളിർകാററിനു മതിവന്നില്ല, ആ കാലിത്തൊഴുത്തിനു പ്രദക്ഷിണം ചെയ്തിട്ട്. കോച്ചിവിറയ്ക്കുന്ന പിഞ്ചുകുഞ്ഞിന്റെ പൂമേനിയെ പിന്നെയും പിന്നെയും അതു തലോടുകയാണ്.

III

ചരിത്രം ആവർത്തിക്കുന്നു. നൂററാണ്ടുകൾക്കപ്പുറത്തുനിന്നു് മധുരോദാരമായ ക്രിസ്മസ്ദിനം വീണ്ടും വരുന്നു. സർവ്വചരാചരസംരക്ഷകൻ ഇന്നും അഭയാർത്ഥി

For favours received



By
Mr. & Mrs. P. C. Joseph
Delhi Cantt.

യാണ്. നരഹൃദയങ്ങളുടെ കവാടത്തിൽ അവിടുന്നു് എത്രയോതവണ മുട്ടിവിളിക്കുന്നില്ല? വാതിൽ തുറന്നുകൊടുക്കുന്നവരെത്രയുണ്ട്? അലസമായ ഉദാസീനത! ധിക്കാരമായ പ്രത്യുത്തരം! നിലയററ നന്ദിഹീനത!

അന്നു് അഭയാർത്ഥിയായ ജഗദീശ്വരനു പ്രേമഭരിതരായ മാതാപിതാക്കന്മാരുണ്ടായിരുന്നു. ഇന്നോ അവിടുന്നു നിരാലംബനാണ്. നിഷ്കാസിതനാണ്. വൈചിത്ര്യമെന്നല്ലാതെ എന്തു പറയട്ടെ!

* * *

കാലത്തിന്റെ വെള്ളിയട ഉയർന്നു. നാം ഒരു ക്രിസ്മസ്കൂടെ ആഘോഷിക്കുകയാണ്. എങ്ങും ആനന്ദത്തിന്റെ തിരതല്ലൽ. പട്ടുടുപ്പുകളും പൊന്നാഭരണങ്ങളും പുത്തൻപുതനായി സമ്പാദിക്കുവാൻ എല്ലാവരും വ്യഗ്രതകൊള്ളുന്നു. തടിച്ച കാളകളെയും ആടുകളെയും കൊന്നു് നാം വിരുന്നൊരുക്കുന്നു. വിഭവസമൃദ്ധമായ തിന്മേശയ്ക്കരികിൽ എല്ലാവരും അണയുന്നു. പൊട്ടിച്ചിരികളും പുളകാങ്കുരങ്ങളും!! അനുസ്മരണങ്ങളും ആഘോഷങ്ങളും!!!

പക്ഷെ ആ അഭയാർത്ഥികളുടെ കാര്യം ഇനിയും നാം വിസ്മരിച്ചുകളയുന്നു. ചക്രവാളം മുതൽ ചക്രവാളംവരെ അവർ അഭയമന്വേഷിക്കുകയാവാം. ഒരു "കാലിത്തൊഴുത്ത"ങ്കിലും അവർക്കുവേണ്ടി ഒഴിഞ്ഞുകൊടുക്കുവാൻ കൃത്യബഹുലമായ ആധുനികലോകത്തിനു സ്ഥലമില്ല; സമയമില്ല!!

CHAKOLAS Silk House
ERNAKULAM
Our New Telephone Number
333

ചെറുകഥ

# "ഞങ്ങള് കുടുംബക്കാരാ"

(ജെ. പി. തഴലാർ)

പറയത്തക്ക വഴക്കുകളൊന്നുമുണ്ടായിട്ടല്ല ചാക്കോച്ചേട്ടൻ മക്കൾക്കു് വസ്തുക്കൾ ഭാഗിച്ചുകൊടുത്തതു്. ശേഷിച്ചിട്ടുള്ളതെങ്കിലും "നാനാതിന"യാക്കി കളയുന്നതിനുമുമ്പ് അതങ്ങു നടത്തിയെന്നുമാത്രം. തന്റെ കടമ കഴിച്ചു എന്നുള്ള കൃതാർത്ഥതയോടുകൂടി മരിക്കാമല്ലോ. അതുമല്ല, തന്റെ കാലം കഴിഞ്ഞാൽ മക്കൾ അതിനുവേണ്ടി കശപിശക്കൂടുകയും വേണ്ടല്ലോ!

ചാക്കോച്ചേട്ടന്റെ ഇളയമകനാണ് വക്കി. വക്കിക്കാണ് വീടും പുരയിടവും കിട്ടിയതു്; കുറച്ചു നിലവുമുണ്ടു്. ആറേഴുമാസത്തെ ചെലവിനുള്ള നെല്ലുകിട്ടും അതിൽനിന്നും. വെള്ളക്കേടും വെയിൽക്കേടും ഇല്ലാത്ത ഭൂമിയാണ്. നിലത്തിനു് അല്പം ചുമതലയുള്ളതൊഴിച്ചാൽ വക്കിക്കു് പറയത്തക്ക കടങ്ങളൊന്നുമില്ല. അതയാൾ വരുത്തിക്കൂട്ടിയ കടമൊന്നുമല്ല. എങ്കിലും വീട്ടേണ്ടതയാളാണ്. വീടും പുരയിടവും എടുക്കുന്ന ആൾ അപ്പന്റെ മരണാവശ്യവും മററു ചടങ്ങുകളും നടത്തണമെന്നായിരുന്നു ഭാഗനിശ്ചയം. അതനുസരിച്ചു നിലം പണയംകൊടുത്തിട്ടാണ് വക്കി അതെല്ലാം ഭംഗിയായി നിർവ്വഹിച്ചതു്.

"400രൂപയും പലിശയും! അത്ര വലിയ കടമൊന്നുമല്ല. മണ്ണിനും തടിക്കും കേടില്ലാതിരുന്നാ മതി. അതൊക്കെ വീട്ടാം." ഒരിക്കൽ അന്നമ്മ—വക്കിയുടെ ഭാര്യ—കടത്തെപ്പററി ഓർമ്മപ്പെടുത്തിയപ്പോൾ വക്കി പറഞ്ഞതാണതു്.

എത്ര പണിയെടുത്താലും മതിവരികയില്ല വക്കിക്കു്. വ്യക്തമായ ഒരു ദിനചര്യയുണ്ടയാൾക്കു്. പക്ഷികളുടെ മംഗളഗാനത്തോടുകൂടി ആ കർഷകന്റെ ദിനചര്യ ആരംഭിക്കും. അവസാനിക്കുന്നതോ? കരിശുമണികൊട്ടുമ്പോൾ. കൃത്യം അഞ്ചുമണിക്കു് എഴുന്നേല്ക്കുവാൻ ഒരു പ്രയാസവുമില്ലയാൾക്കു്. പ്രകൃതിയുടെ "അലാറം"പോലും അയാൾക്കാവശ്യമില്ല. അഞ്ചരമണിക്കു് ഒരു കർബാനയുണ്ടു്. ജോലിക്കാരെ ഉദ്ദേശിച്ചാണ് അതത്രയുംനേരത്തെ ചൊല്ലുന്നതു്. അതിനു് എല്ലാവരിലുംമുമ്പെത്തുന്നതു് വക്കിയാണ്. കോരിച്ചൊരിയുന്ന മഴക്കാലത്തും മരംകോച്ചുന്ന മഞ്ഞത്തും ചൂട്ടുകറ്റയോടുകൂടി വക്കി നടന്നുപോകുന്നതു കണ്ടാൽ അമ്മൂമ്മമാർ വിളിച്ചുപറയും "മക്കളേ, എണീക്കു്. നേരം വെളുത്തു" എന്നു്.

പള്ളിയിൽനിന്നും വന്നാൽ കുറച്ചു കട്ടംകാപ്പി കുടിച്ചു് പറമ്പിലേക്കിറങ്ങും. പിന്നെ കയറുന്നതു് ഉച്ചമണി കൊട്ടുമ്പോളും

ണ്. അയാളുടെ നിഴലിന്റെ നീളം കുറയുന്നതൊന്നും ആ അദ്ധ്വാനശീലൻ അറിയുകയില്ല. സമയം നീങ്ങുന്നതു് അപ്പോഴേ അറിയുകയുള്ളു അയാൾ.

തികച്ചും അനുകരണീയമായ ഒരു ദാമ്പത്യമായിരുന്നു അവരുടേതു്. അഭിപ്രായഭിന്നതകളില്ല; സൗന്ദര്യപ്പിണക്കങ്ങളില്ല. അതൃപ്തിയുടെ പുഴുത്തരിപോലും വാരിയിട്ടു് ആ കുടുംബസരസ്സിൽ അവർ അലകളിളക്കിയിട്ടില്ല. വക്കിയുടെ അഭിപ്രായമെന്തോ അതായിരിക്കും അന്നമ്മയുടേതും. അന്നമ്മയുടെ നിർദ്ദേശമെന്തോ അതുതന്നെയാണ് വക്കിക്കും നിർദ്ദേശിക്കുവാനുള്ളതു്. ഒരേ ലക്ഷ്യം വച്ചുകൊണ്ടു്, കുടുംബത്തിന്റെ സുഖസമൃദ്ധമായ ഭാവിക്കുവേണ്ടി തോളോടുതോൾചേർന്നുപോകുന്ന അവരിലെങ്ങനെ അഭിപ്രായഭിന്നതകളുണ്ടാകും?

അന്നമ്മയുടെ വെളുപ്പും വക്കിയുടെ കറുപ്പും, വെളുപ്പും കറുപ്പുമായി അവർക്കു് തോന്നിയിട്ടില്ല. അന്നമ്മയുടെ ശരീരഘടനയും വെളുത്ത നിറവും അവളെ സുന്ദരിയാക്കുന്നുണ്ടെങ്കിൽ, ഇരുണ്ട നിറവും കുറിയ ശരീരവും ഉരുണ്ട മാംസപേശികളും വക്കിക്കു് അഴകുററ ഒരാകാരം നൽകുന്നുണ്ടു്. അന്നമ്മയുടെ അധരങ്ങളിൽ മൊട്ടിട്ടുനില്ക്കുന്ന പുഞ്ചിരി കാണുമ്പോൾ സംതൃപ്തിയുടെ രണ്ടു കൊടിക്കൂറകൾപോലെ വക്കിയുടെ കണ്ണുകൾ ജ്വലിക്കുകയായി.

അന്നമ്മ മേലനങ്ങി പണിയെടുക്കുന്നതു കണ്ടാൽ വക്കി ശാസിക്കും. "ഇനി നീ പണിയെടുത്തിട്ടു സമ്പാദിക്കാൻപോണ്ട. നീ അങ്ങോട്ടു ചെല്ല്. അടുക്കളേല് വല്ല പണിയുണ്ടോ നോക്കു്."

അവളുടെ നെററി വിയർപ്പണിയുന്നതു്, ആ വസ്ത്രങ്ങളിൽ അഴുക്കു പുരളുന്നതു്, അതൊന്നും അയാൾക്കിഷ്ടമല്ല.

"പെണ്ണുങ്ങൾ മണ്ണിൽ തൊട്ടാൽ വളയൊന്നും ഊരില്ല. പെണ്ണും മണ്ണും കൂട്ടുകാരാ." അവൾ ഉത്തരം പറയും. വക്കി ഒന്നു ചിരിക്കും. അവളും ചിരിക്കും.

അങ്ങനെ സ്നേഹവും ദുഃഖവും പരസ്പരം പകരുമ്പോൾ ജീവിതം അവർക്കു് ഒരു ഭാരമേയല്ല!

അവർക്കൊന്നിനും ഒരു ബുദ്ധിമുട്ടില്ല. അപ്പനും അമ്മയുമല്ലാത്തതെല്ലാം ആ പറമ്പിലുണ്ടു്.

ഏഴാംകൊല്ലമാണ് അവരുടെ ദാമ്പത്യം പുഷ്പിച്ചതു്. റോസി—അവരുടെ ജീവനാണവൾ. വക്കി ആ കൊച്ചുമകളിൽ അന്നമ്മയുടെ പ്രതിരൂപം കാണുമ്പോൾ അന്നമ്മയ്ക്കു് ആ കൊച്ചുമൂക്കും നെററിയും മററും അപ്പന്റെ "തൽസ്വരൂപ"മായിട്ടാണ് തോന്നുക. അവളുടെ ചിരിയും കരച്ചിലും ആ വീടിനു് പുതിയൊരു ചൈതന്യം നൽകി. ആ കൊച്ചു കാലടികൾ അവരു

ടെ ഹൃദന്തരീക്ഷത്തിൽ കനകപ്രഭ വിതറി. അവൾ കരയുന്നതു് അവക്കു കേട്ടുകൂടാ. അതു കേട്ടാൽ മണ്ണോടു മല്ലിട്ടു നില്ക്കുകയാണെങ്കിലും അയാൾ ഓടിയെത്തും. മണ്ണുകൊണ്ടു ഉറയിട്ട ആ കൈകൾ സ്പർശിച്ചാൽമതി അവളുടെ കരച്ചിൽ ചിരിയായി പകരും.

* * *

കാലത്തിന്റെ കരവിരുതു് റോസിയിൽ ചില മാററങ്ങൾ വരുത്തി. അവൾ കൗമാരത്തിൽനിന്നും താരുണ്യത്തിലേക്കു നീങ്ങി. അവളുടെ കിളികൊഞ്ചലും മൂളിപ്പാട്ടും ഉച്ചത്തിലുള്ള സംഭാഷണവും ആ വീടിനു് നവമായ ഒരു മാററം വരുത്തി. എവിടെ നോക്കിയാലും അവളെ കാണാം. നല്ല പ്രസരിപ്പു! അവളുടെ വസ്ത്രധാരണത്തിൽ, ആ മുടിചീകലിൽ, ആ നടത്തത്തിൽ, എല്ലാത്തിലുമുണ്ടു് അവൾക്കൊരു പ്രത്യേകത; കളങ്കമില്ലാത്തൊരു കൗതുകം! എത്ര വിലകുറഞ്ഞ ഉന്നികളായിരുന്നാലും അവളുടുക്കുമ്പോൾ അതിനൊരു പ്രത്യേകമേന്മയുണ്ടു്.

“പെണ്ണിന്റെ ഒരഹങ്കാരം കണ്ടില്ലേ? ഒരു മദാമ്മ!” ചില പെണ്ണുങ്ങൾക്കു് അവളുടെ ആ നിരുപദ്രവമായ പ്രസരിപ്പു രുചിച്ചില്ല. വൃത്തിയായും അടക്കമൊതുക്കത്തോടുകൂടിയും വസ്ത്രം ധരിക്കുന്നതു് അഹങ്കാരമാണപോലും!

റോസി ഒരു ക്ലാസിലും തോററിട്ടില്ല. പഠിപ്പിൽ നല്ല ശുഷ്കാന്തിയാണു്. വേദോപദേശപ്പരീക്ഷയിലാണെങ്കിൽ അവൾക്കു് പലപ്രാവശ്യവും സമ്മാനം കിട്ടിയിട്ടുണ്ടു്. പെൺകുട്ടികളുടെ എല്ലാകാര്യത്തിനും അവൾ മുന്നണിയിലുണ്ടു്, സ്കൂളിലും പള്ളിയിലും. വിജ്ഞാനം വർദ്ധിക്കുന്നതോടുകൂടി വിനയം അവളെ വിട്ടുപിരിയാതായി.

ഒരിക്കൽ അവൾക്കു കിട്ടിയ സമ്മാനവുമായി വീട്ടിൽ വന്നപ്പോൾ വക്കി അന്നമ്മയോടു പറഞ്ഞു: “അവൾ എന്റെ മോളാ. ഞാൻ പഠിക്കുന്നകാലത്തു് എനിക്കും സമ്മാനം കിട്ടിയിട്ടുണ്ടു്!”

“32 കൂട്ടം നമസ്കാരം ചൊല്ലി കേൾപ്പിച്ചതിനു് എനിക്കു് സമ്മാനം കിട്ടിയതാ എന്റെ പ്രാർത്ഥനപ്പുസ്തകം.” അന്നമ്മയ്ക്കുമുണ്ടു് ഒരു ബാല്യകാലം, അഭിമാനിക്കത്തക്കതായിട്ടു്.

“32 കൂട്ടം നമസ്കാരം ചൊല്ലി കേൾപ്പിച്ചതു് ‘മനസ്സമ്മത’ത്തിനായിരിക്കും.” വക്കി ഒരു ഫലിതം പറഞ്ഞു. അവർ മൂന്നുപേരും ചിരിച്ചു.

* * *

പല ജീവിതങ്ങളേയും പിടിച്ചു കുലുക്കിക്കൊണ്ടു് കാലം കടന്നുപോയി. റോസി സ്കൂൾഫൈനൽ ക്ലാസ്സിലേക്കു ജയിച്ചു. പ്രകൃതിയോടു മല്ലിട്ടുമല്ലിട്ടു വക്കി കുഴഞ്ഞു. ഭാവിയിലേക്കു് കാര്യമായിട്ടു് ഒന്നും കരുതിവയ്ക്കാൻ കഴിയാഞ്ഞ ആ കുടുംബം ദാരിദ്ര്യത്തിലേക്കു് വഴുതി വീഴുവാൻതുടങ്ങി. എങ്കിലും റോസിയുടെ പഠിപ്പു മുടക്കാൻ അയാൾ കൂട്ടാക്കിയില്ല. അതു് ഏതു വിധമായാലും മുഴുവനാകട്ടെ. ഇതിനിടയ്ക്കുവന്ന രണ്ടുമൂന്നു വിവാഹാലോചനകൾപോലും അയാൾ നിസ്സങ്കോചം നിരസിച്ചു.

അക്കൊല്ലംതന്നെ റോസി പാസ്സായി. വിശ്രമരഹിതമായ അദ്ധ്വാനം വക്കിയെ ഒരു രോഗിയാക്കി മാററിക്കഴിഞ്ഞു. അരനൂററാണ്ടത്തെ പഴക്കമുള്ള പ്രയത്നത്തിന്റെ ചരിത്രമാണു് അയാളുടെ പിന്നിലുള്ളതു്. സമ്പാദ്യമോ? അഭിമാനാവഹമായ ആ ചരിത്രംമാത്രം! എങ്കിലും അയാൾക്കതിൽ പരാതിയില്ല. അയാൾ പ്രയത്നിച്ചകാലം! അന്നൊന്നും അയാൾക്കു് യാതൊന്നിനും മുട്ടുവന്നിട്ടില്ല. അതാണയാളുടെ ആശ്വാസം. ഭാവിയിലേക്കു് കരുതിവച്ചതെല്ലാം ആ പറമ്പിൽത്തന്നെ തലയുയർത്തിനില്ക്കുന്നുണ്ടു്. രണ്ടുകൊല്ലംകൂടി കഴിഞ്ഞാൽ ആ തെങ്ങുകളും കമുകുകളും കായ്ക്കും. അപ്പോൾ അയാളുടെ അദ്ധ്വാനത്തിന്റെ ഫലം—ആ വിയർപ്പിന്റെ വില—അവർക്കനുഭവിക്കാം. പക്ഷെ അതിനയാളുണ്ടാകുമോ? ഏതു നിമിഷത്തിലും ആ ജീവിതം വീണുപോകാം. അയാളുതൃക്കു് വാടിത്തളർന്നുകഴിഞ്ഞു! ആ ദുർബലമായ ബന്ധം വിച്ഛേദിക്കുന്നതിനുമുമ്പു അയാൾക്കു് ഒന്നു സാധിക്കേണ്ടതുണ്ടു്; മകളുടെ കല്യാണം. യോജിപ്പുള്ള ഒരു പുരുഷന്റെകൂടെ അവളെ അയക്കണം. അതിനു് അയാളുടെ സർവ്വവും ഉപേക്ഷിക്കാൻ അയാൾ ഒരുക്കമാണു്. അവൾക്കല്ലാതെ മററാർക്കാണു് അയാൾ കാത്തുവയ്ക്കുന്നതു!

വിവാഹാലോചനകൾ പലതും വന്നുകൊണ്ടിരുന്നു. പക്ഷെ ചില ചില കാരണങ്ങൾകൊണ്ടു അതൊന്നും നടന്നില്ല. “മാലയോഗം” അടുത്തിട്ടില്ലെന്നു് അവർ സമാധാനിച്ചു. അല്ലെങ്കിലും ഓരോരുത്തർക്കും ചില “തലേലെഴുത്തു”ണ്ടല്ലോ. അതനുസരിച്ചേ എന്തും നടക്കുകയുള്ളു എന്നുള്ള വിശ്വാസത്തിൽത്തന്നെയാണു് ആ കുടുംബം.

റോസിയുടെ വിവാഹകാര്യം എന്താണ്ടൊത്തു; കുറെയെല്ലാം വിലപേശലുകൾക്കുശേഷം! അവളുടെ വിദ്യാഭ്യാസം, സ്വഭാവം, കുടുംബപാരമ്പര്യം—അതൊന്നുമല്ല കാര്യം! വേറെ ഏതോ ചിലതിന്റെ അടിസ്ഥാനത്തിലാണു് അതുറച്ചതു്! അവരുടെ “ഡിമാൻഡ്” വക്കിയുടെ കഴിവിന്റെ പരമാവധിയാണെങ്കിലും അവർക്കതു് താരതമ്യേന കുറവാണു്!

ആ കുടുംബത്തിൽ ആദ്യത്തേതും അവസാനത്തേതുമായ ഒരു വിവാഹം! അതു വല്ലതരത്തിലും കഴിക്കാമോ? ഇനി വേറെയൊന്നു കഴിക്കാനുണ്ടോ? ഒരുവിധം ഭംഗിയായിട്ടുതന്നെ കഴിക്കണം. അവരുടെ ശത്രുക്കൾപോലും ആ അഭിപ്രായത്തെ ശരിവച്ചു. എല്ലാം തീരുമാനിച്ചു. വീടും പുരയിടവും പണയമെഴുതി രൂപ വാങ്ങി. അതെല്ലാം ശയ്യാവലംബിയായ വക്കി ഒരുവിധത്തിൽ നിർവ്വഹിച്ചു.

തന്റെ വിയർപ്പിന്റെ വില കിട്ടേണ്ട അവസരത്തിലാണു് അതെല്ലാം അന്യാധീനപ്പെട്ടുപോകുന്നതു്! അയാൾ അതെങ്ങനെ സഹിക്കും? അയാളുടെ ആധിയും വ്യാധിയും വർദ്ധിച്ചു എങ്കിലും അയാൾ സമാധാനിച്ചു. അയാളുടെ ജീവിതാഭിലാഷത്തിന്റെ സാക്ഷാത്കാരമാണു് മകളുടെ വിവാഹത്തിലൂടെ സാധിക്കാൻ പോകുന്നതു്! അയാളുടെ ഏകമകളായ റോസിയുടെ മക്കളിലൂടെ വേണം അയാൾ തലമുറകളായി ശാശ്വതീകരിക്കപ്പെടുവാൻ.

പക്ഷെ, ആ കല്യാണം കഴിഞ്ഞുകാണാൻ അയാൾക്കു സാധിച്ചില്ല! രൂപ വാങ്ങിയതിന്റെ ഏഴാംദിവസം അയാൾ അവരോടു് അന്ത്യയാത്രപറഞ്ഞു പിരിഞ്ഞു! അന്ത്യകൂദാശകൾ സുബോധത്തോടെ കൈക്കൊണ്ടു്, വേണ്ടപ്പെട്ടവരുടെ മദ്ധ്യത്തിൽവച്ചു് സമാധാനപൂർവ്വം ആ സാധു മരിച്ചു.

“റോ....സി...യുടെ കല്യാ....ണം നീ...ട്ടി...വയ്ക്ക....രുതു്.” അതായിരുന്നു ആ ജീവനാററുടങ്ങിയ കണ്ഠത്തിൽനിന്നും ചതഞ്ഞു പുറത്തുവീണ അന്ത്യവാക്കുകൾ.

ഒരു കൂട്ടനിലവിളി ആ മരണത്തെ പ്രഖ്യാപിച്ചു. വീട്ടുകാരും നാട്ടുകാരും വന്നുപൊയ്ക്കൊണ്ടിരുന്നു.

ശവസംസ്കാരം! അടിയന്തിരം! അടുത്തപ്രശ്നം അതുരണ്ടുമാണു്! ആലോചനയായി. വക്കിയുടെ വീട്ടുകാർ എല്ലാവരുമുണ്ടു്. അവരെല്ലാം സാമാന്യം “പരിമ”ക്കാരാണു്. കുടുംബസ്ഥിതിക്കനുസരിച്ചു കഴിച്ചില്ലെങ്കിൽ അതു കുറവല്ലേ?

“ഒരു പൊങ്കുരിശെങ്കിലുമില്ലാതെ ഒരു ശവെടുപ്പു നമ്മുടെ വീട്ടിൽ നടന്നിട്ടില്ല. നമ്മള് കുടുംബക്കാരാ?” എന്നൊരാൾ പറഞ്ഞു.

“പൊങ്കുരിശെടുക്കുമ്പോൾ അടിയന്തിരോം കുറച്ചു കേമമായിട്ടു വേണ്ടേ?” വേറൊരാൾ പറഞ്ഞു. വേറെയും പല നിർദ്ദേശങ്ങൾ ഉണ്ടായി.

നിസ്സഹായരായ കുടുംബാംഗങ്ങളുടെ ഹൃദയംകീറുന്ന കരച്ചിൽ ഒരു ഭാഗത്തു നിന്നുയരുമ്പോൾ സദ്യക്കുള്ള വിഭവങ്ങളുടെ കണക്കുകൂട്ടുകയാണു് മററൊരുഭാഗത്തു്!

നശ്വരതയുടെ നടുവിലും നല്ല പിള്ള ചമയാനുള്ള മനുഷ്യന്റെ സ്വാർത്ഥപരമായ വ്യഗ്രത! മരണത്തിന്റെ ഭീകരതയിലും അന്തസ്സു നടിക്കാനുള്ള നാശോന്മുഖമായ ആഗ്രഹം!

“നമ്മുടെ മതാചാരപ്രകാരമുള്ള ഏററവും കുറഞ്ഞ ചെലവുകൾമാത്രം മതി. സദ്യയും മററും വേണ്ട. മരം അറിഞ്ഞുവേണ്ടേ കൊടിയിടാൻ” എന്നൊരാൾ പറഞ്ഞതു് മററുള്ളവക്കു പിടിച്ചില്ല.

“ഇതു് ഞങ്ങളുടെ കുടുംബകാര്യമാ. ഞങ്ങള് നിശ്ചയിച്ചോളാം. ഞങ്ങള് കുടുംബക്കാരാ.” അതു പറഞ്ഞതു് വക്കിയുടെ ജ്യേഷ്ഠനായിരുന്നു.

പിന്നെയാരും ഒന്നും പറഞ്ഞില്ല. ശരിയല്ലേ! അതവരുടെ കുടുംബകാര്യമല്ലേ. അതിൽമററുള്ളവർ എന്തിനു തലയിടുന്നു? മോശമായാൽ അതിന്റെ കുറച്ചിലവക്കല്ലേ.

“ഇതേവരെ തിരിഞ്ഞുനോക്കാത്തവരാണു് ഇപ്പോൾ കുടുംബക്കാരുടെ അവകാശവുമായി വന്നിരിക്കുന്നതു!” ചിലർ പിറുപിറുത്തെങ്കിലും പുറത്തു പറഞ്ഞില്ല.

ശവസംസ്കാരവും അടിയന്തിരവും ആർഭാടമായിത്തന്നെ കഴിഞ്ഞു. ശേഷക്കാരും ബന്ധുക്കളും അയൽക്കാരും അങ്ങാടിക്കാരും എല്ലാം പങ്കുകൊണ്ടു. കല്യാണത്തിനു വാങ്ങിച്ച രൂപയുള്ളതുകൊണ്ടു് ഒന്നിനും ഒരു കുറവും വന്നില്ല.

“വാലായ്മ.” നാല്പത്തൊന്നു കഴിയാതെ ഇനി എങ്ങനെ കല്യാണം നടത്തും? മനുഷ്യരു പറയില്ലേ? അതു ശരിയാണു്. അങ്ങനെ ആ കല്യാണം നീട്ടിവച്ചു.

നാല്പത്തൊന്നു കഴിഞ്ഞു. അതും മോടിയായിത്തന്നെ. ഇനി കല്യാണത്തിനു പണമെവിടെ? “ഏതായാലും ഒരു മാസംകൂടി കഴിയട്ടെ. കൊയ്ത്തു തുടങ്ങട്ടെ.” വീട്ടിൽ കാരണവർ വിധിച്ചു. അങ്ങനെ ആ കല്യാണം അനിശ്ചിതമായി നീണ്ടുപോയി.

അന്നമ്മയ്ക്കു് അതു സഹിച്ചില്ല. അവൾ പറഞ്ഞു: “എത്ര അവധ്യാ അവരോടു പറയാ? അതൊഴിഞ്ഞുപോയാൽ ഇനി വേറൊന്നു അന്വേഷിക്കാനുംകൂടി......എന്തുതന്നെ ചെയ്യട്ടെങ്കിലും......”

“എന്നാം നീ നടത്തിക്കോ! ആരെങ്കിലും വേണ്ടാന്നു പറഞ്ഞോ?” കാരണവക്കു ശുണ്ഠിവന്നു അവൾ പിന്നൊന്നും പറഞ്ഞില്ല അവൾക്കറിയാം ഇനി പറയുന്നതു് ആപത്താണെന്നു്.

ആണുങ്ങളില്ലാത്ത പാവപ്പെട്ട ഒരു വീടു്. അതിൽ പ്രായംകവിഞ്ഞുനില്ക്കുന്ന ഒരു പെണ്ണു്. അതാപത്തിനുള്ള വകയാണു്. കടലിലേക്കു തള്ളിനില്ക്കുന്ന ഒരു പൊളിഞ്ഞ പാറയാണവൾ. ഒരു ദുർബലനിമിഷത്തിൽ അതു് അടന്നുവീഴാം. വീണാൽ അവളും അവളോടുബന്ധിച്ചു നില്ക്കുന്ന സകലതും, ആ കുടുംബപാരമ്പര്യവും, എല്ലാം ഒഴുകിപ്പോകും. അതെല്ലാം അവരുടെ “കുടുംബക്കാരായ” വീട്ടുകാർക്കുമറിയാം.

പക്ഷെ അതിലവക്കു് തെല്ലും തോന്നിയില്ല. അതൊരു “കുടുംബ”പ്രശ്നമല്ല; അതു് വക്കിയുടെ കുടുംബത്തിലെ ഓരോരുത്തരുടെ കാര്യമാണെന്നും അവർ കണ്ടുപിടിച്ചു. തങ്ങളെ ബാധിക്കാവുന്ന ഇത്തരം കാര്യങ്ങളിൽ ഒഴിവുകഴിവുകൾ കണ്ടുപിടിക്കുവാൻ ആരും പിന്നോക്കമാവില്ലല്ലോ. അല്ലെങ്കിലും ആ ശവസംസ്കാരംപോലെയാണോ ഈ കല്യാണകാര്യം! അങ്ങനെ അവർ ഈ കാര്യത്തിൽനിന്നും ഒഴിഞ്ഞുമാറി. അതിലൊന്നിലും അവക്കു കുറച്ചിലുണ്ടായില്ല!

റോസിയും അമ്മയും ഒററപ്പെട്ടു! അവക്കു ജീവിക്കുവാൻതന്നെ വിഷമമായി. കണ്ണീരിൽ കുതിർന്ന ദിവസങ്ങൾ അങ്ങനെ നീണ്ടുപൊയ്ക്കൊണ്ടിരുന്നു. അതോടൊപ്പം അവളുടെ കല്യാണവും അപ്പന്റെ അന്ത്യാഭിലാഷവും...

ആദ്ധ്യാത്മികവീഥി (12)

# പുണ്യപൂർണ്ണത എന്താണു്?

ദൈവത്തിന്റെ വത്സലമക്കളേ,

പുണ്യപൂർണ്ണത എന്തല്ല എന്നു കഴിഞ്ഞ എഴുത്തിൽ ഞാൻ സൂചിപ്പിച്ചു. സാലെസ്സു് പുണ്യവാൻ “ഭക്തിമാർഗ്ഗപ്രവേശിക” എന്ന പുസ്തകത്തിന്റെ ആരംഭത്തിൽ അതേ ആശയംതന്നെ വളരെ ഭംഗിയായി നൽകുന്നുണ്ടു്. അദ്ദേഹം പറയുന്നു:

“ഉപവാസത്തിൽ അതീതല്പരനായ ഒരാൾ, തന്റെ ഹൃദയമാലിന്യത്തെ വകവയ്ക്കാതെ, ഉപവസിക്കുന്നതുകൊണ്ടുമാത്രം ഭക്തനായി എന്നഭിമാനിക്കും. ഉപവാസഭാരം ഭയന്നു് ശുദ്ധജലംപോലും അയാൾ അധരങ്ങളോടു് അടുപ്പിക്കയില്ല; എന്നാൽ പരദൂഷണത്താലും അപവാദത്താലും ആ അധരങ്ങളെ മലീമസമാക്കുന്നതിൽ അവനു് ഒരു ക്ലേശവുമില്ല. വേറൊരാൾ ധാരാളം ജപങ്ങൾ ഉരുവിടുന്നതുകൊണ്ടു ഭക്തനായി എന്നു കരുതുന്നു. അടുത്തനിമിഷം കോപാവിഷ്ടനായി, ആ നാവുകൊണ്ടുതന്നെ അന്യരുടെമേൽ ശകാരവർഷം ചെയ്യുന്നതിനു് അയാൾ യാതൊരു സങ്കോചവും പ്രദർശിപ്പിക്കുന്നില്ല. മൂന്നാമതൊരുകൂട്ടർ പണപ്പെട്ടി തുറന്നു സസന്തോഷം ദാനം ചെയ്യുമെങ്കിലും ഹൃദയംതുറന്നു ശത്രുവിനോടു ക്ഷമിക്കുന്നകാര്യത്തിൽ അനാസ്ഥ പ്രദർശിപ്പിക്കുന്നു. അപരനാകട്ടെ, ശത്രുക്കളോടു ക്ഷമിക്കും; പക്ഷേ കോടതികയറാതെ കടംവീട്ടുക പതിവില്ല.”

ഈവർഗ്ഗക്കാർ തങ്ങളിലുള്ള വലിയ ന്യൂനതകൾ അത്ര കാര്യമായി ഗൗനിക്കുന്നില്ല. അല്പം നന്മയുള്ളതിനെ പർവ്വതീകരിക്കയും ചെയ്യുന്നു. അതുകൊണ്ടാണു തങ്ങൾ ഭക്തരാണെന്നു അവർ വ്യാമോഹിച്ചുപോകുന്നതു്.

യഥാർത്ഥഭക്തി അഥവാ ക്രിസ്തീയപുണ്യപൂർണ്ണത സ്നേഹത്തിലാണു് അടങ്ങിയിരിക്കുന്നതു; ദൈവത്തേയും ദൈവത്തെപ്രതി അയല്ക്കാരനേയും സ്നേഹിക്കുന്നതിൽ. അയല്ക്കാരനെ സ്നേഹിക്കുന്നതു ദൈവത്തെപ്രതി ആകയാൽ അതും ദൈവസ്നേഹത്തിന്റെ ഒരു വകഭേദംമാത്രമാകുന്നു. അതുകൊണ്ടു് പുണ്യപൂർണ്ണത ദൈവസ്നേഹത്തിൽ അടങ്ങിയിരിക്കുന്നു എന്നു പറയാം.

“പുണ്യപൂർണ്ണത ദൈവതിരുമനസ്സു നിറവേററുന്നതിലാണു് അടങ്ങിയിരിക്കുന്നതു്” എന്നു മററുചിലർ പറഞ്ഞുകേട്ടിട്ടുണ്ടല്ലോ എന്നു വല്ലവരും വാദിച്ചേക്കാം. അവർ പറയുന്നതു ശരിയാണു്. ദൈവത്തെ സ്നേഹിക്കുന്നയാൾ ദൈവതിരുമനസ്സു നിറവേററാതിരിക്കയില്ല. സ്നേഹിതന്റെ ഇഷ്ടാനുസരണം പ്രവർത്തിക്കയെന്നുള്ളതത്രെ യഥാർത്ഥസ്നേഹത്തിന്റെ ലക്ഷണംതന്നെ. “എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം കാക്കുന്നു” (യോഹ. XIV, 23) എന്നു നമ്മുടെ കർത്താവുതന്നെ വ്യക്തമായി പറയുന്നുണ്ടല്ലോ.

ഭക്തിയെക്കുറിച്ചുള്ളതുപോലുള്ള തെററിദ്ധാരണ സ്നേഹത്തെക്കുറിച്ചും ഉണ്ടു്. സ്നേഹമെന്നതു മധുരമായ തോന്നലിലാണു സ്ഥിതിചെയ്യുന്നതെന്നു ചിലർ ധരിച്ചുവച്ചിട്ടുണ്ടു്. തന്മൂലം തദ്വാരതോന്നൽ അനുഭവപ്പെടാത്തപ്പോൾ തങ്ങൾക്കു സ്നേഹമില്ലെന്നു വിചാരിച്ചു് അവർ പരിഭ്രമിക്കുന്നു. നാം പരമാർത്ഥമായിട്ടു ദൈവത്തെ സ്നേഹിക്കുന്നുണ്ടോ എന്നറിയുന്നതിനു് അപ്രമാദമായ ഒരു മാർഗ്ഗമുണ്ടു്. അതു നാം ദൈവപ്രമാണങ്ങൾ കാക്കുന്നുണ്ടോ എന്നുള്ള പരിശോധനമാത്രമാണു്. കാക്കുന്നുണ്ടെങ്കിൽ സ്നേഹിക്കുന്നുണ്ടു്, കാക്കുന്നില്ലെങ്കിൽ സ്നേഹിക്കുന്നുമില്ല.

ഇതുസംബന്ധിച്ചു് കൂടുതലായി അടുത്ത എഴുത്തിൽ. ദൈവം നിങ്ങളെല്ലാവരേയും അനുഗ്രഹിക്കട്ടെ.

എന്നു്
സ്വന്തം ആത്മപിതാവു്

---

ഡോക്ടർ പാറേക്കാട്ടിൽ
തിരുമനസ്സിലെ

## അഭിനന്ദനം

ഫാ. മാത്യു നടയ്ക്കൽ അവർകൾ, വളരെ പ്രയോജനകരങ്ങളും പ്രയാസകരങ്ങളുമായ “സുവിശേഷസമാഹാരം”, “കുട്ടികളുടെ കർബാന” എന്നീ രണ്ടു ഗ്രന്ഥങ്ങളെ തുടർന്നു് “എന്റെ മിത്രം”, “തിരുസ്സന്നിധിയിൽ”, “ആരാധനാഗീതങ്ങൾ” എന്നിങ്ങനെ മൂന്നു പുതിയ പുസ്തകങ്ങൾകൂടി പ്രസിദ്ധം ചെയ്തിരിക്കുന്നു. ഇവയിൽ എന്റെ മിത്രം എന്ന ഗ്രന്ഥം ഏതു നിലയിലും പ്രായത്തിലുമുള്ള ക്രിസ്ത്യാനികൾക്കു് അത്യന്തം പ്രയോജനകരമായ ഒന്നാണു്. പ്രത്യേകിച്ചു ബാലികാബാലന്മാരുടേയും യുവതിയുവാക്കന്മാരുടേയും ക്രിസ്തീയജീവിതത്തിനു് അതു് ഉപകരിക്കാതിരിക്കുകയില്ല. നമ്മുടെ ബാലികാബാലന്മാർ അവശ്യം പരിശീലിക്കേണ്ട പ്രധാനപ്പെട്ട ക്രിസ്തീയസുകൃതങ്ങളുടെ പ്രായോഗികവും ഉദ്ധാരസഹിതവുമായ വിവരണങ്ങളാണു് ഇതിന്റെ ആദ്യഭാഗത്തു് ചേർത്തിരിക്കുന്നതു്. പ്രസ്തുതവിവരണങ്ങൾ കുട്ടികളുടെ ശിക്ഷണത്തിൽ ഏർപ്പെട്ടിരിക്കുന്നവക്കു വളരെ പ്രയോജനപ്പെടും എന്നുള്ളതിൽ സംശയമില്ല. നമ്മുടെ കർത്താവി

സഭാചരിത്രപംക്തി (10)

# വി. പൗലോസിന്റെ

## മൂന്നാമത്തെ പ്രേഷിതപര്യടനം

(പ്രൊഫസ്സർ പി. ടി. തോമസ് എം. എ.)

അന്ത്യോക്യയിൽ കുറേനാൾ കഴിച്ചശേഷം പൗലോസ് വീണ്ടും ഒരു മിഷൻപര്യടനത്തിനായി പുറപ്പെട്ടു. പുതിയ പ്രദേശങ്ങൾ ജയിച്ചടക്കണമെന്നുള്ളതിനെക്കാൾ കൂടുതലായി പഴയ നേട്ടങ്ങൾക്ക് വ്യവസ്ഥയും ശക്തിയും പ്രദാനം ചെയ്യണമെന്നുള്ളതായിരുന്നു ഈ പര്യടനത്തിന്റെ പ്രധാന ഉദ്ദേശ്യം. ഇത്തവണ തന്റെ പ്രവൃത്തികേന്ദ്രമായി അപ്പസ്തോലൻ നിശ്ചയിച്ചതു് എഫേസൂസാണ്. അക്വീലായും പ്രിസില്ലായും കാലേകൂട്ടി അവിടെ എത്തി അപ്പസ്തോലന്റെ പരിശ്രമങ്ങൾക്കു വേണ്ടിയുള്ള കളം ഒരുക്കുന്നുണ്ടായിരുന്നു. അവരുടെ പ്രയത്നഫലമായി പണ്ഡിതനും വാഗ്മിയുമായ അപ്പോളോ (Appolo) എന്ന ഒരു യഹൂദൻ വിശ്വാസം സ്വീകരിക്കയും പ്രേഷിതവൃത്തിയിൽ പരിശീലനം സമ്പാദിക്കയും ചെയ്തു. ഗലേഷ്യയിലെയും ഫ്രീജിയായിലെയും സഭകൾ സന്ദർശിച്ചശേഷം 53 A. D. യിൽ പൗലോസ് എഫേസൂസിൽ എത്തിയിരിക്കണം.

പതിവനുസരിച്ച് അദ്ദേഹം അവിടത്തെ യഹൂദദൈവാലയത്തിൽ സുവിശേഷം പ്രസംഗിക്കുവാൻ തുടങ്ങി. എന്നാൽ യഹൂദരുടെ ശത്രുത്വം വർദ്ധിച്ചുവരുന്നതുകണ്ട് തന്റെ ആസ്ഥാനം തിറാന്നസ്സിന്റെ വിദ്യാലയം (School of Tyrannus) എന്നു പേരായ ഒരു പൊതുപ്രസംഗസ്ഥലത്തിലേക്കു മാറ്റി. ആ സ്ഥലം ആവശ്യമുള്ളവർക്ക് വാടകയ്ക്കു കൊടുക്കുവാൻവേണ്ടി ഉദ്ദേശിക്കപ്പെട്ടിരുന്നതാണ്. എഫേസൂസിലെപ്പോലെ ഇത്ര വിപുലവും സ്ഥിരവുമായ വിജയം പൗലോസിനു മറ്റൊരു നഗരത്തിലും ലഭിച്ചിട്ടില്ലെന്നുതന്നെ പറയാം. ഇതു അദ്ദേഹത്തിന്റെ വ്യക്തിമാഹാത്മ്യവും ഹൃദയാവർജ്ജകമായ പ്രഭാഷണരീതിയുംകൊണ്ടു മാത്രമല്ല സാധിച്ചതു. പ്രത്യുത അദ്ദേഹം പ്രസംഗിക്കുന്നതോടൊപ്പം പ്രവർത്തിച്ച അനവധി അത്ഭുതങ്ങൾകൊണ്ടുകൂടിയാണ്. എഫേസൂസിൽ താമസിച്ചുകൊണ്ടു നടത്തിയ രണ്ടുകൊല്ലത്തെ പ്രേഷിതവൃത്തിയുടെ ഫലമായി ചുറ്റുമുള്ള പ്രവിശ്യ മുഴുവനിലും ക്രിസ്തുവിന്റെ സുവിശേഷം അറിയപ്പെടുവാൻ ഇടയായി.

അപ്പസ്തോലൻ എഫേസൂസിൽ ആയിരുന്നപ്പോൾ കൊറീന്ത്യയിൽനിന്നും വളരെ അസ്വാസ്ഥ്യജനകമായ വാർത്തകൾ ലഭിച്ചുകൊണ്ടിരുന്നു. അവിടത്തെ വിശ്വാസികൾ വീണ്ടും അസാന്മാർഗ്ഗികത്വത്തിലേക്ക് ക്രമേണ വഴുതിവീണുകൊണ്ടിരുന്നു. വിശ്വാസത്തിന്റെയും മതാനുഷ്ഠാനക്രമത്തിന്റെയും ഐക്യത്തെ ഭംഗപ്പെടുത്തുന്ന പല ചേരിതിരിവുകളും കൊറീന്ത്യൻ സഭയിൽ പ്രത്യക്ഷപ്പെട്ടു. സ്ഥിതിഗതികൾ നേരിട്ടു മനസ്സിലാക്കുവാനായി അപ്പസ്തോലൻ ടിമോത്തിയെ അങ്ങോട്ടേക്കയച്ചു. വിശ്വാസത്തോട് അചഞ്ചലമായ ഭക്തിയുള്ളവരായിരിക്കണമെന്നും ക്രിസ്തീയസ്നേഹം പുലർത്തുന്നതിൽ സദാ ജാഗരൂകരായിരിക്കണമെന്നും ഹൃദയസ്പർശകമായ വിധത്തിൽ ഉദ്ബോധിപ്പിക്കുന്ന ഒരു ദീർഘലേഖനം അദ്ദേഹം കൊറീന്ത്യക്കാർക്കയച്ചുകൊടുത്തു. ടിമോത്തിയിൽനിന്നും ലഭിച്ച വിവരങ്ങൾ ഏറ്റം നിരാശാജനകമായിരുന്നതുകൊണ്ട് അപ്പസ്തോലൻ തന്നെ കൊറീന്ത്യയിലേക്ക് പോകാൻ നിശ്ചയിച്ചു. ആയിടയ്ക്കു വളരെ വിവേകമതിയും നയശാ-



[illegible] സെമിനാരിയിലെ വേദഗ്രന്ഥാദ്ധ്യാപകനായിരുന്ന റവ. ഫാ. റോച്ചൻറസ് എസ്. ജെ. 1953 ഡിസംബർ 12-ാംനു നിര്യാതനായിരിക്കുന്നു.

R. I. P.

ലിയും ഗ്രീക്കുവംശജനുമായ ടൈറ്റസ് (Titus) എന്നൊരാൾ അപ്പസ്തോലന്റെ സഹപ്രവർത്തകനായി ചേർന്നിരുന്നു. പൗലോസ് കൊറീന്ത്യരെ സന്ദർശിച്ച് എഫേസൂസിൽ മടങ്ങിയെത്തിയശേഷം ടൈറ്റസിനെ രണ്ടാമതൊരു ലേഖനത്തോടുകൂടി കൊറീന്ത്യയിലേക്കയച്ചു. ടൈറ്റസ് മടക്കത്തിൽ ത്രോവാസിൽ (Troas) വച്ച് അപ്പസ്തോലനുമായി ചേരണമെന്നായിരുന്നു നിർദ്ദേശം. എന്നാൽ പ്രതീക്ഷിച്ചിരുന്നതിനുമുമ്പുതന്നെ എഫേസൂസ് വിട്ടുപോകുവാൻ പൗലോസ് നിർബന്ധിതനായി.

എഫേസൂസിൽ ഒരു പുതിയ സംഭവവികാസം ഉണ്ടായി. ക്രിസ്ത്യാനികളുടെ എണ്ണം വർദ്ധിച്ചുവന്നതോടുകൂടി ദേവന്മാരുടെ പ്രതിമകൾ നിർമ്മിച്ചു വിറ്റുവന്നിരുന്നവരുടെ വ്യവസായത്തിനു വലുതായ മാന്ദ്യം സംഭവിച്ചു. പഴയ ദേവന്മാരുടെ പ്രതിമകൾക്കു വളരെ ചെലവുകുറഞ്ഞു. പ്രതിമാവ്യവസായികൾ ഒന്നിച്ചുചേർന്നു കുഴപ്പത്തിനു വട്ടംകൂട്ടി. ഡെമെട്രിയസ്സ് (Demetrius) എന്ന ഒരു വെള്ളിപ്പണിക്കാരന്റെ നേതൃത്വത്തിൽ അവർ സംഘടിച്ചു. ഡയാനാ (Diana) ദേവതയുടെ ക്ഷേത്രത്തിന്റെ പ്രതിരൂപങ്ങൾ നിർമ്മിച്ചു വില്ക്കുകയായിരുന്നു അയാളുടെ തൊഴിൽ. ഡയാനാദേവിയുടെ ശത്രുക്കളായ ക്രിസ്ത്യാനികൾക്കെതിരായി അയാൾ വെള്ളിപ്പണിക്കാരെ ഇളക്കിവിട്ടു. അസ്വസ്ഥത പടർന്നുപിടിച്ച് പട്ടണത്തിൽ സർവ്വത്ര കുഴപ്പമായി. നഗരാധിപന്മാർ ഈ പ്രക്ഷോഭണത്തെ അമർച്ചചെയ്തെങ്കിലും കുറേനാളത്തേക്ക് എഫേസൂസിൽനിന്നും മാറിനില്ക്കുന്നതാണ് ബുദ്ധിപൂർവ്വകമെന്ന് അപ്പസ്തോലൻ നിശ്ചയിച്ചു.

അദ്ദേഹം മാസഡോണിയായിലേക്കു കടന്നു. അവിടെവച്ചു ടൈറ്റസുമായി കണ്ടുമുട്ടി. വീണ്ടും ഒരു ലേഖനംകൂടി അദ്ദേഹം കൊറീന്ത്യക്കയച്ചുകൊടുത്തു. പിന്നീട്, തന്റെ ലേഖനംകൊണ്ട് കൊറീന്ത്യൻ സഭയിലുണ്ടായ പ്രത്യാഘാതങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനായി അപ്പസ്തോലൻ കൊറീന്ത്യയിലേക്കു പോയി. അവിടെവച്ച് അദ്ദേഹം റോമാക്കാർക്കുള്ള തന്റെ പ്രസിദ്ധലേഖനം എഴുതി. ദീർഘനാളുകളായി സാമ്രാജ്യത്തിന്റെ തലസ്ഥാനനഗരം ഒന്നു സന്ദർശിക്കണമെന്ന് അപ്പസ്തോലൻ തീക്ഷ്ണമായി ആഗ്രഹിച്ചിരുന്നു. ക്രിസ്തുമതം നേരത്തെതന്നെ റോമയിൽ സ്ഥാനം പിടിച്ചുകഴിഞ്ഞിരുന്നു. സ്പെയിനിൽ സുവിശേഷവേലയ്ക്കായി പോകണമെന്നും ആ വഴിക്കു റോമാകൂടി സന്ദർശിക്കണമെന്നുമായിരുന്നു അപ്പസ്തോലന്റെ ഉദ്ദേശ്യം. ഉദ്ദിഷ്ടമായ സന്ദർശനത്തിന്റെ നാന്ദിയായിരുന്നു റോമാക്കാർക്കുള്ള ഈ ലേഖനം.

അപ്പസ്തോലന്റെ സാന്നിദ്ധ്യംമൂലം കൊറീന്ത്യയിലെ സഭയിൽ സമാധാനവും വ്യവസ്ഥയും പുനഃസ്ഥാപിതമായി. മൂന്നുമാസം അവിടെ കഴിച്ചുകൂട്ടിയശേഷം ഫിലിപ്പി, ത്രോവാസ്, മിലെത്തൂസ് (Miletus), ടയർ (Tyre) ഈ സ്ഥലങ്ങൾവഴി അദ്ദേഹം യറുശലേമിലെത്തി. വിശ്വാസികളിൽനിന്നും പിരിച്ചെടുത്ത പണം യറുശലേമിലെ സാധുജനങ്ങളുടെ ഇടയിൽ നേരിട്ടു വിതരണംചെയ്യുന്നതിനുവേണ്ടിയാണ് അദ്ദേഹം അങ്ങോട്ടു പോയതു്.

58 A. D. യിലെ പന്തക്കുസ്താതിരുനാളിനോടടുത്താണ് പൗലോസ് യറുശലേമിൽ എത്തിയതു്. അന്നും യാഥാസ്ഥിതികരായ യഹൂദരുടെ പ്രധാന ശക്തികേന്ദ്രമായിരുന്നു യറുശലേം. അപ്പസ്തോലന്റെ പ്രവർത്തനരംഗങ്ങളിൽ കുഴപ്പം സൃഷ്ടിക്കുന്നതിനും മാനസാന്തരപ്പെട്ടവരെ ഛേദനാചാരം തുടങ്ങിയ യഹൂദാചാരങ്ങൾ അനുഷ്ഠിക്കുവാൻ പ്രേരിപ്പിക്കുന്നതിനും അങ്ങനെ പൗലോസിന്റെ പരിശ്രമങ്ങളെ പരാജയപ്പെടുത്തുന്നതിനുംവേണ്ടി ഇക്കൂട്ടർ അനേകം രഹസ്യദൂതന്മാരെ അപ്പസ്തോലന്റെ പിന്നാലെ അയച്ചുകൊണ്ടിരുന്നു. ഗലേഷ്യാക്കാർക്കുള്ള ലേഖനത്തിൽ യഹൂദരുടെ ഈ കുതന്ത്രങ്ങളെ അദ്ദേഹം ശക്തിയായി അപലപിച്ചിരുന്നു. ശത്രുസങ്കേതമായ യറുശലേമിലേക്ക് ദുശ്ശങ്കകളോടുകൂടിയാണ് അദ്ദേഹം പ്രവേശിച്ചതു്.

വിശ്വാസികൾ അദ്ദേഹത്തിന് ഹൃദയംഗമമായ സ്വാഗതമരുളി. എന്നാൽ കുറേദിവസങ്ങൾ കഴിഞ്ഞപ്പോൾ ശത്രുക്കൾ അദ്ദേഹത്തെ പിടികൂടി. ത്രോഫിമസ് എന്ന ഒരു ഗ്രീക്കുക്രിസ്ത്യാനിയെ അദ്ദേഹം യഹൂദദൈവാലയത്തിൽ പ്രവേശിപ്പിച്ചു എന്നുള്ള സത്യവിരുദ്ധമായ പ്രചരണംമൂലം യഹൂദർ ഇളകിവശായി. പൗലോസിനെ കല്ലെറിഞ്ഞുകൊല്ലുവാൻതന്നെ അവർ നിശ്ചയിച്ചു. ക്ലോഡിയസ് ലിസിയാസ് (Claudius Lysias) എന്ന റോമൻ ട്രിബ്യൂൺ അദ്ദേഹത്തെ രക്ഷിച്ചു. എങ്കിലും ശത്രുക്കൾ സൂത്രത്തിൽ അദ്ദേഹത്തെ അപായപ്പെടുത്തിയേക്കുമെന്നു ഭയന്നു് ലിസിയാസ് അപ്പസ്തോലനെ സിസ്സേറിയായിലുള്ള റോമൻ പ്രൊക്യുറേറ്ററായ ഫീലിക്സിന്റെ കോടതിയിലേക്കയച്ചു

(ശേഷം 8-ാംപേജിൽ)

---

ന്റെ സംക്ഷിപ്തജീവചരിത്രവും അവിടുത്തെ പ്രധാനപ്പെട്ട പ്രബോധനങ്ങളും സംഭാഷണരൂപത്തിൽ ക്രമപ്പെടുത്തിയിരിക്കുന്ന "ക്രിസ്തുചരിത്രം" എന്ന ഭാഗം വിദ്യാർത്ഥിനീവിദ്യാർത്ഥികളെ പഠിപ്പിക്കുന്നതു വളരെ ഉപകാരപ്രദമായിരിക്കും. "ദിവ്യബലിയിൽ സംബന്ധിക്കേണ്ട വിധം", "കുടുംബപ്രതിഷ്ഠ" മുതലായവ ക്രിസ്തീയചൈതന്യത്തെ വർദ്ധിപ്പിക്കുന്നതിനു സഹായിക്കാതിരിക്കയില്ല. സംഘടനകളെപ്പറ്റിയുള്ള പ്രതിപാദനങ്ങൾ അംഗങ്ങൾക്കും സംഘടനകൾ നടത്തുന്നവർക്കും വളരെ പ്രയോജനപ്പെടും. ആചാരങ്ങളെപ്പറ്റി കൊടുത്തിരിക്കുന്ന ഭാഗങ്ങൾ സ്വാഗതാർഹങ്ങളത്രെ.

ആരാധകർക്ക് കൂട്ടമായി ആരാധനയിൽ സഹകരിക്കുന്നതിനു് ഉപകരിക്കുന്ന വിധത്തിലാണ് "തിരുസ്സന്നിധിയിലെ" ക്രമീകരണം. ദിവ്യകാരുണ്യസന്നിധിയിൽ ഉപയോഗിക്കുന്നതിനുള്ള ഗാനങ്ങൾ തിരുസ്സഭയുടെ ആദർശമനുസരിച്ചു പ്രത്യേകം തിരഞ്ഞെടുക്കപ്പെടേണ്ടതിന്റെ ആവശ്യകതയെ "ആരാധനഗീതങ്ങൾ" അനുസ്മരിപ്പിക്കുന്നു.

ഗ്രന്ഥകർത്താവിനും ഇടവകജോലികൾക്കിടയിൽ അദ്ദേഹം നിർവ്വഹിക്കുന്ന കത്തോലിക്കാസാഹിത്യസേവനത്തെയും ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുകയും അദ്ദേഹത്തിനു സകല വിജയവും ആശംസിക്കുകയും ചെയ്യുന്നു.

ജോസഫ് പാറേക്കാട്ടിൽ
എറണാകുളം അതിരൂപതാ
സഹായമെത്രാൻ

(എന്റെ മിത്രം. 1രു. തിരുസ്സന്നിധിയിൽ 6ണ. ആരാധനഗീതങ്ങൾ 3ണ. St. Joseph's Press Mannanam അല്ലെങ്കിൽ Mookannoor S. H. Orphanage Depot Ernakulam എന്ന വിലാസത്തിൽ ആവശ്യപ്പെടുവിൻ)




എറണാകുളം അതിരൂപതാ സഹായമെത്രാൻ ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലെ പട്ടാഭിഷേകകർമ്മങ്ങളിൽ സംബന്ധിച്ച അത്യുന്നത കർദ്ദിനാൾ തിസ്സരാങ്ങ് തിരുമേനിയും മറ്റു അഭിവന്ദ്യ മെത്രാദ്ധ്യക്ഷന്മാരും.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ്ബ് നടുവത്തുശേരി

റൈററ് റവ. ഡോ. ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 27 | ERNAKULAM, DECEMBER 23, 1953 | No. 18


## ക്രിസ്തുമസ് മംഗളം

ലോകരക്ഷകനായ ക്രിസ്തു തിരുവവതാരം ചെയ്തതിന്റെ ഭാഗ്യസ്മരണയെ കൊണ്ടാടുന്ന അവസരമാണല്ലോ ഇത്. സ്നേഹസമ്രാട്ടും സമാധാനദൂതനുമായ അവിടത്തെ ദിവ്യസന്ദേശമാണ് ചൈതന്യമററ ലോകത്തിന് ഉന്മേഷവും ഉത്തേജനവും നൽകിയത്. ആ സന്ദേശം ഇന്നത്തെ രാഷ്ട്രങ്ങളും സമുദായങ്ങളും കുടുംബങ്ങളും വ്യക്തികളും ചെവിക്കൊള്ളുവാൻവേണ്ടി നമുക്ക് ഈയവസരത്തിൽ ഉള്ളഴിഞ്ഞു പ്രാർത്ഥിക്കാം. 1954 മരിയവത്സരമാകയാൽ, ഏതല്ലക്ഷ്യസിദ്ധിക്കായി പരിശുദ്ധ മാതാവിന്റെ സഹായം തേടുകയും ചെയ്യാം. പുൽക്കൂട്ടിൽ ജാതനായ ദിവ്യശിശു എല്ലാവരേയും അനുഗ്രഹിക്കട്ടെ എന്ന പ്രാർത്ഥനയോടുകൂടി ക്രിസ്തുമസ് മംഗളങ്ങൾ സത്യദീപം വായനക്കാർക്കേവർക്കും ആശംസിച്ചുകൊള്ളുന്നു.

## പൗരോഹിത്യ സുവർണ്ണജൂബിലി

വരാപ്പുഴ അതിരൂപതയുടെ വികാരി ജനറാൾ റൈററ് റവ. മോൺ. അലക്സാണ്ടർ ലന്തപ്പറമ്പിൽ അവർകൾ പുരോഹിതപട്ടം സ്വീകരിച്ചിട്ട് ഇതാ അമ്പതു വത്സരം പൂർത്തിയായിരിക്കുന്നു. അദ്ദേഹം ഇതഃപര്യന്തം നിർവ്വഹിച്ചിട്ടുള്ള സേവനത്തിന്റെ മാഹാത്മ്യവും ബഹുല്യതയും പരിഗണിക്കുമ്പോൾ, ഈ അമ്പതു വത്സരം ഒരു നൂററാണ്ടായിത്തന്നെ എണ്ണാവുന്നതാണ്. 1875 ആഗസ്റ്റ് 13-ാംനു ഭൂജാതനായ കഥാപുരുഷൻ 1903 ഡിസംബർ 19-ാം തീയതി കണ്ടിസെമ്മിനാരിയിൽവച്ചു പുരോഹിതപട്ടം സ്വീകരിച്ചു സ്വദേശത്തു തിരിച്ചെത്തിയ ഉടൻ വരാപ്പുഴ അതിരൂപതയുടെ കോട്ടയം ഡിസ്ട്രിക്ടായിരുന്ന ഇപ്പോഴത്തെ വിജയപുരം രൂപതയിൽ മിഷൻപ്രവർത്തനമാരംഭിച്ചു. ഒരു വ്യാഴവട്ടക്കാലത്തെ തീക്ഷ്ണമായ പ്രേഷിതവൃത്തിക്കുശേഷം, വരാപ്പുഴ അതിരൂപതാദ്ധ്യക്ഷന്മാരായിരുന്ന മോസ്റ്റ് റവ. ഡോക്ടർ ബർണാർഡ്, മോസ്റ്റ് റവ. ഡോക്ടർ എയ്ഞ്ചൽമേരി എന്നീ തിരുമേനിമാരുടെ ഭരണകാലത്തു ചാൻസലർ, സിക്രട്ടറി എന്നീ ഉദ്യോഗങ്ങൾ പ്രശസ്തമായി വഹിച്ചു. തദനന്തരം ചാത്യാത്തു പള്ളിയിടവകയുടെ വികാരിയെന്ന നിലയിൽ 10 വർഷം സമാസേവനം നിർവ്വഹിച്ചു. ഇക്കാലഘട്ടത്തിൽ അദ്ദേഹം ദരിദ്രരായ ഇടവകാംഗങ്ങളെ ഉദ്ദേശിച്ച് വിവാഹനിധി, മരണഫണ്ട് മുതലായവ സമാരംഭിച്ച കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. കല്ലൂർ ചെറുപുഷ്പദേവാലയവും വടുതല സെൻറ് ആൻറണീസ് ദേവാലയവും ഇദ്ദേഹത്തിന്റെ പരിശ്രമഫലമായിട്ടാണ് സ്ഥാപിതമായത്. മോസ്റ്റ് റവ. ഡോക്ടർ ജോസഫ് അട്ടിപ്പേററി തിരുമേനി അതിരൂപതാഭരണം കൈയേററപ്പോൾ തിരുമനസ്സുകൊണ്ട് മോൺസിഞ്ഞോർ ലന്തപ്പറമ്പിലിനെ തന്റെ വികാരിജനറാളായി നിയമിച്ചു. കഴിഞ്ഞ 20 വർഷമായി അഭിവന്ദ്യനായ ജൂബിലേറിയൻ ആ ഉദ്യോഗം സ്തുത്യർഹമായി വഹിച്ചുവരുന്നു. സെൻറ് ആൽബർട്ട്സ് കോളേജിന്റെ കെട്ടിടനിർമ്മാണത്തിൽ മേൽനോട്ടം വഹിച്ചതും മോൺസിഞ്ഞോറാണ്. വരാപ്പുഴ മെത്രാപ്പോലീത്താ തിരുമേനിയുടെ വിദേശപര്യടനകാലത്തു ഒരു വർഷത്തോളം കഥാപുരുഷൻ അഡ്മിനിസ്ട്രേററർ എന്ന നിലയിൽ അതിരൂപതാഭരണം നിർവ്വഹിച്ചിട്ടുണ്ട്. വൈദികരുടെ ഉന്നതവിദ്യാഭ്യാസാർത്ഥമുള്ള ഫണ്ടിന്റെ സ്ഥാപകരിലൊരാൾ മോൺസിഞ്ഞോർ ആണെന്ന വസ്തുത വയോവൃദ്ധനായ അദ്ദേഹത്തിന്റെ പുരോഗമനാത്മകമായ വീക്ഷണത്തെയാണ് ചൂണ്ടിക്കാണിക്കുന്നത്. നേരത്തെതന്നെ ഡൊമെസ്റ്റിക് പ്രലേററ് സ്ഥാനം ലഭിച്ചിരുന്ന മോൺസിഞ്ഞോർ ലന്തപ്പറമ്പിലിനെ പരിശുദ്ധസിംഹാസനം അദ്ദേഹത്തിന്റെ പൗരോഹിത്യസുവർണ്ണജൂബിലി പ്രമാണിച്ച് പ്രോട്ടോനോട്ടറിസ്ഥാനം കൂടി നൽകി ബഹുമാനിച്ചതിൽ ഞങ്ങൾ അതിയായി സന്തോഷിക്കുകയും അദ്ദേഹത്തിനു ജൂബിലിമംഗളങ്ങൾ ഹാർദ്ദമായി ആശംസിക്കുകയും ഇനിയും ദീർഘകാലം ക്രിസ്തുവിന്റെ മുന്തിരിത്തോട്ടത്തിൽ വേലചെയ്യുന്നതിനുള്ള അനുഗ്രഹം സർവ്വശക്തൻ അദ്ദേഹത്തിനു പ്രദാനം ചെയ്യുമാറാകട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.



## പൗരോഹിത്യ രജതജൂബിലി

എറണാകുളം അതിരൂപതയുടെ ചാൻസലറും സെക്രട്ടറിയും ആലോചനസംഘാംഗവുമായ വെരി റവ. മോൺസിഞ്ഞോർ വറുഗീസ് പുതുശ്ശേരി എം. എ. പുരോഹിതപട്ടം സ്വീകരിച്ചിട്ട് 25 കൊല്ലം തികയുന്നത് അടുത്ത ശനിയാഴ്ചയാണ്. കഴിഞ്ഞ കാൽ നൂററാണ്ടുകാലത്തേക്ക് അദ്ദേഹം എറണാകുളം അതിരൂപതയ്ക്കു ചെയ്തിട്ടുള്ള സേവനം സുപ്രധാനവും സ്തുത്യർഹവുമായിരിക്കുന്നു.



1897-ൽ ഭൂജാതനായ മോൺസിഞ്ഞോർ ആലുവാ സെൻറ് മേരീസ് ഹൈസ്കൂൾ, തൃശ്ശൂർ സെൻറ് തോമസ് കോളേജ്, തൃശ്ശിനാപ്പള്ളി സെൻറ് ജോസഫ്സ് കോളേജ് എന്നീ വിദ്യാലയങ്ങളിൽ വിദ്യാഭ്യാസം നിർവ്വഹിച്ച് യഥാകാലം ഓണേഴ്സ് ബിരുദം കരസ്ഥമാക്കി. കുറെക്കാലത്തെ അദ്ധ്യാപകവൃത്തിക്കുശേഷം എറണാകുളം സേക്രഡ് ഹാർട്ട് പെററിസെമ്മിനാരിയിലും, പുത്തമ്പള്ളി സെമ്മിനാരിയിലും വൈദികപഠനം നിർവ്വഹിച്ച് 1928 ഡിസംബർ 26-ാം തീയതി ഗുരുപ്പട്ടം സ്വീകരിക്കുകയും പിറേറദിവസം പ്രഥമദിവ്യബലി അർപ്പിക്കുകയും ചെയ്തു.

ഉന്നതബിരുദധാരിയും സേവനോത്സുകനുമായ ഈ നവവൈദികൻ ആദ്യത്തെ ഒരു വർഷം വേദപ്രചാരവേലയിൽ ചെലവഴിച്ചു. തുടർന്ന്, എറണാകുളം മെത്രാപ്പോലീത്താ കണ്ടത്തിൽ മാർ അഗുസ്തീനോസ് തിരുമനസ്സിലെ പ്രൈവററ് സെക്രട്ടറിയായി നിയമിക്കപ്പെട്ടു. 1931-ൽ പരേതനായ പയ്യപ്പിള്ളി ബ. മത്തായി അച്ചൻ സെക്രട്ടറിസ്ഥാനം ഒഴിഞ്ഞപ്പോൾ, ജൂബിലേറിയൻ അതിരൂപതയുടെ ചാൻസലറും സെക്രട്ടറിയുമായി ചാർജെററു. രണ്ടുവർഷംമുമ്പ് അതിരൂപതയിലെ ആലോചനസംഘത്തിലേയും അഡ്മിനിസ്ട്രേഷൻ കൗൺസിലിലേയും അംഗമായി ഉയർത്തപ്പെട്ടു. ആ അവസരത്തിൽത്തന്നെ, അദ്ദേഹം അതിരൂപതയ്ക്കു ചെയ്തിട്ടുള്ള സേവനങ്ങളെ ആധാരമാക്കി, പരിശുദ്ധ സിംഹാസനത്തിൽ നിന്നും അദ്ദേഹത്തിനു പേപ്പൽ ചേംബർലൈൻസ്ഥാനം കല്പിച്ചു നൽകുകയുണ്ടായി.

സത്യദീപത്തിന് അഭിവന്ദ്യ മോൺസിഞ്ഞോരോടുള്ള കടപ്പാട് നിസ്സീമമാണ്. തന്റെ ബഹുമുഖമായ ജോലിത്തിരക്കുകൾക്കിടയിൽപ്പോലും, അവസരോചിതങ്ങളായ നിർദ്ദേശങ്ങൾ നൽകി അദ്ദേഹം ഭരവാഹികളെ സഹായിച്ചുകൊണ്ടാണിരുന്നിട്ടുള്ളത്. അവയ്ക്കെല്ലാം അകമഴിഞ്ഞ കൃതജ്ഞത രേഖപ്പെടുത്തുന്നതിന് ഈയവസരം വിനിയോഗിച്ചുകൊള്ളട്ടെ. വിജ്ഞാനമതിയും പരിചയസമ്പന്നനുമായ ജൂബിലേറിയന്റെ ആർഭാടരഹിതവും കർത്തവ്യനിരതവുമായ ജീവിതം ആർക്കും അനുകരണീയമായിരിക്കുന്നു. അദ്ദേഹം ആയുരാരോഗ്യവാനായി തന്റെ നിസ്സ്വാർത്ഥസേവനങ്ങൾ അനേകവർഷക്കാലത്തേക്കു തുടരുന്നതിനു സർവ്വശക്തൻ ഇടയാക്കട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ട് പുത്രനിർവ്വിശേഷമായ സ്നേഹബഹുമാനങ്ങളോടെ അഭിവന്ദ്യനായ മോൺസിഞ്ഞോർക്ക് സത്യദീപം ജൂബിലിമംഗളങ്ങൾ ആശംസിച്ചുകൊള്ളുന്നു.

## പ്രസാധകക്കുറിപ്പുകൾ

### ആന്ധ്രായിൽ ജസ്വീററ് കോളേജിനു ഗവർണ്ണർ അടിസ്ഥാനമിട്ടു

പുതുതായി രൂപീകരിക്കപ്പെട്ട ആന്ധ്രാസംസ്ഥാനത്തു ജസ്വീററ് വൈദികരുടെ നടത്തിപ്പിലുള്ള ഒരു കോളേജ് വിജയവാഡയിൽ സ്ഥാപിക്കുവാൻ ഏർപ്പാടുചെയ്തിരിക്കുന്നു. അതിന്റെ ശിലാസ്ഥാപനകർമ്മം ആന്ധ്രാ ഗവർണ്ണർ മിസ്റ്റർ ത്രിവേദി ഡിസംബർ 9-ാംനു നിർവ്വഹിച്ചു. മെത്രാപ്പോലീത്തമാർ, മെത്രാന്മാർ, വിദ്യാഭ്യാസപ്രവർത്തകർ, പരോപകാരപ്രവർത്തകർ എന്നിവരുൾപ്പെടെ പ്രധാനപ്പെട്ട പലരും തദവസരത്തിൽ സന്നിഹിതരായിരുന്നു. "ലയോളാ കോളേജ് സഹായകസംഘ"ത്തിന്റെ പരിശ്രമങ്ങളാൽ ശേഖരിച്ച രണ്ടുലക്ഷം രൂപാകൊണ്ട് വാങ്ങിയ 50 ഏക്കർ ഭൂമിയിലാണ് കോളേജ് സ്ഥാപിക്കുന്നത്. 40 ഏക്കർ ഭൂമികൂടി വാങ്ങുവാനുള്ള പണം ശേഖരിക്കാമെന്നു പ്രസ്തുത സംഘം വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇപ്പോൾ ബാംഗളൂർ മെത്രാപ്പോലീത്തായായിരിക്കുന്ന ഡോക്ടർ തോമസ് പോത്തക്കാമുറി, വിജയവാഡയിലെ മററു മെത്രാന്മാർ, ഈ തിരുമേനിമാർ 15 കൊല്ലത്തിലധികമായി ഈ ലയോളാ കോളേജ് സ്ഥാപിക്കുന്നതിനു പരിശ്രമിച്ചുതുടങ്ങിയിട്ട്.

### മിഷനറിസേവനത്തെ ഗവർണ്ണർ അഭിനന്ദിക്കുന്നു

ശിലാസ്ഥാപനകർമ്മത്തിനിടയിൽ ഗവർണ്ണരവർകൾ മിഷനറിമാർ ഇന്ത്യയിൽ വിദ്യാഭ്യാസപരമായും ജീവകാരുണ്യപരമായും നടത്തിക്കൊണ്ടിരിക്കുന്ന സേവനങ്ങളെ അഭിനന്ദിച്ചു സംസാരിച്ചു. ആദ്ധ്യാത്മികവും ഭൗതികവുമായ മണ്ഡലങ്ങളിലെ സ്ഥാനവാഹികളുടെ അനിതരസാധാരണമായ ഒരു സമ്മേളനമാണ് പ്രസ്തുത ചടങ്ങുസംബന്ധിച്ച് അവിടെ നടക്കുന്നതെന്ന് അദ്ദേഹം പ്രസ്താവിച്ചു. ജസ്വീററ് വൈദികർ മദ്രാസിൽ നടത്തുന്ന ലയോളാ കോളേജ് രാജ്യത്തിനു വളരെ നന്മ ചെയ്യുന്നുണ്ടെന്ന് ഗവർണ്ണർ അനുസ്മരിപ്പിച്ചു. ആ കോളേജിലെ വിദ്യാർത്ഥികൾ ഗോദാവരി ദുരിതനിവാരണപ്രസ്ഥാനത്തിൽ എളിമയോടും സേവനമനോഭാവത്തോടുംകൂടി എടുത്ത പങ്കിനെ

ച്ചുപററി അദ്ദേഹം പ്രത്യേകം പ്രശംസിച്ചു. വിജയവാഡയിൽ പൊന്തിവരുന്ന ആന്ധ്രാ ലയോളാ കോളേജ് ഒന്നാന്തരം അക്കാഡെമിക് വിദ്യാഭ്യാസം നൽകുന്നതിനും പുറമെ, വിദ്യാർത്ഥികളുടെയിടയിൽ അച്ചടക്കം, സൽസ്വഭാവം, സേവനമനസ്ഥിതി മുതലായ മനോഗുണങ്ങൾ ഉല്പാദിപ്പിക്കുമെന്നുള്ള തൻെറ പ്രതീക്ഷയെ അദ്ദേഹം പ്രകാശിപ്പിച്ചു. "ഇന്നത്തെ യുവജനങ്ങൾ നാളത്തെ പൗരന്മാരാകുന്നു. ആകയാൽ സ്വതന്ത്രഭാരതത്തിൻെറ ഭാരമേറിയ ചുമതല വഹിക്കുവാൻ ത്രാണിയുള്ള യുവാക്കന്മാരെ ഈ കോളേജ് വാർത്തുവിടുവാൻ ഇടവരട്ടെ എന്നാണ് എൻെറ ആശയും ആഗ്രഹവും പ്രാർത്ഥനയും." [illegible] യഥാർത്ഥ വസ്തുതകൾ ദർശിച്ചതിൻെറ ഫലമല്ലയോ ഇതു!

* * *

## സിസ്റ്റർ അൽഫോൻസാ — നാമകരണനടപടികൾ ആരംഭിച്ചു

ഈ വിഷയം സംബന്ധിച്ച് പാലാ മെത്രാൻ തിരുമേനി ഡിസംബർ 2-ാംനു- പുറപ്പെടുവിച്ച ഇടയലേഖനത്തിലെ ചില വിവരങ്ങൾ താഴെ ചേർക്കുന്നു:-

കാനോനിക നടപടികൾ ആരംഭിക്കുന്നതിനുമുൻപ് ഈ ദൈവദാസിയെപ്പററി വേണ്ട അന്വേഷണങ്ങൾ നടത്തുന്നതിനു നിയമിതനായ റവ. ജെ. സി. കാപ്പൻ അവർകൾ വൈസ് പോസ്‌ററുലേറററ് സ്ഥാനത്തിനുള്ള അംഗീകരണം സ്വീകരിക്കുകയും, ഇതിനകം അൽഫോൻസാമ്മ താമസിച്ചിട്ടുള്ള സ്ഥലങ്ങൾ സന്ദർശിക്കുകയും, ബന്ധുമിത്രാദികളുമായി വിവിധ അന്തസ്സുകളിലും തൊഴിലുകളിലുംപെട്ട 120-തിലധികം ആളുകളെ നേരിട്ടുകണ്ട് വിശദവിവരങ്ങൾ ശേഖരിക്കുകയും, അവയെ അടിസ്ഥാനമാക്കി ലേഖനങ്ങൾ (കേസ്സ്) തയാർചെയ്ത് റോമിൽ നമ്മുടെ പോസ്‌ററുലേറററായിരിക്കുന്ന റവ. ഫാദർ ഫിലിപ്പിയോണി O. F. M. (Cap) അവർകളുടെ അംഗീകരണത്തിനായി അയക്കുകയും ചെയ്തിരിക്കുന്നു. അടുത്തതായി നടക്കേണ്ടതു് ഈ ദൈവദാസിയുടെ വീരോചിതസുകൃതങ്ങളേയും അവളുടെ എഴുത്തുകുത്തുകളേയും അവർക്കു പരസ്യവണക്കം ചെയ്തിട്ടില്ലെന്നതിനേയും മററും നിദാനമാക്കിയുള്ള രൂപതാവിചാരണയാണ്. രൂപതാകച്ചേരിയുടെ അദ്ധ്യക്ഷനെന്ന നിലയിൽ വിചാരണ നേരിട്ടുതന്നെ നടത്താൻ പാലാമെത്രാനു അവകാശവും അധികാരവുമുണ്ടെങ്കിലും, രൂപതാസംബന്ധമായ ജോലിത്തിരക്കുകൾ നിമിത്തം തിരുമേനി തൻെറ പ്രതിനിധിയായി റവ. ഫാദർ റൊമയോ തോമസിനേയും അദ്ദേഹത്തിൻെറ സഹജഡ്ജിമാരായി റവ. ഫാദർ കെ. സി. ചാണ്ടി കൊടിത്തോട്ടത്തിൽ, റവ. ഫാദർ ജോസഫ് എററുമാനൂക്കാരൻ, റവ. ഫാദർ തോമസ് അരയത്തിനാൽ എന്നിവരേയും എതിർവക്കീലായി റവ. ഫാദർ ബെക്‌മൻസ് ഒ. എഫ്. എം. നേയും നോട്ടറിയായി റവ. ഫാദർ പോൾ പള്ളത്തുകുഴിയേയും ദൂതനായി ശ്രീ ടി. ടി. മാത്യുവിനേയും നിയമിച്ചിരിക്കുന്നു.

ഈ കോടതിയിൽ ജാതിമതഭേദമെന്യേ പ്രായപൂർത്തിയായ ഏവർക്കും ഹാജരായി അൽഫോൻസാമ്മയെ സംബന്ധിച്ചു മനസ്സാക്ഷിക്കനുസരണമായ വിധം അനുകൂലമായോ പ്രതികൂലമായോ മൊഴികൊടുക്കാവുന്നതാണ്. കത്തോലിക്കർ അതിനു കടപ്പെട്ടവരുമാണ്. ഇടയലേഖനം ഇങ്ങനെ ഉപസംഹരിക്കുന്നു:-

"ഇന്ത്യൻ ക്രിസ്ത്യാനികൾക്കു കമാനം അഭിമാനവും ആഹ്ലാദവും ഉളവാക്കുന്ന ഒരു കൃത്യമാണ് നാം ഇന്നു സമാരംഭിക്കുന്നതു്. ബ്. അൽഫോൻസാമ്മയെ പുണ്യവതിയെന്നു നാമകരണം ചെയ്തുകാണുവാൻ ഇടയാകുന്നപക്ഷം അതു നമ്മുടെ മാതൃഭൂമിയുടേയും നമ്മുടെ തലമുറയുടേയും മഹാഭാഗ്യമായിരിക്കും. കാരുണ്യസ്വരൂപനായ ദൈവം നമ്മെ കടാക്ഷിച്ചു ഈ ഭാഗ്യം നമുക്കു പ്രദാനം ചെയ്യുമാറാകട്ടെ. തദർത്ഥം നിങ്ങളേവരും ഹൃദയംഗമമായി പ്രാർത്ഥിക്കണം. ആവശ്യമായ ഇതര സഹായസഹകരണങ്ങളും ഈ രൂപതയിലും പുറത്തുമുള്ള മഹാജനങ്ങളിൽനിന്നു നാം പ്രതീക്ഷിക്കുന്നു."

അതേ നമുക്കു പ്രാർത്ഥിക്കാം, സഹായസഹകരണങ്ങൾ നൽകാം.

* * *

## ഭക്ഷ്യവിഭവങ്ങൾ ലോകത്തിൽ വർദ്ധിച്ചിരിക്കുന്നെന്നു് വിദഗ്ദ്ധാഭിപ്രായം

ഐക്യരാഷ്ട്രസംഘടനയുടെ ആഭിമുഖ്യത്തിൽ നടത്തിപ്പോരുന്ന ആഗോളസംഘടനകളിൽ ഒന്നാണു ഭക്ഷ്യവും കൃഷിയും സംഘടന (F. A. O.) 71 രാഷ്ട്രങ്ങൾ അംഗങ്ങളായുള്ള ഈ സംഘടനയുടെ കോൺഫറൻസ് നവംബർ അവസാനത്തിലും ഡിസംബർ ആദ്യത്തിലുമായി മൂന്നാഴ്ചയോളം റോമയിൽ സമ്മേളിച്ചു 500 ഡെലഗേററുകൾ അതിൽ സന്നിഹിതരായിരുന്നു. ലോകത്തിലെ ഇപ്പോഴത്തെ ഭക്ഷ്യോല്പാദനം യുദ്ധത്തിനുമുമ്പുള്ളതിനേക്കാൾ 28 ശതമാനം അധികമാണെന്നും, ലോകത്തിലെ ജനപ്പെരുപ്പത്തോടൊപ്പം അതും വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നും കോൺഫറൻസു മനസ്സിലാക്കിയിരിക്കുന്നു. ഈ വർദ്ധനവിൽ ഏകദേശം പകുതിയും വടക്കേ അമേരിക്കയിലാണു ഉണ്ടായിട്ടുള്ളതു്. വിദൂരപൂർവ്വപ്രദേശങ്ങളിൽ ഭക്ഷ്യോല്പാദനം യുദ്ധത്തിനു മുമ്പുള്ള തോതിൽ അല്പം കൂടുതലാണ്. ലോകത്തിലെ ആകെ ജനസംഖ്യയിൽ 7 ശതമാനംമാത്രംവരുന്ന വടക്കേ അമേരിക്കയിൽ ലോകത്തിലെ ആകെയുള്ള കാർഷികോല്പാദനത്തിൻെറ 20 ശതമാനത്തിലധികമുണ്ട്. ലോകത്തിലെ ആകെ ജനസംഖ്യയുടെ പകുതിയോളമുള്ള വിദൂരപൂർവ്വപ്രദേശങ്ങളിൽ ലോകത്തിലെ കാർഷികോല്പന്നങ്ങളുടെ നാലിലൊന്നിൽ അല്പം കൂടുതലേയുള്ളു. "വികസിതമല്ലാത്ത പ്രദേശങ്ങളിലെ സാമ്പത്തികപുരോഗതി അവിടത്തെ ജനങ്ങളുടെ ക്രയശക്തി ഉയർത്തുന്നതുവരെ ശരിയായ പോഷണരാഹിത്യത്തിൻെറ പ്രശ്നത്തിനു അവസാനമായ പരിഹാരവും, കാർഷികോല്പന്നങ്ങളുടെ സ്വൈരാജ്യപരമായ വ്യാപാരത്തിൽ തൃപ്തികരമായ സമീകരണവും ഉണ്ടാകാൻ സാദ്ധ്യമല്ല" എന്നാണു കോൺഫറൻസ് പ്രസ്താവിച്ചതു്.

## മാർപ്പാപ്പായുടെ ഉദ്ബോധനം, മിച്ചരാജ്യങ്ങൾ ക്ഷാമരാജ്യങ്ങളെ സഹായിക്കണമെന്നു്

പ്രസ്തുത കോൺഫറൻസിൽ സംബന്ധിച്ച പ്രതിനിധികൾ 12-ാം പീയൂസ് മാർപ്പാപ്പായെ സന്ദർശിച്ചപ്പോൾ, ലോകത്തിലെ വിശന്നുവലയുന്ന ജനലക്ഷങ്ങളെ തീററിപ്പോററുവാൻ ശ്രമിക്കുന്ന പ്രസ്തുത സംഘടന ക്രിസ്തുവിൻെറ പാഠങ്ങളെ അനുവർത്തിക്കുകയാണു ചെയ്യുന്നതെന്നു തിരുമേനി പ്രസ്താവിച്ചു. അവരുടെ സേവനം സാമ്പത്തികപരം മാത്രമല്ല, വളരെ സാമൂഹ്യപ്രാധാന്യത അർഹിക്കുന്നതുകൂടിയാണെന്നു തിരുമേനി പറഞ്ഞു. എന്നിട്ടിങ്ങനെ തുടർന്നു:-

"ലോകത്തിലെ എല്ലാ ജനങ്ങളേയും തീററിപ്പോററുന്നതിനു ഭൂമി സമർത്ഥമായിരിക്കെ, ക്ഷാമത്തിനിരയായിത്തീരുന്നവരുടെ ദയനീയകാഴ്ചയെ പരിഷ്കൃതലോകത്തിനു അസാദ്ധ്യമായ ദുഃഖത്തോടുകൂടിമാത്രമേ എപ്പോഴും വീക്ഷിക്കുവാൻ തരപ്പെടുകയുള്ളു. ഈ ദുരിതം നിർമ്മാർജ്ജനം ചെയ്യുന്നതിനു വേണ്ടിവരുന്ന അല്പം ത്യാഗവും കർത്തവ്യനിഷ്ഠയും തീർച്ചയായും ന്യായീകരിക്കുന്നതാണു്. തന്നെ അനുഗമിച്ച ജനക്കൂട്ടത്തിനു ക്രിസ്തു ഭക്ഷണം കൊടുക്കുകയുണ്ടായില്ലേ? അനുദിനഭോജനം നൽകുവാൻ ദൈവത്തോടപേക്ഷിക്കുന്ന പ്രാർത്ഥന അവിടുന്നു തൻെറ ശിഷ്യന്മാരെ പഠിപ്പിക്കുകയുണ്ടായില്ലേ? മനുഷ്യവർഗ്ഗത്തിൻെറ രക്ഷയ്ക്കുവേണ്ടി തന്നെത്തന്നെ സമർപ്പിച്ച അവിടുത്തേക്കു പ്രിയങ്കരമായ ഒരു ലക്ഷ്യം പ്രാപിക്കുവാനാണ് നിങ്ങൾ ശ്രമിക്കുന്നതെന്നുള്ളതിനു സംശയമില്ല."

ലോകത്തിലെ ജനസംഖ്യയിൽ 70 ശതമാനവും വേണ്ടത്ര ആഹാരമില്ലാതെ കഴിയുന്നുവെന്ന വസ്തുതയെ സൂചിപ്പിച്ചുകൊണ്ടു് തിരുമേനി പറഞ്ഞു: കൂടുതൽ ഭാഗ്യവത്തുക്കളായ രാജ്യങ്ങൾ തങ്ങളുടെ ഉല്പാദനത്തിൽ അധികമുള്ളവ ഈ ജനങ്ങളെ സഹായിക്കുവാനായി ഉപയോഗിക്കുമെന്നു് കരുതേണ്ടിയിരിക്കുന്നു. എന്നാൽ ദുർഭിക്ഷപ്രദേശങ്ങളിൽ ഉല്പാദനം വർദ്ധിപ്പിക്കേണ്ടതു് കൂടുതൽ അടിയന്തിരമായ ഒരു സംഗതിയായിരിക്കുന്നു.

മനുഷ്യവംശം ഒരു കുടുംബമാകുന്നു. അതിലെ അംഗങ്ങളായ വിവിധരാജ്യങ്ങൾ നീതിയുടേയും സ്നേഹത്തിൻേറയും സ്വർണ്ണച്ചങ്ങലകളാൽ പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നു. ഈ ബോധം രാഷ്ട്രങ്ങൾക്കുണ്ടായിരിക്കേണ്ടതാണ് ഇന്നത്തെ പ്രധാനമായ ആവശ്യം. അതുണ്ടെങ്കിൽ ഭക്ഷ്യവിഭവങ്ങൾ മിച്ചമുള്ള രാജ്യങ്ങൾ അവ ആവശ്യത്തിനു് ഇല്ലാത്ത രാജ്യങ്ങളെ സഹായിക്കുവാൻ തയാറാകാതെയിരിക്കുകയില്ല.

* * *

## വിദ്യാർത്ഥികളുടെ പ്രക്ഷോഭണത്തെ ശ്രീ നെഹ്റു അപലപിക്കുന്നു

ഉത്തരപ്രദേശത്തെ വിദ്യാർത്ഥികൾ അടുത്തുകഴിഞ്ഞ ദിവസങ്ങളിൽ നടത്തിയ പ്രക്ഷോഭണത്തെ പരാമർശിച്ച് പ്രധാനമന്ത്രി ശ്രീ നെഹ്റു ഈ ഡിസംബർ 11-ാംനു- ഡേറാഡൂണിലെ വമ്പിച്ച പൊതുയോഗത്തിൽ ചില പ്രസ്താവങ്ങൾ ചെയ്തു. വിദ്യാർത്ഥികൾ അവരുടെ അഭിപ്രായങ്ങൾ പ്രകാശിപ്പിക്കുവാൻ സ്വീകരിക്കുന്ന സമ്പ്രദായങ്ങൾ തനിക്കു് ആശ്ചര്യജനകമായിരിക്കുന്നു. ഇന്നും ഒരു വിദ്യാർത്ഥിയായിട്ടാണ് താൻ സ്വയം പരിഗണിക്കുന്നതു്. ഫലം പുറപ്പെടുവിക്കാൻ വേണ്ടി മാത്രമുള്ള പഠിപ്പിലല്ലുള്ളതു്. തൻെറ ബുദ്ധി അങ്ങനെയാണിരിക്കുന്നതു്. ഇനിയും കൂടുതൽകൂടുതൽ പഠിക്കുവാനും വായിക്കുവാനുമാണ് താനാഗ്രഹിക്കുന്നതു്. ഈ ലോകത്തിലെവിടെയും അനേകം കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. അവയെ മനസ്സിലാക്കണമെന്നാണ് തൻെറ ആഗ്രഹം. വിദ്യാർത്ഥികളുടെ മനോഭാവങ്ങളും അദ്ദേഹം മനസ്സിലാക്കുന്നുണ്ട്. അവരോടനുഭാവവും തനിക്കുണ്ട്. തൻെറ തലമുറയിൽപ്പെട്ട ആളുകൾ ഇനി ദീർഘകാലം ജീവിക്കാനുള്ളവരല്ലന്ന സംഗതിയാണ് തൻെറ മനസ്സിൽ ഇന്നു മുന്തിനില്ക്കുന്നതു്. ഇന്നത്തെ യുവജനങ്ങൾ നിർമ്മിക്കുന്നതിനെ ആശ്രയിച്ചിരിക്കും ഇന്ത്യയുടെ ഭാവി. വലിയ ഉത്തരവാദിത്വങ്ങൾ അവർ വഹിക്കേണ്ടതായുണ്ട്. തങ്ങളെത്തന്നെ അതിനായി അവർ ഒരുക്കേണ്ടിയിരിക്കുന്നു. തങ്ങളുടെ ശക്തികളെ നിസ്സാരങ്ങളായ കാര്യങ്ങളിൽ അവർ ശിഥിലീകരിച്ചുകളയരുതു്. കുറേമുമ്പ് താൻ നൽകിയ ഉപദേശത്തോട് വിദ്യാർത്ഥികൾ കാണിച്ച അമർഷത്തെ സൂചിപ്പിച്ചുകൊണ്ടു് മി. നെഹ്റു ഇങ്ങനെ പറഞ്ഞു:- "ഈയിടെ ഞാൻ വിദ്യാർത്ഥികൾക്കു് ചില ഉപദേശങ്ങൾ നൽകി. അവർ അതിൽ രോഷാകുലരായി. ആ രോഷം പ്രകാശിപ്പിക്കുവാനുള്ള ധാർഷ്ട്യവും അവർക്കുണ്ടായി. ഈയിടെ ചെയ്തതുപോലെ വിദ്യാർത്ഥികൾ പെരുമാറുന്നപക്ഷം സർവ്വകലാശാലകളെക്കൊണ്ടു് എന്തു ഉപയോഗമാണുള്ളതെന്നു ഞാൻ ചോദിച്ചിരുന്നു. സർവ്വകലാശാലകൾ പൂട്ടിയിടാതിരിക്കാൻ ന്യായമുണ്ടോ? ഞാനിതു മനഃപൂർവ്വമാണു പറഞ്ഞതു്. നമ്മുടെ സർവ്വകലാശാലകൾ ക്രമമായി നടത്തിക്കൊണ്ടുപോകാൻ സാദ്ധ്യമല്ലെങ്കിൽ നാം അവയെ പൂട്ടിയിടണമെന്നാണ് എൻെറ സുനിശ്ചിതമായ അഭിപ്രായം. അതേപ്പററി ആർക്കും ഒരു വ്യാമോഹവും വേണ്ട. എങ്കിലും സർവ്വകലാശാലകളെ ക്രമമായി നടത്തുവാൻ നമുക്കു സാധിക്കുമെന്നു് ഞാൻ കരുതുന്നു." വിദ്യാർത്ഥിബഹളം വീണ്ടും ഉണ്ടാകയില്ലെന്നു നെഹ്റു പ്രത്യാശിച്ചു. സർവ്വകലാശാലകൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നതു് യുവതീയുവാക്കന്മാർക്ക് ഭാവിയിലെ കർത്തവ്യങ്ങൾക്കായി തങ്ങളെത്തന്നെ ഒരുക്കുവാൻ അവസരം നൽകുന്നതിനുവേണ്ടിയാണ്. സർവ്വകലാശാലകളിൽ തങ്ങളുടെ സൽസ്വഭാവം അവർ കെട്ടിപ്പടുക്കണം, തങ്ങളുടെ ബുദ്ധിശക്തിക്കു് മൂർച്ചകൂട്ടണം, ആരോഗ്യം വികസിപ്പിക്കണം, അങ്ങനെ വലിയ ഉത്തരവാദിത്വത്തോടുകൂടിയ കർത്തവ്യങ്ങൾ ഭാവിയിൽ ഏറെറടുക്കുവാൻ അവർക്കു കഴിവുണ്ടാകണം.—

വിദ്യാർത്ഥികളുടെ വഴിപിഴച്ച പ്രക്ഷോഭണങ്ങൾക്കു് പ്രധാനമായ കാരണങ്ങളിൽ ഒന്നു്, അവരിലുള്ള മനുഷ്യസഹജമായ ദുർവികാരങ്ങളെ പിടിച്ചടക്കേണ്ട ആവശ്യകതയേയും പിടിച്ചടക്കാനുള്ള വിധങ്ങളേയുംപററി താത്വികവും പ്രായോഗികവുമായ ഉപദേശങ്ങൾ സ്കൂളുകളിലും കോളെജുകളിലും പാഠപദ്ധതികളോടനുബന്ധിച്ച് അവർക്കു നൽകാത്തതാണ്. ആകയാൽ ഈശ്വരാസ്തിക്യത്തെ ആധാരമാക്കിയുള്ള സന്മാർഗ്ഗപാഠങ്ങൾ അവരെ പഠിപ്പിക്കുന്നതിനും അതിൻെറ പരിശീലനം അവർക്കു നൽകുന്നതിനുമുള്ള ഏർപ്പാടുകളാണ് അധികാരികൾ ചെയ്യേണ്ടതു്. രണ്ടാമതായി വിധ്വംസകപരിപാടികളോടുകൂടിയ രാഷ്ട്രീയപാർട്ടികൾ വിദ്യാർത്ഥികളുടെ ദുർവികാരങ്ങൾക്കു് വളം വച്ചുകൊടുക്കുകയും അതുവഴിയായി അവരെ സ്വാധീനപ്പെടുത്തുകയും അനന്തരം അവരെ ഉപകരണങ്ങളായി സ്വീകരിക്കുകയും ചെയ്യുന്നു. ഇതിനുള്ള പ്രതിവിധി അത്തരം പാർട്ടികൾക്കു് വിദ്യാലയങ്ങളിലും കോളെജുകളിലും അവരുടെ ദുസ്സ്വാധീനം പ്രയോഗിക്കുവാൻ സന്ദർഭങ്ങൾ നൽകാതിരിക്കുവാൻ ഏർപ്പാടുചെയ്യുകയാണ്. ഇതിലും അധികാരികളുടെ ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു.

* * *

## കമ്മ്യൂണിസ്റ്റ്‌സഖിത്വം സിലോണിനു വേണ്ടെന്നു് അവിടത്തെ പ്രധാനമന്ത്രി

ഒരു ചൈനീസ് സുഹൃൽസംഘം ഇൻഡ്യയിൽ ഇപ്പോൾ പര്യടനം നടത്തുകയാണല്ലോ. ഇൻഡ്യയിൽ കമ്മ്യൂണിസ്റ്റ്‌സഖിത്വം വർദ്ധിപ്പിക്കുവാൻ കമ്മ്യൂണിസ്റ്റ്‌ചൈന സ്വീകരിച്ചുകൊണ്ടിരിക്കുന്ന അടവുകളിലൊന്നാണിതു്. സിലോണിലും ഈ അടവു് പ്രയോഗിക്കണമെന്നു് ചൈനീസ് സുഹൃൽസംഘത്തിനു് ആഗ്രഹമുണ്ടായി. സിലോൺ പര്യടനത്തിനു് അവർ ആവശ്യപ്പെട്ട അനുമതി അവിടത്തെ പ്രധാനമന്ത്രി നിഷേധിച്ചിരിക്കുന്നു. ബ്രിട്ടീഷ് ഗയാനയിൽനിന്നു് നിഷ്കാസിതനും ഇപ്പോൾ ഇൻഡ്യയിൽ പര്യടനം നടത്തിക്കൊണ്ടിരിക്കുന്നവനുമായ അവിടത്തെ പ്രധാനമന്ത്രി ഡോക്ടർ ചേഡി ജഗനും, ബ്രിട്ടീഷ് കമ്മ്യൂണിസ്റ്റ്‌പാർട്ടിയുടെ നേതാവായ മിസ്റ്റർ ഹാരി പൊള്ളിററിനും സിലോൺപ്രധാനമന്ത്രി പ്രവേശനാനുമതി നിഷേധിച്ചു. നവംബർ 12-ാംനു- കൊളംബു കോളെജുഗ്രൗണ്ടിൽ സമ്മേളിച്ച ഒരു വലിയ യോഗത്തിൽ പ്രസംഗിക്കവേയാണ് പ്രധാനമന്ത്രി സർ ജോൺ കൊട്ടലവാലാ ഈ വസ്തുത പ്രസ്താവിച്ചതു്.

"യാതൊരു കാരണവശാലും ചൈനയിൽനിന്നുള്ള ഒരു സുഹൃൽസംഘത്തിനു് സിലോണിൽ വരാൻ അനുമതിയുണ്ടാകയില്ല. വ്യാപാരം ഒഴിച്ച് മറെറാരുബന്ധവും ചൈനയുമായി ഉണ്ടാക്കാൻ സിലോൺ തയ്യാറില്ല" എന്നാണു് അദ്ദേഹം പറഞ്ഞതു്. ഏഷ്യയിലെ അയൽരാജ്യങ്ങളിൽ നടക്കുന്ന കമ്മ്യൂണിസ്റ്റ് നുഴഞ്ഞുകയററത്തിൽ അദ്ദേഹത്തിനു് ആശങ്കയുണ്ടു്. "ഞാൻ കമ്മ്യൂണിസ്റ്റ്‌ചൈനയ്ക്കു് ഒരു കത്തയച്ചിട്ടുണ്ടു്. ചൈനീസ് ഗവമ്മെൻറുമായി ഒരു വ്യാപാര ഉടമ്പടിമാത്രമേ ഉണ്ടാകയുള്ളുവെന്നു് അനുസ്മരിപ്പിച്ചുകൊണ്ടു്." കത്തിലെ വാക്കുകൾ അദ്ദേഹമിങ്ങനെ ഉദ്ധരിച്ചു:- "നാം തമ്മിലുള്ള ബന്ധങ്ങൾ ആ വിധത്തിലാണ് നില്ക്കുന്നതു്. സൗജന്യമായി ഞങ്ങളൊന്നും ചൈനയിൽനിന്നും പററിയിട്ടില്ല. ഞങ്ങൾ നിങ്ങൾക്കു റബ്ബർ വില്ക്കുന്നു. പകരം നിങ്ങൾ ഞങ്ങൾക്കു് അരി വില്ക്കുന്നു. കമ്മ്യൂണിസ്റ്റുകാരുമായി മറെറാരു മൈത്രിയോ ഇടപാടോ ഞങ്ങൾക്കു വേണ്ടാ."

## മന്ത്രി കമ്മ്യൂണിസത്തെ അപലപിക്കുന്നു

കമ്മ്യൂണിസത്തിൽ അടങ്ങിയിരിക്കുന്ന അപകടങ്ങളെപ്പററി മുന്നറിവുനൽകിയശേഷം പ്രധാനമന്ത്രി തുടർന്നു:-

"അവരുടെ കപടവാഗ്ദാനങ്ങളിൽ കുടുങ്ങരുതേ. കമ്മ്യൂണിസ്റ്റ്‌പാർട്ടിയൊഴിച്ച് പ്രതിപക്ഷരാഷ്ട്രീയകക്ഷികൾ എത്രയെണ്ണവും ഉണ്ടായിക്കൊള്ളട്ടെ. ആ പാർട്ടിയെ ഞാൻ വെറുക്കുന്നു. അതിൻെറ വേരു സിലോണിലല്ല. അതിലെ അംഗങ്ങൾക്കു് സിലോണിനോടു കൂറുമില്ല. സിലോണിലെ സഖാക്കൾ റഷ്യൻ യജമാനന്മാരുടെ വരുതിയിൽനില്ക്കുന്നവരാണ്. ജനാധിപത്യത്തെ തകർക്കാനും മററു രാഷ്ട്രങ്ങളെ തങ്ങളുടെ വലയത്തിൽ കുടുക്കാനും നില്ക്കുന്ന ഒന്നാണു റഷ്യ. 250 കൊല്ലംമുമ്പ് കുറെ സിലോൺകാർതന്നെ രാജ്യത്തെ വിദേശികൾക്കൊ

റിക്കൊടുത്തു. ഇന്നു ഇതര കുറെ വിധ്വംസകർ — ഇവിടത്തെ സഖാക്കൾ—റഷ്യൻധന സഹായവും പററിക്കൊണ്ടു് രാജ്യത്തെ ഒററിക്കൊടുക്കാൻ ശ്രമിക്കുന്നു!" സാരവത്തായ ഒരുപദേശം നൽകിക്കൊണ്ടാണു് പ്രധാനമന്ത്രി ഉപസംഹരിച്ചതു്. "മതത്തെ ഉത്സാഹിക്കണം, ആദരിക്കണം. നിയമംകൊണ്ടു് ഒരു ജനതയെ സത്യസന്ധരോ സന്മാർഗ്ഗനിഷ്ഠരോ സ്വഭാവഗുണമുള്ളവരോ ആക്കുക സാദ്ധ്യമല്ല. മതത്തിനു മാത്രമേ അതിനു കഴിവുള്ളു."

കമ്മ്യൂണിസത്തെ എത്ര യഥാർത്ഥമായി സിലോൺപ്രധാനമന്ത്രി മനസ്സിലാക്കുകയും ചിത്രീകരിക്കുകയും ചെയ്തിരിക്കുന്നു! പൊതുതിരഞ്ഞെടുപ്പു് ആസന്നമായിരിക്കുന്ന ഈ സന്ദർഭത്തിലെങ്കിലും കമ്മ്യൂണിസത്തിന്റെ യഥാർത്ഥസ്വഭാവം തിരുക്കൊച്ചിയിലെ ജനങ്ങൾ മനസ്സിലാക്കിയിരുന്നെങ്കിൽ!! അവരെ മനസ്സിലാക്കിക്കൊടുക്കാൻ കോൺഗ്രസ്സ് പാർട്ടിയും മതമേലദ്ധ്യക്ഷരും ജനനേതാക്കന്മാരും പ്രസംഗങ്ങളാലും പ്രസിദ്ധീകരണങ്ങളാലും വിപുലമായതോതിൽ പ്രചരണം നടത്തിയിരുന്നെങ്കിൽ!!!

## ഒരു വന്ദ്യവൈദികന്റെ പ്രേഷിതപരിശ്രമങ്ങൾ

ക്രിസ്തുചരിത്രം പഠിക്കുക എന്നുള്ളതു് ഏതൊരു ക്രിസ്ത്യാനിയുടെയും അപരിത്യാജ്യമായ ഒരു കടമയാകുന്നു. ക്രിസ്തുചരിത്രം പ്രധാനമായി നമുക്കു ലഭിക്കുന്നതു സുവിശേഷഗ്രന്ഥങ്ങളിൽനിന്നാണല്ലോ. ഇക്കാരണംകൊണ്ടത്രെ തിരുസ്സഭാമാതാവു് തന്റെ സന്താനങ്ങളെ വേദപുസ്തകങ്ങൾ പ്രത്യേകിച്ചു സുവിശേഷഗ്രന്ഥങ്ങൾ നിത്യവും പാരായണം ചെയ്യണമെന്നു നിരന്തരം ഉദ്ബോധിപ്പിച്ചുകൊണ്ടിരിക്കുന്നതു്.

എന്നാൽ വേദപുസ്തകപാരായണത്തെപ്പററിപ്പറയുമ്പോൾ, സാമാന്യജനങ്ങൾക്കു വലിയ വിലകൊടുത്തു സുവിശേഷഗ്രന്ഥങ്ങൾ വാങ്ങിച്ചു വായിക്കുവാൻ കഴിവില്ല എന്നൊരു പ്രയാസം അഭിമുഖീകരിക്കേണ്ടിയിരിക്കുന്നു. ഈ പ്രശ്നത്തിനു് ഒരു പരിഹാരമെന്നോണമാണു ബ. നടക്കൽ മത്തായിയച്ചൻ "സുവിശേഷസമാഹാരം" എന്നപേരിൽ സുവിശേഷങ്ങളുടെ വിലകുറഞ്ഞ ഒരു പതിപ്പു് പ്രസിദ്ധം ചെയ്തിരിക്കുന്നതു്. ഏതാണ്ടു മുന്നൂറോളം പേജുകളുള്ള ഈ ഗ്രന്ഥത്തിനു ഒരു രൂപാമാത്രമാണു വില. ഇതൊരു വലിയനേട്ടമാണു്. സുവിശേഷസമാഹാരത്തിന്റെ പ്രസിദ്ധീകരണം സംബന്ധിച്ചു മന്നാനം പ്രസ്സുകാർ ചെയ്തിരിക്കുന്ന സഹകരണവും വിസ്മരിക്കാവുന്നതല്ല.

സുവിശേഷസമാഹാരം വിലകുറഞ്ഞ ഒരു പതിപ്പു് എന്നതന്നെയുമല്ല. നാലു സുവിശേഷങ്ങളുടെയും ഉള്ളടക്കം മുഴുവനും ആവർത്തനംകൂടാതെ സുവിശേഷകന്മാരുടെ വാക്യങ്ങളിൽതന്നെ ക്രമപ്പെടുത്തിയിട്ടുള്ള ഈ ഗ്രന്ഥം ഏവർക്കും രസകരമായ ഒരു ജീവചരിത്രമായും, സുവിശേഷഗ്രന്ഥങ്ങൾ സദാ കൈകാര്യംചെയ്തുകൊണ്ടിരിക്കുന്നവർക്കു് ഒരു റഫറൻസുബുക്കായും അനുഭവപ്പെടുകയുംചെയ്യും.

കുറെ പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തുക എന്നുള്ളതു മാത്രമല്ല, ചില പൊതുലക്ഷ്യങ്ങളും നടക്കലച്ചന്റെ പരിശ്രമങ്ങളിൽ നാം കാണുന്നുണ്ടു്. അദ്ദേഹം പുതുതായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന "എന്റെ മിത്രം." "തിരുസ്സന്നിധിയിൽ" "ആരാധനാഗീതങ്ങൾ" എന്നീ മൂന്നു ഗ്രന്ഥങ്ങൾ ഇതിനു തെളിവുകളാണു്. അവയെപ്പററിയുള്ള അഭിവന്ദ്യ പാറേക്കാട്ടിൽ തിരുമേനിയുടെ ആശീർവ്വാദലേഖനം അന്യത്ര ചേർത്തിരിക്കുന്നു.

---

സത്യദീപം വരിസംഖ്യ

പ്രതിവർഷം

| | | |
|---|---|---|
| ഇൻഡ്യയിൽ | ക. | 6— 8—0 |
| ഇൻഡ്യക്കപ്പുറമെ | " | 8—12—0 |

---

## അടുത്തയാഴ്ചയിൽ

ഡിസമ്പർ

27 ഞാ: യോഹന്നാൻ
28 തി: കുഞ്ഞുപൈതങ്ങൾ
29 ചൊ: കാൻറർബറിയിലെ തോമ്മാ
30 ബു: സബീനൂസ്
31 വ്യാ: സിൽവെസ്ത്രോസ്
1954 ജനുവരി
1 വെ: ഛേദനാചാരം
2 ശ: മെക്കാറിയൂസ്

## വിജ്ഞാപനം

ക്രിസ്തുമസ് പ്രമാണിച്ചു് ഓഫീസ് ഒഴിവാകയാൽ അടുത്തയാഴ്ചയിൽ (ഡിസമ്പർ 30-നു്) സത്യദീപം ഉണ്ടായിരിക്കുന്നതല്ല.

## ചരമം

മോനിപ്പള്ളി: സ്ഥലം പഞ്ചായത്തു പ്രസിഡണ്ടു് ശ്രീ എം. എ. ജോസഫ് മാററപ്പിള്ളിൽ അവർകളുടെ പിതാമഹി ശ്രീമതി മറിയാമ്മ ഡിസംബർ 14-ാം നു നിര്യാതയായിരിക്കുന്നു.

R. I. P.

(5-ാം പേജു് തുടർച്ച)

ചങ്ങലകൾകൊണ്ടു ബന്ധിച്ചാണു് അദ്ദേഹത്തെ കൊണ്ടുപോയതു്. യഹൂദർ അവിടെയെത്തി പൗലോസിന്റെ മേലുള്ള കുററാരോപണങ്ങൾ സമർപ്പിച്ചു. എന്നാൽ ശിക്ഷാർഹമായ യാതൊരു കുററവും ഫീലിക്സിനു് അദ്ദേഹത്തിൽ കാണുവാൻ സാധിച്ചില്ല. എങ്കിലും യഹൂദരെ പ്രീതിപ്പെടുത്തുവാൻവേണ്ടി അദ്ദേഹം പൗലോസിനെ രണ്ടുവർഷം തടവിൽ പാർപ്പിച്ചു. അപ്പസ്തോലൻ തന്നെയോ, അല്ലെങ്കിൽ അദ്ദേഹത്തിന്റെ സ്നേഹിതന്മാരിൽ ആരെങ്കിലുമോ ഒരു നല്ല തുക കൈക്കൂലികൊടുത്തു് അദ്ദേഹത്തെ മോചിപ്പിച്ചുകൊള്ളുമെന്നായിരുന്നു ഫീലിക്സിന്റെ പ്രതീക്ഷ.

60 A. D. യിൽ ഫീലിക്സിന്റെ പിൻഗാമിയായി പോർഷ്യസ് ഫെസ്റ്റസ് (Portius Festus) എന്നൊരാൾ സ്ഥാനപ്രവേശംചെയ്തു. പൗലോസിനെ വീണ്ടും യഹൂദരുടെ പക്കൽ ഏല്പിക്കണമെന്നായിരുന്നു പുതിയ പ്രൊക്യുറേറററിന്റെ ചായ്‌വു്. എന്നാൽ ഒരു റോമൻ പൗരന്റെ അവകാശത്തിൽ ഉറച്ചുനിന്നുകൊണ്ടു് തനിക്കു് സീസറിന്റെ (റോമൻ ചക്രവർത്തിയുടെ ഔദ്യോഗികനാമം) പക്കൽ അപ്പീലുണ്ടെന്നു് പൗലോസ് ബോധിപ്പിച്ചു. ഫെസ്റ്റസ് പ്രതിവചിച്ചു: "കൊള്ളാം, നിങ്ങൾക്കു സീസറിന്റെ പക്കൽ അപ്പീൽ ഉണ്ടെങ്കിൽ സീസറിന്റെ അടുക്കലേക്കുതന്നെ പോകാം."

റോമിലേക്കു പുറപ്പെടുന്നതിനുമുൻപു് യഹൂദരാജാവായ അഗ്രിപ്പാ രണ്ടാമന്റെ (King Agrippa II) മുൻപിൽ തന്റെ കേസു വാദിക്കുന്നതിനു് പൗലോസിനു് ഒരവസരം ലഭിച്ചു. അപ്പസ്തോലന്റെ വാഗ്ധോരണി കേട്ടു മനസ്സിളകിയ രാജാവു് പറഞ്ഞു: "നിങ്ങളുടെ വാക്കുകൾ എന്നെപ്പോലും ഒരു ക്രിസ്ത്യാനിയാകുവാൻ അല്പമായി പ്രേരിപ്പിക്കുന്നു." പൗലോസ് മറുപടിയായി ഇപ്രകാരം പറഞ്ഞു: "അല്പമായി മാത്രമല്ല അധികമായി അങ്ങു തന്നെയല്ല, ഇന്നു് എന്റെ വാക്കുകൾ ശ്രവിക്കുന്നവരെല്ലാവരും എന്നെ ബന്ധിച്ചിരിക്കുന്ന ഈ കെട്ടുകൾ ഒഴികെ ഞാൻ എന്തായിരിക്കുന്നുവോ അതായിത്തീരുവാൻ ഞാൻ ദൈവത്തോടു പ്രാർത്ഥിക്കുന്നു." ഗംഭീരവും സുന്ദരവുമായ ഈ മറുപടി അവിടെ കൂടിയിരുന്ന എല്ലാവരുടെയും ഹൃദയം കവർന്നു. അഗ്രിപ്പാ ഫെസ്റ്റസിനോടു പറഞ്ഞു: "സീസറിന്റെ പക്കൽ അപ്പീൽ ബോധിപ്പിച്ചിട്ടില്ലായിരുന്നുവെങ്കിൽ ഇയാളെ ഇപ്പോൾത്തന്നെ സ്വതന്ത്രനായി വിട്ടേക്കാമായിരുന്നു."

## പുസ്തകാഭിപ്രായം

### പിതാവ്

(ഗ്രന്ഥകർത്താവു്: റവ. ഫാദർ ജെ. ചെമ്മണ്ണൂർ ബി. എ. പക്കം 59 വില 6 ണ. നീതിമാൻ പ്രസ്സ്, ചൂണ്ടൽ)

"പിതാവു്" —ഹൃദയത്തിന്റെ അന്തരാളത്തിൽ ആനന്ദത്തിന്റെ വേലിയേററമുളവാക്കുന്ന മധുരമധുരമായ നാമം— വചനാഗോചരമായ വാത്സല്യവായ്പിന്റെ ബഹിഃസ്ഫുരണങ്ങളായ പരിലാളനങ്ങളുടെയും പരിരക്ഷണങ്ങളുടെയും പരിദേവനങ്ങളുടെയും മൂർത്തീകരണം. അനേകസന്താനവല്ലരികളുടെ ആത്മീയവും ശാരീരികവുമായ സുരക്ഷിതത്വത്തിനും പുരോഗതിക്കുംവേണ്ടി ചിന്തിയ സ്വേദകണങ്ങളുടെയും പൊഴിച്ച അശ്രുധാരയുടെയും സഹിച്ച കൊടും യാതനകളുടെയും ആയിരമായിരം നിസ്തുല കഥകൾ ആ നാമത്തിൽ അന്തർലീനമായിരിക്കുന്നു." ഇങ്ങനെയാണു് പിതാവു് എന്ന ഗ്രന്ഥത്തിൽ "ആകാശങ്ങളിലിരിക്കുന്ന നമസ്കാരത്തെ"പ്പററിയുള്ള എട്ടു പ്രഭാഷണങ്ങളിൽ പ്രഥമ പ്രഭാഷണത്തിന്റെ പ്രാരംഭം. വഴിവിളക്കുകളും നിലവിളക്കുകളും വീശിയിരിക്കുന്ന പ്രഭയോടുകൂടെ "പിതാവു്" എന്ന പ്രഭാഷണദീപവും അതിന്റെ പ്രകാശം വീശാതിരിക്കയില്ല. ഫാദർ ചെമ്മണ്ണൂരിനെ വീണ്ടും അനുമോദിക്കുന്നതോടൊപ്പം സത്യദീപത്തിന്റെ പക്ഷങ്ങളിൽ നിന്നു് ഈ പ്രഭാഷണങ്ങളെ പുറത്തെടുത്തുകൊണ്ടുവന്നു ബഹുജനസമക്ഷം നിരത്തിവച്ച നീതിമാൻ പ്രസ്സിനും കൂപ്പുകൈ.

(T. M.)

## ഇടവകവാർത്തകൾ

വടുതല: വിൻസെൻറ് ഡി പോൾ സഖ്യം ഫ്രാൻസിസ്കൻ മൂന്നാംസഭ മുതലായ ഭക്തസഖ്യങ്ങളുടെ സംയുക്തവാർഷികം ഡിസംബർ 13-ാംനു വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടിരിക്കുന്നു.

—ചിററാററുകര: വിൻസെൻറ് ഡി പോൾ സഖ്യം, മരിയാസഖ്യം എന്നിവയുടെ സംയുക്തവാർഷികം ഡിസം. 13-ാംനു വെരി റവ. ഫാ. കാസ്മീർ സി ഡി. യുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടപ്പെട്ടു. മെ. കെ. എ. മാത്യു ബി. എസ്‌സി., കെ. ജെ. സെബാസ്ത്യൻ എന്നിവർ പ്രസംഗിച്ചു.

—[illegible]: മരിയൻവത്സരാഘോഷം പ്രമാണിച്ചു് ഇടവകയിലെ വിവിധഭക്തസഖ്യങ്ങളുടെ ആഭിമുഖ്യത്തിൽ ഡിസം. 13-ാംനു ചേർന്ന പൊതുയോഗത്തിൽ റവ. ഫാ. എമ്മാനുവൽ പഞ്ഞിക്കാരൻ ആദ്ധ്യക്ഷ്യംവഹിക്കുകയും കുമാരി തെരേസ ഡോമിനിക്കു് ബി. എ., ശ്രീ കുരുവിള സി. കസ്പർ എന്നിവർ പ്രസംഗിക്കുകയു ചെയ്തു.

—കരാഞ്ചിറ: ബിഷപ്പ് ആലപ്പാട്ടു് ജൂബിലിസ്മാരകമായി പണികഴിപ്പിച്ചിരിക്കുന്ന സെൻറ് ജോസഫ്സ് ക്ലാരമഠത്തിന്റെ വെഞ്ചെരിപ്പുകർമ്മവും മരിയൻവത്സരാഘോഷവും ഡിസം. 17-ാംനു സാഘോഷം നിർവ്വഹിച്ചിരിക്കുന്നു. തത്സംബന്ധമായി നടന്ന പൊതുയോഗത്തിൽ ബിഷപ്പ് ആലപ്പാട്ടുതിരുമനസ്സുകൊണ്ടു് ആദ്ധ്യക്ഷ്യംവഹിക്കുകയും റവ. ഫാ. ജേക്കബ് അമ്പൂക്കനും, റവ. ഫാ. ജോൺ ചിറയത്തു് എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

---

**In Loving Memory of**




Sri Andrew D'Souza, B. A.
(Asst. Sales Tax Officer, Alwaye)

Villa Manuel, Nazareth, Cochin-2, who Slept in the Lord on Tuesday the 15th December, 1953-a Victim of the Pox.

"O Immense Passion O Profound Wounds! O Profusion of Blood! O Sweetness above all Sweetness! O Most Bitter Death! Grant him Eternal Rest, Amen."
(400 days indulgence)

R. I. P.

Inserted by his brothers: Joseph M. D'Souza and Harry M. D'Souza.



മഞ്ഞപ്ര സെൻറ് വിൻസെൻറ് ഡി പോൾ സഖ്യത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ഏകാന്തധ്യാനത്തിൽ സംബന്ധിച്ചവർ.

# മാർ ഈവാനിയോസ് തിരുമേനിയുടെ കത്തുകളും പ്രസംഗങ്ങളും

## X ഒന്നാമത്തെ ക്രിസ്മസ് സന്ദേശം

(ഫാദർ തോമസ്സ് ഇഞ്ചയ്ക്കലോടി)

കത്തോലിക്കാസഭയെ ആശ്ലേഷിച്ചതിനുശേഷം ആകെ ഇരുപത്തിമൂന്നു ക്രിസ്തുമസ് പെരുന്നാളുകൾ ആഘോഷിക്കുന്നതിനുള്ള ഭാഗധേയം ദൈവത്തിന്റെ കൃപയാൽ മാർ ഈവാനിയോസു തിരുമേനിക്കു ലഭിക്കയുണ്ടായി. ആസന്നമായിരിക്കുന്ന ഇരുപത്തിനാലാമത്തെ ക്രിസ്തുമസ്സിനുമുമ്പുതന്നെ വന്ദ്യതിരുമേനി അനന്തഭാഗ്യത്തിലേക്കു പ്രവേശിച്ചു കഴിഞ്ഞുവെങ്കിലും തന്റെ പ്രാർത്ഥനയാലും പരിശ്രമത്താലും കത്തോലിക്കാ സഭാംഗങ്ങളായിത്തീർന്നിട്ടുള്ള പതിനായിരക്കണക്കിനു ജനങ്ങൾ ഈ ക്രിസ്തുമസ് ആഘോഷപൂർവ്വം കൊണ്ടാടുന്നതു കണ്ടുകൊണ്ടു പരലോകത്തിലിരുന്നു് അവിടുന്നു് ആനന്ദാശ്രുക്കൾ പൊഴിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

1930 സെപ്റ്റംബർ 20-ാം തീയതി നടന്ന പുനരൈക്യത്തിനുശേഷം മൂന്നുമാസങ്ങൾ കഴിഞ്ഞപ്പോൾ ആദ്യത്തെ ക്രിസ്തുമസ് സമാഗതമായി. അക്കാലഘട്ടത്തിനുള്ളിൽ കൈവിരലിൽ എണ്ണാവുന്ന തക്കവിധം വൈദികരും അൽമേനികളും മാത്രമേ കത്തോലിക്കാസഭയെ ആശ്ലേഷിച്ചിട്ടുണ്ടായിരുന്നുള്ളൂ. പണത്തിന്റെ ചുരുക്കംനിമിത്തം സ്ഥാപനങ്ങളും വിരളമായിട്ടേ സ്ഥാപിച്ചിരുന്നുള്ളു. അകത്തോലിക്കരുടെ അധിക്ഷേപശരങ്ങൾക്കു പാത്രീഭവിച്ചിരുന്ന പുനരൈക്യപ്പെട്ട കത്തോലിക്കർ നിരവധി പീഡനങ്ങൾ സഹിച്ചുകൊണ്ടിരുന്ന അവസരവുമായിരുന്നു അതു്. ആകയാൽ തന്റെ വത്സലസന്താനങ്ങളെ സമാശ്വസിപ്പിക്കുന്നതിനും, തിരുസ്സഭയിൽ സ്ഥിരതയോടുകൂടെ നില്ക്കുന്നതിനുള്ള പ്രേരണ അവർക്കു നൽകുന്നതിനുമായി അഭിവന്ദ്യതിരുമേനി ഒരു ക്രിസ്തുമസ് സന്ദേശം അവർക്കയച്ചുകൊടുക്കുകയുണ്ടായി. പ്രസ്തുതസന്ദേശത്തിലെ ഏതാനും ഭാഗങ്ങൾ ചുവടേ ചേർത്തുകൊള്ളുന്നു:

“......തിരുസഭയുമായി പുനരൈക്യപ്പെട്ടതിന്റെശേഷം മഹാ പരിശുദ്ധ പിതാവായ മാർപ്പാപ്പാ തിരുമനസ്സിലേ പേർക്കു് ഞങ്ങൾ * ഒന്നായി അയച്ച വിനീതമായ കത്തിനെപ്പററി നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. ആ കത്തിൽ ഞങ്ങൾ ഇപ്രകാരം എഴുതിയിരുന്നു:

“കരുണാനിധിയായ ദൈവം തമ്പുരാന്റെ കൃപാതിരേകത്താലും, പരിശുദ്ധ പിതാവായ അവിടുത്തെ തൃക്കടാക്ഷത്താലും വിശുദ്ധ സിംഹാസനവുമായി പുനരൈക്യം പ്രാപിക്കുവാൻ ഞങ്ങൾക്കു ഭാഗ്യം സിദ്ധിച്ചു. 1930 സെപ്റ്റംബർ 20-ാംനു ആയിരുന്നു കൊല്ലം രൂപതയുടെ മെത്രാപ്പോലീത്തായ ഡോക്ടർ ബെൻസിഗറിന്റെ സാന്നിദ്ധ്യത്തിൽവച്ചു് ഞങ്ങൾ വിശ്വാസപ്രതിജ്ഞ ചെയ്കയുണ്ടായതു്. വാസ്തവമായും ഞങ്ങളുടെ ഹൃദയങ്ങൾ കൃതജ്ഞതാനന്ദത്താൽ തികച്ചും സമ്പൂർണ്ണമായിരിക്കുന്നു. പരിശുദ്ധ പിതാവായ അവിടുന്നു് ഞങ്ങളോടായി പ്രദർശിപ്പിച്ചിട്ടുള്ള അനുകമ്പാതിരേകത്തിനും ഈ രാജ്യത്തുള്ള യാക്കോബായക്കാർ എല്ലാവരും വിശുദ്ധ തിരുസ്സഭാമാതാവിന്റെ മടിയിലേക്കു തിരിയെ വരുന്നതിനായി ഉദാരബുദ്ധിയോടും പിതൃനിർവ്വിശേഷമായ വാത്സല്യത്തോടുംകൂടെ അവിടുന്നു ചെയ്തിട്ടുള്ള സർവ്വവിധ ആനുകൂല്യങ്ങൾക്കും ഞങ്ങൾ ആജീവനാന്തം കൃതജ്ഞരായിരിക്കുന്നതാണു്. കൃപാനിധിയായ നമ്മുടെ കർത്താവു് ഞങ്ങളിൽനിന്നും ഹൃദയപൂർവ്വമായ സ്നേഹാദരങ്ങളെ പ്രതീക്ഷിക്കുകയും അർഹിക്കുകയും ചെയ്യുന്നുവെന്നു് ഞങ്ങൾക്കറിയാം. പരിശുദ്ധ പിതാവായ അവിടുത്തോടും അവിടുത്തെ അപ്പസ്തോലിക സിംഹാസനത്തോടുമായി ഞങ്ങൾ പാലിക്കുന്ന ഭക്തിബഹുമാനാദരങ്ങളിൽ നമ്മുടെ കർത്താവു് ഏറ്റവും സന്തുഷ്ടനായിരിക്കുമെന്നു ഞങ്ങൾക്കു ബോദ്ധ്യമുണ്ടു്. ദൈവതിരുനാമമഹത്വത്തെ ആധാരമാക്കി ആയുഷ്കാലപര്യന്തം അങ്ങേ പരിശുദ്ധതയുടെനേരെ ഞങ്ങൾ ഏറ്റവും പ്രിയപ്പെട്ടവരും വിശ്വസ്തരും ഭക്തരുമായി വർത്തിക്കുന്നതായിരിക്കുമെന്നു ഞങ്ങൾ ഇതാ പ്രതിജ്ഞ ചെയ്തുകൊള്ളുന്നു.

‘തിരുമനസ്സിലേ പ്രാർത്ഥനാനുഗ്രഹങ്ങൾമുഖേന ദൈവമായ കർത്താവിൽനിന്നും പ്രതീക്ഷിക്കാവുന്ന സർവ്വവിധസഹായങ്ങളും ഞങ്ങൾക്കു അപരിഹാര്യമത്രേ. വിനീതമായ ഞങ്ങളുടെ ഈ കത്തു് തിരുസന്നിധിയെ പ്രാപിക്കുന്ന അവസരത്തിൽ പ്രത്യക്ഷത്തിൽ ഞങ്ങൾ ഇരുവരും തിരുമുമ്പിൽ സന്നിഹിതരായിക്കൊണ്ടു ഹൃദയപൂർവ്വമായ ഭക്തിവിശ്വാസങ്ങൾ തിരുമുൽക്കാഴ്ചവയ്ക്കുന്നുവെന്നു് അവിടുത്തേക്കു തോന്നാനിടയാകുന്നപക്ഷം ഞങ്ങൾ ധന്യധന്യരായി. വിശുദ്ധസഭ വഴിയായി ദൈവം മഹത്വീകരിക്കപ്പെടണമെന്നുള്ളതത്രേ ഞങ്ങളുടെ മുദ്രാവാക്യം.’

ഞങ്ങളുടെ തിരുസ്സഭാപ്രവേശം സംബന്ധിച്ചുള്ള സദ്വർത്തമാനം റോമയിൽ എത്തിയപ്പോൾ പൗരസ്ത്യസഭാകാര്യനിർവ്വഹണസമിതിയുടെ സെക്രട്ടറിയായ അത്യുന്നതകർദ്ദിനാൾ സിൻശേറോ തിരുമനസ്സുകൊണ്ടു് താഴെക്കാണുന്നപ്രകാരത്തിൽ ഒരു കമ്പിസന്ദേശം അയയ്ക്കുകയുണ്ടായി എന്നുള്ളതു് ഇവിടെ പ്രസ്താവ്യം തന്നെ.

“മാർ ഈവാനിയോസിനും മാർ തിയോഫിലോസിനും വിശേഷവിധിയായ അപ്പസ്തോലികാശീർവ്വാദങ്ങൾ നൽകിക്കൊള്ളുന്നു. അവർ കർത്താവിൽ സന്തോഷഭരിതരായിരിക്കുമാറാകട്ടെ! അവർക്കു ലഭിച്ച കൃപയ്ക്കുവേണ്ടി അവരോടൊരുമിച്ചു പരിശുദ്ധപിതാവും ദൈവത്തെ സ്തുതിക്കുന്നു ആ കൃപയോ ആനുകൂല്യസമൃദ്ധിയുടെയും ആത്മീയാശ്വാസത്തിന്റെയും അച്ചാരംതന്നെ.”

ഇതിനുംപുറമേ മഹാമഹിമശ്രീമാനായ ഡലഗേറ്റ് അപ്പസ്തോലിക്കാ തിരുമേനി മുഖാന്തിരവും ഞങ്ങൾക്കും നിങ്ങൾക്കും മാത്രമല്ല കത്തോലിക്കാതിരുസ്സഭയിൽ ഐക്യപ്പെടുന്ന സർവ്വർക്കും “സ്വാഗതം നൽകുന്നുവെന്നും വലിയ സ്വാഗതം പ്രദാനംചെയ്യുന്നു”വെന്നും പരിശുദ്ധപിതാവു തിരുവുള്ളമുണ്ടായി സന്ദേശം അയച്ചിരിക്കുന്നു. പരിശുദ്ധപിതാവായ അവിടുന്നു് ഈ സ്വാഗതപദങ്ങൾ ഇംഗ്ലീഷുഭാഷയിൽ ഉച്ചരിച്ചുകൊണ്ടാണത്രേ ഞങ്ങളോടുള്ള വാത്സല്യാതിരേകത്തെ വെളിപ്പെടുത്തുകയുണ്ടായതു്. പിതൃനിർവ്വിശേഷമായ ഈ ക്ഷണം എത്രയോ ഹൃദയാവർജ്ജകവും അനന്യസാധാരണവുമാണെന്നു നമ്മിൽനിന്നും വേർപെട്ടുനില്ക്കുന്ന സഹോദരങ്ങൾ ഗ്രഹിച്ചിരുന്നാൽ എത്രയോ നന്നായിരുന്നു!

അത്യുന്നതങ്ങളിൽ ദൈവത്തെ മഹത്വപ്പെടുത്തുവാനും, മനുഷ്യമക്കൾക്കു സ്വർഗ്ഗീയസമാധാനം ലഭിക്കുവാനുംതക്കവണ്ണം പരസ്പരസംപ്രീതിയാകുന്ന തത്വത്തിന്മേൽ ജനസമുദായത്തെ ദൈവത്തിൽ സംഘടിപ്പിച്ചുകൊണ്ടു് അതിനെ ഉദ്ധരിപ്പാനായി നമ്മുടെ കർത്താവു ഭൂമിയിൽ സ്ഥാപിച്ചിട്ടുള്ള ഏകസ്ഥാപനം കത്തോലിക്കാസഭയാകുന്നു. അതിനാൽ ഈ “യൽദോ”കാലയളവിൽ പ്രത്യേകിച്ചും നാം സ്വർഗ്ഗീയവൃന്ദങ്ങളോടു് ഇടകലർന്നുകൊണ്ടു ദൈവം നമുക്കായി പ്രദാനംചെയ്തിട്ടുള്ള കൃപാസമൃദ്ധിക്കുവേണ്ടി കൃതജ്ഞതാപൂർവ്വം സ്തോത്രംചെയ്യേണ്ടതാണു്.

വിശുദ്ധസഭയിൽ ചേർന്നു നിമിത്തം നാനാവിധത്തിലുള്ള കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും നിങ്ങൾ അഭിമുഖീകരിക്കുന്നുണ്ടാകാം. എന്നാൽ തിരുസ്സഭയിൽനിന്നു വിശുദ്ധന്മാരുമായുള്ള സമ്പർക്കംമൂലം നിങ്ങൾക്കു അനുഭവസിദ്ധമായിട്ടുള്ള അനുഗ്രഹീതമായ ഔൽകൃഷ്ട്യത്തെപ്പററി പരിഗണിക്കുമ്പോൾ പ്രസ്തുത പീഡകൾ കേവലം ഉപേക്ഷ്യമാകുന്നുള്ളുവല്ലോ. പക്ഷികളാവട്ടെ, കല്ലുകളാവട്ടെ, വിദ്യാലയങ്ങളാവട്ടെ ഇല്ലാത്തതായാലും മൃതശരീരങ്ങൾ മറവുചെയ്യുന്ന ശ്മശാനസ്ഥലങ്ങളുടെ അഭാവംമൂലവും നിങ്ങൾ ക്ലേശമാംവിധം വിഷമിക്കുന്നതായി ഞങ്ങൾ അറിയുന്നുണ്ടു്. ദൈവത്തിൽമാത്രം നിങ്ങൾ ശരണപ്പെട്ടിരിക്കുക. ഉദാരമായ അവിടുത്തെ തിരുഹൃദയത്തിൽ നിങ്ങളെക്കുറിച്ചുള്ള ചിന്ത വാസ്തവമായും എരിയുന്നുണ്ടു്. നിങ്ങൾക്കു് ആവശ്യമുള്ളതു് ഏതോ അവയെല്ലാം അവിടുന്നു പ്രദാനംചെയ്തുകൊള്ളും. നമ്മുടെ കർത്താവിനായി, അവിടുത്തെ പരമസത്യത്തെപ്രതി നിങ്ങൾ സഹിക്കുന്ന ദുരിതങ്ങൾക്കു പകരമായി അവിടുന്നു നിങ്ങളെ സസമൃദ്ധം ആശീർവദിക്കതന്നെ ചെയ്യും.

ശീശ്മ എത്രയോ വലിയ പാപമാണെന്നും കാതോലികവും അപ്പസ്തോലികവുമായ ഏകവിശുദ്ധസഭയോടുള്ള സംബന്ധം എത്രമാത്രം അനുഗ്രഹകരമാണെന്നും ക്രമാനുഗതം ഞങ്ങൾക്കു ബോദ്ധ്യമായിത്തീർന്നു. കത്തോലിക്കാതിരുസ്സഭയുമായി പുനരൈക്യപ്പെട്ടതിന്റെശേഷം ഇദംപ്രഥമമായി ആഘോഷിക്കാനിരിക്കുന്ന അടുത്ത “യൽദോപെരുന്നാൾ” ദിനത്തിൽ നിങ്ങൾ സ്വർഗ്ഗീയസൈന്യങ്ങളോടും ആട്ടിടയന്മാരോടും വിദ്വാന്മാരോടുംകൂടെ ചേർന്നുകൊണ്ടു പുണ്യശ്രീലയായ യേശുതമ്പുരാനെ കൈകളിലേന്തി കർത്താവിന്റെ തിരുക്കുടുംബത്തോടും ഇഹത്തിലുള്ള അവിടുത്തെ തിരുക്കുടുംബമാകുന്ന വിശുദ്ധ കാതോലിക്കാസഭാമാതാവിനോടും നിങ്ങൾക്കുള്ള നിഷ്കന്മഷമായ ഭക്ത്യാദരങ്ങളെ ആഹ്ലാദപൂർവ്വം പ്രദർശിപ്പിക്കേണ്ടതാണു്.

നമ്മുടെ ദൈവമായ കർത്താവിനേയും തിരുസ്സഭയേയും ഭൂമിയിൽ അവിടുത്തെ വികാരിയായി നിയമിച്ചിട്ടുള്ള മാർപ്പാപ്പാതിരുമേനിയേയും എന്നെന്നും സ്നേഹിപ്പാൻ കഴിയത്തക്കവണ്ണമുള്ള കൃപയ്ക്കായി നിങ്ങൾ പ്രാർത്ഥിക്കുകയും ചെയ്യുവിൻ.........”

---

* മാർ ഈവാനിയോസു തിരുമേനിയും മാർ തെയോഫിലോസു തിരുമേനിയും.

---


**Just Received**

WEDDING SAREES

**WHITE HALL**

The Silk Palace

**DIRECT IMPORTERS**

**MATTANCHERRY Cochin** **BROADWAY Ernakulam**

Maximum Sarees Minimum Price is Our Motto


---

പ്രഥമ ചരമവാർഷികം



ശ്രീമതി മേരിക്കുട്ടി ഐസക്കു്
(തുരുത്തിക്കാട്ടു്, ചേർത്തല)
മരണം: 24—12—1952

ദയാപരനായ ഈശോ, ഈ ആത്മാവിനു നിത്യാശ്വാസം കൊടുത്തരുളേണമെ.

(300 ഡി. ഒ. വി.)

---

## ക്രിസ്തുമസ് ഗാനം

മാരിവില്ലൊളിവീശിവന്നൊരെൻ എ. മ. (ആശാദീപം)

മാനവരക്ഷയോർത്തു പാർത്തലേ
ജാതനാമീശസൂനുവെ,
കാലികൾക്കിടേ മേവുമുണ്ണിയെ
ആനമിക്കാം ഭക്ത്യാദരം.

I

മർത്ത്യർതൻപിഴ പോക്കുവാ-
നീശൻ
മർത്ത്യനായവതീർണ്ണനായ്.
സത്യമാംദൈവം സത്യമർത്ത്യ-
നായ്
ഇക്ഷിതിവാസം ചെയ്യുവാൻ.

II

ലോകസമ്രാട്ടാമീശനീവിധം
പുല്ലു തൻ ശയ്യയാക്കുവാൻ
ഹേതു നമ്മൾതൻ വമ്പലുല്യ
തിന്മയെന്നുനാമോർക്കണം.

III

ആട്ടിടയർ വന്നുണ്ണിയെ മോദാൽ
വാഴ്ത്തിടുന്നു ഭക്ത്യാദരം
ഇമ്പമുണ്ടോ എന്നകതാരിൽ
ഈശനെ വണങ്ങിടുവാൻ.

IV

“ഉന്നതങ്ങളിൽ ഈശനു സ്തുതി
സന്മനസ്സുള്ളോർക്കിധരേ
ശാന്തി”യെന്നേവം ആലപി-
ക്കുന്നു
ദൈവദൂതരാഹ്ലാദരായ്.

V

ദൈവദൂതരോടൊത്തു പാടും
ഞാൻ
രക്ഷകാ അങ്ങെ വാഴ്ത്തുവാൻ
സ്നേഹവാഹകാ! ഭവ്യദായകാ!
താവകവരമേകണേ! (മാനവ)

(എ. കെ. തോമസ്, വാടേൽ)

---


# “കാളൻ’സ് ബുള്ളററിൻ”

പഞ്ചഭൂതങ്ങൾ, ത്രിദോഷങ്ങൾ (വാതം, പിത്തം, കഫം), ഉഷ്ണശീതഗുണങ്ങൾ ഷഡ്രസങ്ങൾ(മധുരം, പുളി, ഉപ്പു്, കയ്പു്, എരിവു്, ചവർപ്പു് തുടങ്ങിയവകളേയും, നീർവീഴ്ച, ചുമ, പനി, ക്ഷയം, അർശസ്സ്, പ്രമേഹം, ശ്വാസതടസ്സം, വയറുവേദന, അസ്ഥിസ്രാവം തുടങ്ങിയ രോഗങ്ങളുടെ ഉത്ഭവകാരണങ്ങളേയും, ഇത്തരം രോഗങ്ങൾമൂലം നിരാശപ്പെട്ടുകഴിയുന്നവരുടെ അനുഭവങ്ങളേയും, രോഗങ്ങളുടെ പ്രതിവിധികളേയും, നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാദിതൈലം എന്നീ ഔഷധങ്ങളുടെ ഗുണങ്ങളേയും ഉപയോഗക്രമങ്ങളേയും, പച്ചവെള്ളം, പാൽ, മോരു്, മത്സ്യം, മാംസം, ചുക്കു്, ജീരകം മുതലായ ദ്രവ്യങ്ങളുടെ ഗുണങ്ങളേയും മററും പററിയുള്ള വിവരണങ്ങൾ കാളൻ’സ് ബുള്ളററിനിൽ ഉണ്ടായിരിക്കുന്നതാണു്.

1954 ജനുവരിമാസംമുതൽ ഒന്നാം തീയതിയും പതിനഞ്ചാം തീയതിയുമാണു് ബുള്ളററിൻ പ്രസിദ്ധീകരിക്കുകയെന്നും, ആറുമാസത്തേക്കുള്ള വരിസംഖ്യ 1ക. മണിയോർഡറായോ സ്റ്റാമ്പായോ അയക്കുന്നവർക്കു് ബുള്ളററിൻ തപാൽമാർഗ്ഗം അയച്ചുകൊണ്ടിരിക്കുന്നതാണെന്നും അറിയിച്ചുകൊള്ളുന്നു.

N. B. അനുകരണങ്ങളെ സൂക്ഷിക്കണം. താഴെ കാണുന്ന രണ്ടു വാക്കു മാത്രമേ വിലാസം എഴുതേണ്ടതുള്ളു.

കാളൻ, നെല്ലായി

ജീവചരിത്രപംക്തി

# വി. ജമ്മാ ഗൽഗാനി

(പ്രൊഫസർ ജോസഫ് മിനാട്ടൂർ)

പിശാചിനോടു പാപസങ്കീർത്തനം ചെയ്ത ഒരു പുണ്യവതിയാണു് ജമ്മാ ഗൽഗാനി. ഒരു ദിവസം പിശാചു് അവളുടെ കുമ്പസാരക്കാരന്റെ ആകൃതിയിൽ ആവിർഭവിക്കുകയും അവളുടെ പാപസങ്കീർത്തനം ശ്രവിക്കുകയുംചെയ്തു. കുമ്പസാരത്തിനിടയ്ക്കു സഭ്യേതരമായ ചില പ്രസ്താവങ്ങളും നിർദ്ദേശങ്ങളും പിശാചു് നൽകിയപ്പോൾ, ജമ്മാ വിരണ്ടോടിപ്പോയി.



ജമ്മായ്ക്കു സുപരിചിതനായിരുന്നു പിശാചു്. അവളെ പാപത്തിൽ വീഴിക്കുന്നതിനായി പലപ്പോഴും അവൻ മനുഷ്യവേഷത്തിൽ പ്രത്യക്ഷപ്പെടുകയുണ്ടായി. അവളുടെ ആത്മീകോപദേഷ്ടാവായ പാദ്രി ജർമ്മാനോയുടെ നിർദ്ദേശമനുസരിച്ചു് അവൾ ഡയറി എഴുതുന്നുണ്ടായിരുന്നു. ഒരുദിവസം അവൾ ഡയറിക്കുറിപ്പുകൾ എഴുതിക്കഴിഞ്ഞു കട്ടിലിൽ പോയി കിടന്നു. പിശാചു് മുറിയിൽ പ്രവേശിച്ചു. മേശവലിപ്പിൽനിന്നു ഡയറിയെടുത്തു വലിച്ചുകീറുവാൻ ഭാവിച്ചു. ഒടുവിൽ കീറിക്കളയാതെ അവൻ അതുംകൊണ്ടു പോയി. ജർമ്മാനോ അച്ചൻ ഇതറിഞ്ഞപ്പോൾ, ഗബ്രിയേൽ ദൈവദൂതനോടു് ഒരു നവദിനാപേക്ഷ നടത്തുവാൻ ജമ്മായെ ഉപദേശിച്ചു. ഡയറി തിരിയെ വന്നു, പക്ഷേ വലിയ വ്യത്യാസങ്ങളോടെ. പല താളുകളിലും വലിയ കറുത്ത അഴുക്കുപൊട്ടുകളുണ്ടായിരുന്നു; ഡയറി കരിച്ചുകളയുവാൻ ശ്രമിച്ചതുപോലെ കാണപ്പെട്ടു. ഈശോയുടെ തിരുനാമം എഴുതിയിരുന്നേടങ്ങളിൽ കറുപ്പുപൊട്ടുകൾ ഉണ്ടായിരുന്നില്ല. ജമ്മായെ ധന്യയെന്നു വിളിക്കുന്നതിനു മുൻപു ഈ ഡയറി പരിശോധനയ്ക്കായി ശാസ്ത്രജ്ഞന്മാരെ ഏല്പിച്ചു. പലേ പരിക്ഷണങ്ങൾക്കുശേഷം ആ കളങ്കരേഖകളെപ്പററി അവർ തീർപ്പെഴുതി, "ശാസ്ത്രത്തിനു അറിയാവുന്ന യാതൊരു രസതന്ത്രസന്ധാനം കൊണ്ടും ഉണ്ടാക്കിയവയല്ല" എന്നു്.

ജമ്മായ്ക്കു പിശാചിൽനിന്നു് ഇടവിടാതെ ഉപദ്രവം ഉണ്ടായെങ്കിൽ, അതിനു പരിഹാരമെന്നോണം, കാവൽദൂതനിൽനിന്നു സഹായവും ലഭിച്ചുകൊണ്ടിരുന്നു. കാവൽദൂതൻ അവളോടൊന്നിച്ചു സങ്കീർത്തനങ്ങൾ ആലപിക്കുക മാത്രമല്ല, അവളുടെ തപാൽക്കാരനായി ജോലിനിർവ്വഹിക്കുകയും ചെയ്തിരുന്നു. ഈ "മാലാഖാതപാൽ" വഴി എഴുപതിൽപ്പരം കത്തുകൾ ജർമ്മാനോ അച്ചനു് ജമ്മയിൽനിന്നു ലഭിച്ചിട്ടുണ്ടു്.

ജർമ്മാനോ അച്ചൻ ജമ്മയുടെ പുണ്യപൂർണ്ണതയിലും അസാധാരണത്വത്തിലും ആദ്യം വിശ്വസിച്ചിരുന്നില്ല. അവളുടെ കുമ്പസാരക്കാരനായ വോൾപ്പി മെത്രാനച്ചനു് അദ്ദേഹം എഴുതി അയച്ചു, അവളെ ഒരു സാധാരണ മനുഷ്യജീവിയായി കരുതണമെന്നും വേണമെങ്കിൽ അവളിൽ ഭൂതോപസാരണം നടത്തണമെന്നും. 1900 സെപ്റ്റംബറിൽ ഒരു ദിവസം അദ്ദേഹം ജമ്മായുടെ വീട്ടിലെത്തി. അത്താഴത്തിനിടയ്ക്കു് ജമ്മായ്ക്കു ഒരു ഹർഷോന്മാദം ഉണ്ടായി. അവൾ ഒരു പാപിക്കുവേണ്ടി ദൈവനീതിയോടു മല്ലടിക്കുകയായിരുന്നു. ജർമ്മാനോ അച്ചനു് ഈശോയെ കാണുവാൻ കഴിഞ്ഞില്ലെങ്കിലും, ഈശോയുടെ വാക്കുകൾ കേൾക്കാമായിരുന്നു. ഈശോ ആ പാപിയുടെ സകല കൊള്ളരുതായ്മകളുടേയും ഒരു പട്ടിക ജമ്മായെ പറഞ്ഞുകേൾപ്പിച്ചു. പക്ഷേ ജമ്മാ ഈശോയുടെ അമ്മയെ കൂട്ടുവിളിച്ചു് ദൈവനീതിയുമായുള്ള പോരാട്ടത്തിൽ ഈശോയെ തോല്പിച്ചുകളഞ്ഞു. വിനാഴികകൾ ചിലതു കഴിഞ്ഞതേയുള്ളു. ആ പാപി ജമ്മായുടെ വീട്ടിൽവന്നു ജർമ്മാനോ അച്ചനോടു കുമ്പസാരംകഴിച്ചു. അയാൾ ഒരു പാപം വിട്ടുകളഞ്ഞു. "ഒരു പാപം പറഞ്ഞില്ലല്ലോ" എന്നു അച്ചൻ ഓർപ്പിച്ചപ്പോൾ, അയാൾ അത്ഭുതപരതന്ത്രനായി; അയാൾ അതും ഏററുപറഞ്ഞു.

ഇററലിയിൽ ലൂക്കായുടെ അടുത്തുള്ള ഒരു ഗ്രാമത്തിൽ 1878 മാർച്ചു് 12-ാം തിയതി ജമ്മാ ജനിച്ചു. ഇരുപതാമത്തെ വയസ്സിൽ നട്ടെല്ലിനു് എന്തോ രോഗം ബാധിച്ചു. വൈദ്യന്മാർക്കാർക്കും രോഗം ശമിപ്പിക്കുവാൻ കഴിഞ്ഞില്ല. അവൾ തീർന്നു തളർന്നു പോകുമെന്നു് എല്ലാവരും കരുതി. അവൾ വിശുദ്ധ മർഗ്ഗരീത്താമറിയത്തോടു് ഒരു നൊവേന കഴിച്ചു. നൊവേനയ്ക്കിടയ്ക്കു ഗബ്രിയേൽ മാലാഖ അവൾക്കു പല പ്രാവശ്യം പ്രത്യക്ഷനായി. നവദിനാപേക്ഷയുടെ അവസാനത്തിൽ, അവളുടെ ദീനം പൂർണ്ണമായി ശമിച്ചു.

സലേഷ്യൻ, പാഷനിസ്റ്റു് എന്ന കന്യാസഭകളിൽ ചേരുവാൻ അവൾ ശ്രമിച്ചു. എന്നാൽ രണ്ടേടത്തും അവളെ സ്വീകരിച്ചില്ല.

കർത്താവിന്റെ പീഡാനുഭവങ്ങളുടെ ഒരംശം വഹിക്കുവാൻ അവൾ ആഗ്രഹിച്ചു. 1899 ജൂൺ 8-ാം തിയതി ആ ആഗ്രഹം സാധിച്ചു. അന്നു പരിശുദ്ധ മാതാവു് അവൾക്കു പ്രത്യക്ഷയായി, അവളെ മാതാവിന്റെ കപ്പായത്തിനുള്ളിൽ മറച്ചു. അനന്തരം അവൾ ഈശോയെ ദർശിച്ചു. ഈശോയുടെ മുറിവുകൾ തുറന്നു; അവയിൽനിന്നു ചെഞ്ചോരയ്ക്കുപകരം, അഗ്നിജ്വാലകൾ പുറപ്പെട്ടു; അവളുടെ കൈപ്പത്തികളെയും പാദങ്ങളെയും ഹൃദയത്തേയും അഗ്നിജ്വാലകൾ സ്പർശിച്ചു. അവൾക്കു അതിയായ വേദനയുണ്ടാകുകയും പ്രസ്തുതശരീരഭാഗങ്ങളിൽനിന്നു രക്തം ഒഴുകുകയും ചെയ്തു.

അതിനുശേഷം എല്ലാ ആഴ്ചയിലും വ്യാഴാഴ്ച രാത്രി എട്ടുമണിമുതൽ വെള്ളിയാഴ്ച പകൽ മൂന്നുമണിവരെ അവൾക്കു ദുസ്സഹമായ വേദനയുണ്ടാകുകയും രക്തം പ്രവഹിക്കുകയും ചെയ്തുകൊണ്ടിരുന്നു. രക്തപ്രവാഹം നിലയ്ക്കുമ്പോൾ, മുറിവുകൾ അടയുകയും മുറിവുകൾ ഉണ്ടായിരുന്നേടത്തു വെളുത്ത പാടുകൾമാത്രം കാണുകയും ചെയ്തിരുന്നു. അവളുടെ മരണത്തിനു മൂന്നുകൊല്ലം മുൻപുവരെ ഈ പ്രതിവാരാത്ഭുതം നടന്നുകൊണ്ടിരുന്നു; അന്നു അവളുടെ ആരോഗ്യത്തെ ഭയന്നു, ജർമ്മാനോ അച്ചൻ അതു നിറുത്തുവാൻ അഭ്യർത്ഥിച്ചു.

1901 മാർച്ചുമാസത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും ചമ്മട്ടിയടിയുടെ പീഡ അവൾ അനുഭവിക്കുകയുണ്ടായി. മററു ചില അവസരങ്ങളിൽ മുൾമുടി തറയ്ക്കുന്നതിന്റെ വേദന അവൾ അനുഭവിച്ചിരുന്നു. ഈ പീഡകളെല്ലാം പാപികളുടെ മാനസാന്തരത്തിനായി അവൾ ഈശോയ്ക്കു സമർപ്പിച്ചു.

അവളുടെ മരണമടുത്തെന്നു് അവൾ മുൻപേകൂട്ടി പറഞ്ഞു. അല്പാഹാരവും തപശ്ചര്യകളും അവളുടെ കൂടെപ്പിറപ്പുകളായിരുന്നെങ്കിലും, അവളുടെ ആരോഗ്യം അന്നു ആശാസ്യമായിരുന്നു; മരണത്തിനു വരണമാല്യവുമായിവരുവാൻ യാതൊരു വഴിയും കണ്ടില്ല. എങ്കിലും 1902 പെന്തക്കുസ്താദിനത്തിൽ അവൾ പൊടുന്നനെ രോഗിണിയായിത്തീർന്നു. അടുത്ത രണ്ടുമാസക്കാലത്തു് അവൾക്കു യാതൊന്നുംതന്നെ ഭക്ഷിക്കുവാൻ കഴിഞ്ഞില്ല. ജർമ്മാനോ അച്ചൻ അവളോടു പറഞ്ഞു സുഖം പ്രാപിക്കുവാൻ; അതിനാൽ അവൾ രോഗശാന്തിക്കായി പ്രാർത്ഥിച്ചു. അവൾ സുഖം പ്രാപിച്ചുവെങ്കിലും യേശുനാഥൻ അവളോടു് അരുളിച്ചെയ്യുകയുണ്ടായി അതു കുറച്ചു കാലത്തേക്കുമാത്രമായിരിക്കുമെന്നു്. സെപ്റ്റംബറിൽ അവൾ ക്ഷയരോഗബാധിതയായി. അടുത്തവർഷത്തെ ദുഃഖശനിയാഴ്ചവരെ (ഏപ്രിൽ 11) അവൾ അതിവേദന സഹിച്ചു ശയ്യാവലംബിനിയായി ജീവിച്ചു. അന്നു മരണം അവളെ ശാന്തമായി, മന്ദമായി സമീപിച്ചു. അവൾക്കു് ഇരുപത്തിയഞ്ചു വയസ്സേ ഉണ്ടായിരുന്നുള്ളു.

മരണാനന്തരം അത്ഭുതങ്ങളും ഉപകാരങ്ങളും അനുസ്യൂതം പ്രവഹിച്ചുകൊണ്ടിരുന്നു. 1933-ൽ അവളെ ധന്യയെന്നു നാമകരണംചെയ്തു. 1939-ൽ വിശുദ്ധ ജമ്മാ ഗൽഗാനിയെ തിരുസഭയുടെ അൾത്താരകളിലേക്കു് ഉയർത്തി.

1953—ലൂക്കായിലെ കന്യകയുടെ അൻപതാമത്തെ ചരമവാർഷികമാണു് ഇക്കൊല്ലം. ഈശോയുടെ പീഡാനുഭവത്തിന്റെ ഒരു ഭാഗം വഹിക്കുവാൻ ഭാഗ്യമുണ്ടായ ഈ വിശുദ്ധയുടെ നാകപ്രവേശത്തിന്റെ കനകജൂബിലി ലൂക്കായിലെ ജനങ്ങൾ രണ്ടുവാരം നീണ്ടുനിന്ന മഹോത്സവംകൊണ്ടു കൊണ്ടാടി.

ലോകജീവിതകാലത്തു് ജമ്മാ ഗൽഗാനിക്കു അത്ഭുതങ്ങൾ അതിവപരിചിതങ്ങളായിരുന്നു; അവളെ സംബന്ധിച്ചേടത്തോളം അവ കേവലം സാധാരണമായ അനുദിനസംഭവങ്ങളായിരുന്നു. അത്ഭുതങ്ങൾ മദ്ധ്യശതകങ്ങളിലെ അന്ധവിശ്വാസങ്ങളായിരുന്നു എന്നു വാദിക്കുന്നവർക്കു് തെല്ലൊരു ധൈര്യക്കുറവു നൽകുന്നതായിരിക്കും, റോമ്മായിലെ പാഷനിസ്റ്റു് ആശ്രമത്തിൽ സൂക്ഷിച്ചിട്ടുള്ള അവളുടെ തിരുശേഷിപ്പുകൾ; അവയിലൊന്നു പിശാചു കരിച്ചു കറുപ്പിച്ച ഡയറിയത്രേ.

# ബാലപാഠം

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

"ഹൗഡിൻസ്" എന്നു പേരുള്ള ഒരു ജാലവിദ്യക്കാരനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ വീരപരാക്രമങ്ങൾ കണ്ടറിഞ്ഞവരെല്ലാം അദ്ദേഹത്തെ വാനോളം പുകഴ്ത്തി. എത്ര ശക്തിയുള്ള തുടലുകൾകൊണ്ടു് ഹൗഡിൻസിനെ ബന്ധിച്ചാലും നിമിഷത്തിനുള്ളിൽ അദ്ദേഹം ആ ചങ്ങലബന്ധത്തിൽനിന്നും പുറത്തുവരും. ഏതു ജയിൽമുറിയിലിട്ടടച്ചാലും ഞൊടിക്കുള്ളിൽ അദ്ദേഹം അതിനു വെളിക്കുവരും. ഇങ്ങനെ ആരെക്കൊണ്ടും സാധിക്കാത്ത പല അത്ഭുതങ്ങളും ഹൗഡിൻസ് കാണിച്ചു. ഒരിക്കൽ ഹൗഡിൻസ് ഇംഗ്ലണ്ടിൽ പോയി. അവിടെവെച്ചു് അദ്ദേഹം ഒരു ഉറപ്പേറിയ അറയ്ക്കുള്ളിലകപ്പെട്ടു. പുറത്തുവരുന്നതിനു് ഹൗഡിൻസിനു് യാതൊരു പ്രയാസവുമില്ലെന്നു് അധികമാളുകളും വിശ്വസിച്ചു. ഹൗഡിൻസ് കതകുപാളികളിലും താഴിലും തന്റെ ശക്തി മുഴുവൻ ചെലുത്തി. പഠിച്ചിരുന്ന വിദ്യ മുഴുവൻ അവിടെ പ്രയോഗിച്ചു. അദ്ദേഹം ക്ഷീണിച്ചു. വിയർത്തൊലിച്ചു് അവശനായി ചുവരിൽ ചാരിനിന്നു. ആശ്ചര്യകരങ്ങളായ ധീരകൃത്യങ്ങൾചെയ്തു് പ്രശസ്തിനേടിയ ഹൗഡിൻസ് ഇംഗ്ലണ്ടിലെ ഒരു ചെറിയ കല്ലറയിൽവച്ചു് തോൽവി സമ്മതിക്കേണ്ടിവന്നല്ലോ എന്നോർത്തു് വിലപിച്ചു. ഒടുവിൽ ഹൗഡിൻസ് ഒന്നുകൂടി ശ്രമിക്കാനുറച്ചു. അത്ഭുതം! അദ്ദേഹം പുറത്തുവന്നു. സൂക്ഷ്മമായി പരിശോധിച്ചപ്പോഴാണു് താനിത്രനേരവും സാഹസപ്പെട്ടു് തുറക്കാൻ ശ്രമിച്ച താഴു് പൂട്ടിയിട്ടേ ഉണ്ടായിരുന്നില്ലെന്നറിഞ്ഞതു്.

ഇതുപോലെ ചിലപ്പോൾ നമ്മുടെ ജീവിതത്തിലും അനുഭവപ്പെടാറുണ്ടു്. ഇല്ലാത്ത തടസ്സങ്ങൾ ഉണ്ടെന്നു സങ്കല്പിച്ചു് നാം പ്രശ്നങ്ങളെ നേരിടാതിരിക്കുന്നു. ഒരുപക്ഷേ വിജയത്തിനുള്ള എല്ലാ വഴികളും വാതിലുകളും നമുക്കു് തുറന്നുകിടക്കുന്നുണ്ടായിരിക്കാം. നാം തിരിഞ്ഞു് അതിലെ കടക്കുകമാത്രമേ ചെയ്യേണ്ടതുള്ളു.

"എന്നെക്കൊണ്ടതൊന്നും പററുകയില്ല" എന്ന മനോഭാവക്കാരാണെങ്കിൽ അവർ അധികമൊന്നിലും വിജയിക്കയില്ല. "എനിക്കെന്തും സാധിക്കാം—പരിശ്രമിച്ചാൽ നടക്കാത്ത കാര്യമില്ല" എന്ന മനോഭാവത്തോടെ നിങ്ങൾ മുന്നോട്ടുപോകുക.


ഒരച്ഛൻ തന്റെ രണ്ടു പുത്രന്മാരെ അരികിൽ വിളിച്ചു. ആ വീട്ടിലെ രണ്ടു മുറികൾ കാണിച്ചുകൊണ്ടു പറഞ്ഞു: "നിങ്ങളിൽ കൂടുതൽ സമർത്ഥൻ ആരാണെന്നറിയട്ടെ. ഏററവും ചുരുങ്ങിയ ചെലവിൽ ഈ മുറികൾ നിറയ്ക്കുക." രണ്ടുപേരും പെട്ടെന്നാലോചിച്ചുതുടങ്ങി. ഒരുവൻ ഓടിപ്പോയി വൈക്കോൽ ചുമന്നുതുടങ്ങി. അവൻ ഒരു മണിക്കൂറിനകം ആ മുറി നിറയെ വൈക്കോൽ അമർത്തിക്കൊള്ളിച്ചു. തന്റെ സാമർത്ഥ്യത്തെക്കുറിച്ചു് അവൻ സ്വയം തൃപ്തനായി.

മറേറ പുത്രൻ യാതൊരു കലുക്കവും കൂടാതെ ഒരു മെഴുകുതിരി കത്തിച്ചു് മുറിയിലുള്ള ഒരു സ്റ്റൂളിൽ വച്ചു. മുറി മുഴുവൻ വെളിച്ചംകൊണ്ടു നിറഞ്ഞു. ആ വെളിച്ചം വാതായനങ്ങളിൽകൂടി വെളിയിലേക്കും പ്രവഹിച്ചു. പിതാവിന്റെ ഹൃദയത്തിലും അതു് പ്രകാശിച്ചു.

നല്ല വിചാരങ്ങളോടെ നല്ല പ്രവൃത്തികൾമാത്രം ചെയ്തു ജീവിക്കുന്ന കുട്ടികൾക്കേ നല്ലബുദ്ധി തോന്നുകയുള്ളു. മുറിയിൽ വെളിച്ചം നിറച്ചതുപോലെ നിങ്ങളുടെ കൊച്ചുമനസ്സുകളിൽ നല്ല സ്വഭാവം നിറയ്ക്കുക.


പ്രിയപ്പെട്ട കുഞ്ഞുങ്ങൾക്കു് കുഞ്ഞമ്മാവന്റെ ഹൃദയപൂർവ്വമായ ക്രിസ്തുമസ്സ് ആശംസകൾ! ഐശ്വര്യപൂർണ്ണമായ നവവത്സരം നിങ്ങൾക്കെല്ലാവർക്കും കൈവരുമാറാകട്ടെ!!

സ്നേഹപൂർവ്വം
സ്വന്തം കുഞ്ഞമ്മാവൻ



മുറി മുഴുവൻ വെളിച്ചംകൊണ്ടു നിറഞ്ഞു.

# വിനോദവേദി




* * *

ജോണി, അവൻ വാത്സല്യപൂർവ്വം വളർത്തുന്ന മുയലിനെ ഒരു ദിവസം പിടിച്ചു മടിയിൽവച്ചുകൊണ്ടു് അതിനോടു ചോദിക്കയാണു്: "ഏഴും അഞ്ചും എത്രയാണെടാ, വേഗം പറയണം."

ഇതു കേട്ടുകൊണ്ടിരുന്ന ജോണിയുടെ അപ്പൻ: "എന്താ ജോണി, മുയലിനോടാണോ കണക്കു ചോദിക്കുന്നേ?"

ജോണി: "സ്കൂളിൽ സാറു പറഞ്ഞു മുയലുകൾ പെട്ടെന്നു പെരുക്കുമെന്നു്. ഈ ജന്തുവിനു് ഏഴും അഞ്ചുംകൂടി കൂട്ടാൻപോലും അറിഞ്ഞുകൂടാ."

* * *

"ഈ പാലിൽ വെള്ളം ചേർത്തുവെന്നതു തീർച്ചയാണു്. അതും നിങ്ങൾ പോന്നവഴിക്കുള്ള കുളത്തിലെ വെള്ളം. കണ്ടോ, ഇതിലൊരു ചുട്ടിപ്പൊഞ്ഞൻ (ഒരുതരം ചെറുമത്സ്യം) കിടന്നു കളിക്കുന്നതു്?"

"നിങ്ങൾക്കു മനസ്സുണ്ടെങ്കിൽ പാലുമേടിച്ചാമതി. ഒരൊററ തുള്ളിവെള്ളം ഞങ്ങളതിൽ ചേർത്തിട്ടില്ല. ആ കുളത്തിലാണു ഞങ്ങൾ പശുവിനെ വെള്ളം കുടിപ്പിക്കുന്നതു്. അതുകൊണ്ടാണു് പാലിൽ ചുട്ടിപ്പൊഞ്ഞനെ കണ്ടതു്."

വിമർശനവീഥി

# പി. എസ്. പി. തീരുമാനം പ്രജായത്താദർശവിരുദ്ധം

(സാംസ്കാരിക സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള "ഇന്ത്യൻ കമ്മിററി" Indian Committee for Cultural Freedom) എന്ന സംഘടനയുടെ മുഖപത്രമായി ബോംബെയിൽനിന്നു പ്രസിദ്ധംചെയ്യുന്ന "സ്വാതന്ത്ര്യം സർവ്വപ്രധാനം" (Freedom First) എന്ന പ്രതിമാസപ്രസിദ്ധീകരണത്തിന്റെ ഡിസംബർ ലക്കത്തിലെ വിമർശനപരമായ ലേഖനമാണു് താഴെ ഉദ്ധരിക്കുന്നതു്.)

പ്രജാസോഷ്യലിസ്റ്റ് പാർട്ടിയുടെ നാഷണൽ എക്സിക്യൂട്ടീവ് കമ്മ്യൂണിസ്റ്റുകാരുമായി തിരഞ്ഞെടുപ്പുസംബന്ധമായ ഒരു കൂട്ടുകെട്ടുണ്ടാക്കുവാൻ ആ പാർട്ടിയുടെ തിരു-കൊച്ചിയിലെ ശാഖക്കു് അനുമതി നൽകിക്കൊണ്ടു ചെയ്ത തീരുമാനം, പ്രജായത്തജീവിതരീതിക്കു് തങ്ങളെത്തന്നെ പ്രതിഷ്ഠിക്കുകയും കമ്മ്യൂണിസ്റ്റ് പാർട്ടിയെ പ്രജായത്തത്തിനും സ്വാതന്ത്ര്യത്തിനും എതിരായുള്ള സർവ്വാധിപത്യപരമായ ഒരു ഭീഷണിയായി പരിഗണിക്കുകയും ചെയ്യുന്ന സകലർക്കും പരിതാപവിഷയകമായി തീരാതിരിക്കുകയില്ല.

തിരഞ്ഞെടുപ്പിൽ സംയുക്ത പ്രചരണങ്ങളും സംയുക്തപ്രകടനപത്രികകളും ഒഴിച്ചുവയ്ക്കണമെന്നു് പ്രജാസോഷ്യലിസ്റ്റു പാർട്ടിക്കു് അതിന്റെ എക്സിക്യൂട്ടീവ് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുള്ളതു വാസ്തവം തന്നെ. എന്നുവരികിലും കമ്മ്യൂണിസ്റ്റുകാരുമായി ഒരുമിച്ചിരുന്നു ആലോചിക്കുവാനും, സീററുകൾ വിഭജിക്കുവാനും, അതുവഴിയായി തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനെ തീർച്ചയായും തോല്പിക്കുവാനും ആ പാർട്ടിയെ എക്സിക്യൂട്ടീവ് അനുവദിക്കുന്നുണ്ടു്.

പാർട്ടിസമ്പ്രദായം പാർലമെൻററി ഡെമോക്രസിയുടെ സാരഭൂതമായ ഒരു ലക്ഷണമാകുന്നു. സാമുദായികവും സാമ്പത്തികവും രാഷ്ട്രീയവുമായ വിവിധപരിപാടികളെ ആധാരമാക്കിക്കൊണ്ടുള്ള ഡെമോക്രാററിക് പാർട്ടികൾക്കു്, വോട്ടർമാരുടെ ആനുകൂല്യം സമ്പാദിക്കുന്നതിനുവേണ്ടി, പരസ്പരം മത്സരിക്കുവാൻ പരിപൂർണ്ണമായ സ്വാതന്ത്ര്യമുണ്ടായിരിക്കേണ്ടതു് ജീവൽപ്രധാനമായ ആവശ്യമാണു്. ഡെമോക്രാററിക്‌രീതിയിൽ, അതായതു് കമ്മ്യൂണിസ്റ്റുകാരുമായി സഖ്യങ്ങളിലേർപ്പെടാതെ, കോൺഗ്രസ്സ് പാർട്ടിയെ തോല്പിക്കുവാൻ പി. എസ്സ്. പി. പരിശ്രമിക്കുന്നെങ്കിൽ, ആ നടപടി പരിപൂർണ്ണമായും ന്യായമായിരിക്കും. അപ്രകാരംതന്നെ തിരഞ്ഞെടുപ്പുമത്സരത്തിൽ പി. എസ്സ്. പിയെ അടിപ്പെടുത്തുവാനുള്ള കോൺഗ്രസ്സിന്റെ പരിശ്രമവും സ്വാഗതാർഹമായിരിക്കും. മാത്രമല്ല, രാജ്യത്തിന്റെ സാമ്പത്തികവികസനം വർദ്ധിപ്പിക്കുന്നതിനും ദേശീയഭദ്രത സംരക്ഷിക്കുന്നതിനും തങ്ങൾ പരസ്പരം സഹകരിക്കേണ്ടതു് ആവശ്യമാണെന്നു് ആ രണ്ടു പാർട്ടികളും വിചാരിക്കുന്നുണ്ടെങ്കിൽ, അതും ന്യായപൂർവ്വം അവർക്കു ചെയ്യാവുന്നതാണു്. തമ്മിൽ മത്സരിക്കുകയാണോ സഹകരിക്കുകയാണോ തങ്ങൾ ചെയ്യേണ്ടതെന്നു തീരുമാനിക്കുവാനുള്ള അവകാശം ആ പാർട്ടികൾക്കുണ്ടു്. എന്നാൽ ഡെമോക്രാററിക് പാർട്ടികൾ അവരുടെ ഡെമോക്രാററിക് പ്രതിദ്വന്ദ്വികളെ ദൂരീകരിക്കുവാൻവേണ്ടി സർവ്വാധിപത്യപരവും ഡെമോക്രസിവിരുദ്ധവുമായ പാർട്ടികളുമായി കൂട്ടുകൂടുവാൻ ശ്രമിക്കുമ്പോൾ ഡെമോക്രാററിക് രാഷ്ട്രീയങ്ങളുടെ ന്യായമായ അതിരുകൾ അതിലംഘിച്ചുകൊണ്ടാണു് അവർ പ്രവർത്തിക്കുന്നതെന്നു് പറയേണ്ടിവരുന്നു.

ഡെമോക്രസിയുടെ പ്രയോഗം എന്നു പറഞ്ഞാൽ, ഡെമോക്രസിയെ ആദർശമായി സ്വീകരിക്കുന്നവരെല്ലാം ചില കർത്തവ്യങ്ങൾ ഏറെറടുക്കുകയും നിശ്ചിതങ്ങളായ ചില രാഷ്ട്രീയസമ്പ്രദായങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നുവെന്നാണർത്ഥം. അധികാരത്തിലിരിക്കുന്ന പാർട്ടി ഡെമോക്രാററിക്കു് ജീവിതരീതിയുടെ ഉന്നതങ്ങളായ മാനദണ്ഡങ്ങൾ ഉയർത്തിപ്പിടിക്കുവാൻ ഇതുവരെയും ഒരു ശ്രമവും ചെയ്യാത്തതുകൊണ്ടാണു് പി. എസ്സ്. പി പ്രസ്തുത തീരുമാനം എടുത്തതെന്നു് അതിനു നീതീകരണം നൽകുവാൻ ആഗ്രഹിക്കുന്നവർക്കു വാദിക്കാൻ കഴിഞ്ഞേക്കാം. പി. എസ്സ്. പി. യെപ്പോലുള്ള പ്രതിപക്ഷഡെമോക്രാററിക് പാർട്ടികൾക്കു ഭരണം നടത്തുന്ന പാർട്ടിയുടെ ന്യായരഹിതങ്ങളായ പ്രവർത്തനരീതികളിൽ അമർഷം തോന്നുന്നുണ്ടെങ്കിൽ അതു നമുക്കു മനസ്സിലാക്കാൻ കഴിയും. എന്നാൽ ഡെമോക്രസിയുടെ ശത്രുക്കളുമായി സഹകരിക്കുന്ന ഒരു പദ്ധതിയിലേക്കു് തങ്ങളെ തിരിച്ചുവിടുവാൻ തങ്ങളുടെ അമർഷത്തെ അവർ അനുവദിക്കുന്നെങ്കിൽ, ആ സഹകരണം എത്ര പരിമിതമായിരുന്നാൽപ്പോലും, ഈ രാജ്യത്തു് ഡെമോക്രാററിക് ജീവിതരീതി അചഞ്ചലമായി സ്ഥാപിക്കപ്പെട്ടുകാണണമെന്നു് ആഗ്രഹിക്കുന്നവർക്കെല്ലാം അതു് ഉൽക്കണ്ഠാജനകമാകാതിരിക്കുവാൻ നിവൃത്തിയില്ല.

ഭരണം നടത്തുന്ന പാർട്ടി പ്രജായത്തവിരുദ്ധമായ ഇത്തരം സഹകരണനയം കാര്യസാദ്ധ്യത്തിനുവേണ്ടി പ്രയോഗിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിക്കു്, പ്രതിപക്ഷപാർട്ടിക്കും ആ നയം സ്വീകരിക്കുകയും അതുനിമിത്തമുണ്ടാകുന്ന ആനുകൂല്യങ്ങൾ ആസ്വദിക്കുകയും ചെയ്യാൻ എന്തു വിരോധമാണുള്ളതെന്നു് ചോദിച്ചേക്കാം. ഉദാഹരണമായി കാഷ്മീരിൽ, കോൺഗ്രസ് ഭരണകർത്താക്കൾ പ്രോത്സാഹനം നൽകിക്കൊണ്ടിരിക്കുന്നതു്, സ്പഷ്ടമായ കമ്മ്യൂണിസ്റ്റഭിപ്രായങ്ങൾ സ്വീകരിക്കുന്നവരെന്നു് അറിയപ്പെടുന്നവരും ഈ രാജ്യത്തെ ശിഥിലീകരിക്കുകയെന്ന കമ്മ്യൂണിസ്റ്റ് നയം മനഃപൂർവ്വവും ബോധപൂർവ്വവും പുരോഗമിപ്പിച്ചുകൊണ്ടിരിക്കുന്നവരുമായ ആളുകൾക്കാണു്. പണ്ടേതന്നെ ശക്തനായിത്തീർന്നിരിക്കുന്ന കമ്മ്യൂണിസ്റ്റ് പ്രധാനിയായ ജി. എം. സാദിക്കിനെ അവിടത്തെ മന്ത്രിസഭയിൽ ഉൾപ്പെടുത്തിയതു ഈ പ്രോത്സാഹനത്തിന്റെ അടുത്തുനടന്ന ദൃഷ്ടാന്തമാണു്. ഇങ്ങനെ അവസരത്തിന്റെ താളത്തിനു തുള്ളി ഗുണം എടുക്കുമ്പോൾ കോൺഗ്രസ്സ് പാർട്ടിയും രാജ്യവും അതിനു് വളരെ വലിയ വില കൊടുക്കേണ്ടതായിവരും. എന്നാൽ ഒരു ഡെമോക്രാററിക് പാർട്ടി ദീർഘദൃഷ്ടിയില്ലാത്ത ഇത്തരം നയം സ്വീകരിച്ചതു് മറെറാരു ഡെമോക്രാററിക് പാർട്ടിക്കു് അതു സ്വീകരിക്കുവാൻ ന്യായമാകുന്നതെങ്ങനെ? അതു ന്യായമാണെന്നു സമ്മതിക്കുന്നപക്ഷം ഡെമോക്രസിയുടെ നാശത്തിനുവേണ്ടി ഡെമോക്രാററിക് പാർട്ടികൾ പരസ്പരം മത്സരിക്കുന്ന പരിതാപകരമായ അവസ്ഥയായിരിക്കും രാജ്യത്തുണ്ടാവുക. അധികാരത്തിലിരിക്കുന്ന ഒരു ഡെമോക്രാററിക് പാർട്ടി ഇത്തരം ദുർന്നയങ്ങളിൽ സന്തോഷം കണ്ടെത്തുന്നതു് അക്ഷന്തവ്യമായിരിക്കുന്നതുപോലെതന്നെ, പ്രതിപക്ഷത്തുള്ള ഡെമോക്രാററിക്കു് പാർട്ടികൾക്കു് അതേസമ്പ്രദായങ്ങൾ സ്വീകരിക്കുന്നതിനുള്ള ന്യായമായി ആ ദുർന്നയങ്ങളെ പരിഗണിക്കുന്നതും അസ്വീകാര്യമായിരിക്കുന്നു.

## ജയ്പ്രകാശ് പണ്ടേ വിലക്കിയിട്ടുണ്ടു്

1950-ൽ ആരംഭിച്ച ദശവർഷങ്ങളിൽ ജയ്പ്രകാശ് നാരായണൻ കമ്മ്യൂണിസ്റ്റ്-സോഷ്യലിസ്റ്റ് സഹകരണത്തിന്റെ മരണക്കുറിപ്പെഴുതുകയുണ്ടായല്ലോ. സുസ്മരണീയമായ ആ പ്രസ്താവത്തിനുശേഷം കമ്മ്യൂണിസ്റ്റുകാരുമായി യാതൊരു കൂട്ടുകെട്ടും തങ്ങൾക്കൊരിക്കലും ഉണ്ടാവുകയില്ലെന്നുള്ള നിശ്ചയമായ നയമാണു് സോഷ്യലിസ്റ്റുകൾ സ്വീകരിച്ചുപോന്നിട്ടുള്ളതു്. "ഇനി ഒരിക്കലും ഇല്ല" എന്നായിരുന്നു ജയ്പ്രകാശിന്റെ അനുപാധികമായ തീരുമാനം. അതുമുതൽ ഏകദേശം ഒരു വ്യാഴവട്ടക്കാലമായി, സോഷ്യലിസ്റ്റുകാരാണു് കമ്മ്യൂണിസ്റ്റുകാരുടെ ആശയസംഹിതയേയും കാപട്യവും വഞ്ചനയുമടങ്ങിയ അവരുടെ നയത്തേയും വിമർശിക്കുന്നതിൽ മുന്നണിയിൽ നിന്നിട്ടുള്ളതു്. കമ്മ്യൂണിസ്റ്റ് ഐക്യമുന്നണിപ്രസ്ഥാനം ഇന്ത്യൻ ദേശീയജീവിതത്തിൽ ഒരു സുരക്തഘടകമായിത്തീരാതിരിക്കുവാൻ പരിശ്രമിച്ചിട്ടുള്ളതിലും അവരാണു് മുൻകൈ എടുത്തിട്ടുള്ളതു്.

നിയമസഭാസീററുകളുടെ വിഭജനം സംബന്ധിച്ചു് കമ്മ്യൂണിസ്റ്റുകളുമായി പരിമിതമായ ഒത്തുതീർപ്പുണ്ടാകണമെന്നുള്ള തീരുമാനത്തെ നീതീകരിക്കുവാൻ എന്തു ന്യായങ്ങൾതന്നെ പറഞ്ഞാലും, സ്വാതന്ത്ര്യത്തിന്റെ ആ ശത്രുക്കൾ ആ തീരുമാനത്തെ ആപ്പിന്റെ നേരിയ അററമായി പരിഗണിക്കാതിരിക്കുകയില്ല; ദീർഘിച്ച 12 വർഷങ്ങൾക്കുശേഷം സോഷ്യലിസ്റ്റുകാരുടെ പടച്ചട്ടയിൽ ഒരു വിടവുണ്ടാക്കുവാൻ ഒടുവിൽ തങ്ങൾക്കു സാധിച്ചുവെന്നു് അവർ സംതൃപ്തരായിരിക്കും; ക്രമേണ ക്രമേണ കമ്മ്യൂണിസ്റ്റുകാരുമായി പൂർണ്ണമായ തോതിലുള്ള സഖ്യമുണ്ടാക്കുവാൻ പി. എസ്സ്. പി. യെ യുക്തിപൂർവ്വം നിർബന്ധിക്കുവാൻ ഇടയുള്ള ഒരു നടപടിക്കു് ആ പാർട്ടിയുടെ സമുന്നതമായ എക്സിക്യൂട്ടീവ് സമിതിയുടെ അംഗീകാരം സിദ്ധിക്കാൻ കഴിഞ്ഞതിൽ അവർ സന്തുഷ്ടരാവുകയും ചെയ്യും.

കോൺഗ്രസ്സ് പാർട്ടി പോയാൽ അതിന്റെ സ്ഥാനത്തു് വരുവാനുള്ള ഏകപാർട്ടി തങ്ങൾ മാത്രമാണെന്നു് കമ്മ്യൂണിസ്റ്റ് പാർട്ടി എപ്പോഴും വാദിച്ചുപോന്നിട്ടുണ്ടു്. ഇടുങ്ങിയ വിഭാഗീയ പരിഗണനകളുടെ പ്രേരണയാൽ ചില കോൺഗ്രസ്സുകാരും ഇതേ ആശയം പ്രതിധ്വനിപ്പിക്കുന്നു; മററു പാർട്ടികൾ സാരമുള്ളവയല്ലെന്നും, കോൺഗ്രസ്സ് പാർട്ടിക്കു ബദലായ ഡെമോക്രാററിക് പാർട്ടി വേറെയില്ലെന്നും, ഒന്നെങ്കിൽ കോൺഗ്രസ്സ് അല്ലെങ്കിൽ കമ്മ്യൂണിസ്റ്റ് എന്ന നിലയിൽവേണം ജനങ്ങൾ പാർട്ടിയെ തിരഞ്ഞെടുക്കാനെന്നും ഉള്ള ധാരണ അവർ സൃഷ്ടിക്കുവാൻ പരിശ്രമിക്കുകയും ചെയ്യുന്നു. ഈ മനോഭാവം ഏററവും ആപൽക്കരമാകയാൽ അതിനു ശക്തികൂട്ടുന്ന യാതൊന്നും സോഷ്യലിസ്റ്റുകൾ ചെയ്യരുതെന്നാണു് ഡെമോക്രാറ്റുകളുടെ ആഗ്രഹം.

പി. എസ്സ്. പി. എക്സിക്യൂട്ടീവ് ന്യായവാദം ചെയ്യുന്നതു്, ത്രികോണമത്സരങ്ങൾ ഒഴിച്ചുവച്ചാൽ രാഷ്ട്രീയജീവിതത്തിൽ ആരോഗ്യപരമായ വികസനമുണ്ടാകുമെന്നാണു്. ഗാഢമായ പരിശോധനയിൽ കാണാൻ കഴിയും, ഈ ന്യായവാദം പിശകാണെന്നു്. ത്രികോണമത്സരങ്ങൾ തീർച്ചയായും വിലപനീയങ്ങൾതന്നെ. ആവശ്യത്തിലധികം പാർട്ടികളുണ്ടായിരിക്കുന്നതു് ഡെമോക്രാററിക് സ്ഥാപനങ്ങളുടെ വളർച്ചയ്ക്കു് ഹാനികരമാണെന്നു് ആരും സമ്മതിക്കേണ്ടതുമാണു്. എന്നാൽ ദ്വികോണമത്സരം ആശാസ്യമായിരിക്കുന്നതു്, മത്സരിക്കുന്ന രണ്ടു പാർട്ടികളും ഡെമോക്രാററിക് തത്വങ്ങളിൽ ഉറച്ചുനില്ക്കുമ്പോൾ മാത്രമാകുന്നു. ആ മത്സരം ഒരു ഡെമോക്രാററിക് പാർട്ടിയും ഒരു സർവ്വാധിപത്യപാർട്ടിയും തമ്മിൽ നേരിട്ടാകുമ്പോൾ, അതിന്റെ ഫലങ്ങൾ—ചൈനയിലെ കൊമിൻടാംഗ് പാർട്ടിയുടെ കാര്യത്തിൽ കണ്ടതുപോലെ—ഡെമോക്രസിക്കു് ഹാനികരമായിത്തീരാനേ കഴിയൂ. എന്തുകൊണ്ടെന്നാൽ രാഷ്ട്രീയശക്തികളെ ചേരികളായി വേർതിരിച്ചു നിർത്തേണ്ട ദുരവസ്ഥയായിരിക്കും അപ്പോൾ വോട്ടർമാർക്കു് നേരിടേണ്ടിവരുന്നതു്. ആ ദുരവസ്ഥയെ തുടർന്നു് എല്ലായിടത്തും വിജയം കൈവരിച്ചിട്ടുള്ളതു് സർവ്വാധിപത്യപരമായ കമ്മ്യൂണിസ്റ്റ് പാർട്ടിയാണുതാനും. ഇപ്പറഞ്ഞതിന്റെ അർത്ഥം, തങ്ങൾക്കു പിൻതുണ ലഭിച്ചാലും ഇല്ലെങ്കിലും, ഓരോ നിയമസഭാസീററിനും വേണ്ടി മത്സരിക്കേണ്ടതു് പ്രജാസോഷ്യലിസ്റ്റ് പാർട്ടിയുടെ കർത്തവ്യമാണെന്നല്ല. വേറൊരു ഡെമോക്രാററിക് പാർട്ടിയെ തോല്പിക്കുവാൻവേണ്ടിമാത്രം കമ്മ്യൂണിസ്റ്റുകാരുമായി കൂട്ടുകൂടരുതെന്നാണു് അതിന്റെ അർത്ഥം. കൂടാതെ, തങ്ങളുടെ പാർട്ടിയിൽപ്പെട്ട സ്ഥാനാർത്ഥികളെ നിർത്താത്ത നിയോജകമണ്ഡലങ്ങളിൽ കമ്മ്യൂണിസ്റ്റു സ്ഥാനാർത്ഥികൾക്കുവേണ്ടി പ്രജാസോഷ്യലിസ്റ്റു പാർട്ടി വോട്ടുപിടിക്കരുതെന്നും അതിനർത്ഥമുണ്ടു്.

## ഇടുങ്ങിയ മനോഭാവമല്ല

കമ്മ്യൂണിസ്റ്റുകാരുമായി പരിപൂർണ്ണമായും നിസ്സഹകരിക്കണമെന്നുള്ള സോഷ്യലിസ്റ്റു നയം അന്ധമായ വിശ്വാസത്തിന്റെയോ ഇടുങ്ങിയ മനോഭാവത്തിന്റെയോ ഫലമായി ഉത്ഭവിച്ചതല്ല. ഇൻഡ്യയിലെന്നല്ല ലോകമാസകലമുള്ള സോഷ്യലിസ്റ്റും ഡെമോക്രാററിക്കും പ്രസ്ഥാനങ്ങളിൽനിന്നു് സുചിന്തിതമായും പരിപക്വമായും സ്വീകരിച്ചിട്ടുള്ള നിഗമനത്തെ ആധാരമാക്കിയുള്ളതാണതു്. കമ്മ്യൂണിസ്റ്റുകാരുമായുള്ള സഹകരണം അനേകകാലം അനുഭവിച്ചറിഞ്ഞശേഷം സ്വീകരിച്ചിട്ടുള്ളതാണു് ആ നിഗമനം. ഒരുവശത്തു് സർവ്വാധിപത്യപരമായ കമ്മ്യൂണിസവും മറുവശത്തു് പ്രജായത്തപരമായ സ്വാതന്ത്ര്യവും ഉള്ളപ്പോൾ അവരണ്ടും തമ്മിൽ ഒത്തിണങ്ങിപ്പോകുക ഒരുവിധത്തിലും സാദ്ധ്യമല്ലെന്നും, കമ്മ്യൂണിസ്റ്റുകാരുമായി പരിമിതരംഗങ്ങളിൽപ്പോലും സഹകരിക്കുവാനുള്ള സോഷ്യലിസ്റ്റുകളുടേയും ഡെമോക്രാറ്റുകളുടേയും എല്ലാ പരിശ്രമങ്ങളും സാമുദായികജീവിതത്തിന്റെ പ്രജായത്തപരമായ അടിസ്ഥാനങ്ങൾ തകിടം മറിക്കുവാനുള്ള സന്ദർഭങ്ങൾ സൃഷ്ടിക്കുകയേ ഉള്ളുവെന്നുമാണു് അനേകകാലമായുള്ള അനുഭവജ്ഞാനം. സർവ്വാധിപത്യസമ്പ്രദായവും പ്രജായത്തസമ്പ്രദായവും തമ്മിൽ കൂട്ടുകെട്ടുണ്ടാവുകയും കൂടിക്കുഴയുകയും ചെയ്താൽ, നാശം ഭവിക്കുന്നതു് പ്രജായത്തസമ്പ്രദായത്തിനാണു്, അല്ലാതെ മറേറതിനല്ല. അതുകൊണ്ടാണു്, പ്രജായത്തസമ്പ്രദായത്തിനു് ആധാരമായിരിക്കുന്ന സാന്മാർഗ്ഗികവും മാനുഷികവുമായ സകലമൂല്യങ്ങളേയും നിഷേധിക്കുന്ന കമ്മ്യൂണിസത്തിനെതിരായി ജനങ്ങളിൽ വിരുദ്ധമനസ്ഥിതി ഉത്തേജിപ്പിക്കുവാൻ അത്യാവശ്യകമായിരിക്കുന്നതു്.

കമ്മ്യൂണിസത്തിന്റെ നുഴഞ്ഞുകയററത്തിൽനിന്നു് ഏതൊരു ഡെമോക്രാററിക് സംഘടനയും സ്വന്തം ഭദ്രതയെ സംരക്ഷിക്കണമെങ്കിൽ കമ്മ്യൂണിസ്റ്റ് സിദ്ധാന്തത്തിനും അനുഷ്ഠാനത്തിനും എതിരായി തന്റെ അനുയായികളുടെ സാന്മാർഗ്ഗികതീക്ഷ്ണത തട്ടിയുണർത്തേണ്ടിയിരിക്കുന്നു. ഡെമോക്രാററിക് സംഘടന കമ്മ്യൂണിസ്റ്റ് ഗ്രൂപ്പുകളുമായി കെട്ടുപിണയുമ്പോൾ ഈ സാന്മാർഗ്ഗികതീക്ഷ്ണത അതിനു നഷ്ടപ്പെടുന്നു; കമ്മ്യൂണിസ്റ്റുകളും ഡെമോക്രാറ്റുകളും തമ്മിൽ മൗലികമായ യാതൊരു വ്യത്യാസവുമില്ല എന്ന ധാരണ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. ഡെമോക്രസിയും കമ്മ്യൂണിസവും തമ്മിലുള്ള ഈ വ്യത്യാസങ്ങളുടെ മൂർച്ച കെട്ടുപോകുമ്പോൾ ഡെമോക്രസിയെ തകിടംമറിക്കുന്നതിനു് അനുകൂലമായ അന്തരീക്ഷം സംജാതമാകുന്നു. അതുകൊണ്ടാണു്, ആസന്നങ്ങളും താല്ക്കാലികങ്ങളുമായ ചില നേട്ടങ്ങൾക്കുവേണ്ടി ഡെമോക്രാററിക് പാർട്ടികൾ തീകൊണ്ടു് കളിക്കരുതെന്നു് ഉദ്ബോധിപ്പിക്കപ്പെടുന്നതു്. കമ്മ്യൂണിസ്റ്റ് ഭീഷണിക്കെതിരായി പ്രജായത്തബോധം ജനങ്ങളിൽ വികസിപ്പിക്കുന്നതിൽ വളരെ പ്രധാനഭാഗം വഹിച്ചിട്ടുള്ള സോഷ്യലിസ്റ്റുകൾ ദൂരവ്യാപകങ്ങളും ആപൽക്കരങ്ങളുമായ ഭവിഷ്യത്തുകളോടുകൂടിയ ഒരു പ്രവർത്തനപദ്ധതി കൈക്കൊള്ളാതിരിക്കാൻ ഇടവരുത്തുന്ന തീരുമാനങ്ങൾ പി. എസ്സ്. പി. യുടെ അടുത്തുവരുന്ന കൺവൻഷനിൽ സ്വീകരിക്കപ്പെടുമെന്നു് നമുക്കു പ്രതീക്ഷിക്കാം.

——

## തരിശുഭൂമികൾ

അയർലണ്ടു് ഒരു ചെറിയ രാജ്യമാണു്. എങ്കിലും മുപ്പത്തേഴുലക്ഷത്തോളം ഏക്കർസ്ഥലങ്ങൾ ഇനിയും അവിടെ കൃഷിചെയ്യാതെ കിടപ്പുണ്ടു്. ഐറിഷ് ജനങ്ങൾ ഇപ്പോഴും ധാരാളമായി വിദേശങ്ങളിലേക്കു കുടിയേററത്തിനു പോയിക്കൊണ്ടുമിരിക്കുന്നു. കുന്നും മലകളുമായി കിടക്കുന്ന മേല്പറഞ്ഞ തരിശുഭൂമികളിൽ മുപ്പതുലക്ഷത്തോളം ഏക്കർ ശ്രമിച്ചാൽ കൃഷിചെയ്യാൻ പാടില്ലാത്തതല്ല. ആട്ടുമാടുകൾക്കായി ഒഴിച്ചിട്ടിരുന്ന അഞ്ചുലക്ഷത്തിൽപ്പരം ഏക്കറുകൾ ഇപ്പോൾ വെറും ശൂന്യപ്രദേശങ്ങളായിത്തീർന്നിരിക്കയാണു്. വല്ലതും അവിടങ്ങളിൽ വച്ചുപിടിപ്പിക്കാൻ നോക്കാത്തപക്ഷം ഇനി ആട്ടുമാടുകൾക്കും യാതൊന്നും തിന്നാനുണ്ടാകയില്ല.

Reg. M. No. 2293

# Sathya Deepam

Vol. 27 Ernakulam December 23, 1953 No. 18

# വിവിധവൃത്താന്തങ്ങൾ

### സ്റ്റെപ്പിനാക്ക് കർദ്ദിനാൾ സഹമെത്രാന്മാരുമായി രഹസ്യാലോചന

യൂഗോസ്ലാവിയായിലെ കമ്മ്യൂണിസ്റ്റുകാരുടെ വൈദികവിദ്വേഷപ്രകടനങ്ങൾ രൂക്ഷതരമായി വരുന്നതിനാൽ നിവൃത്തിമാർഗ്ഗങ്ങൾ ആരായുന്നതിനു് കാർഡിനൽ സ്റ്റെപ്പിനാക്ക് തിരുമേനി തൻെറ സഹമെത്രാന്മാരുമായി രഹസ്യാലോചന നടത്തിയതായി ട്രിയെസ്റ്റിൽനിന്നുള്ള ഒരു സന്ദേശത്തിൽ കാണുന്നു. അടുത്ത ദിവസങ്ങളിൽത്തന്നെ അഞ്ചാറുമെത്രാന്മാരുടെ മേൽ കഠിനമായ കൈയേററം, നടന്നിട്ടുണ്ടു്. ബൻജാലൂക്കായിലെ അഡ്മിനിസ്റ്റർ അപ്പസ്തോലിക്കായായ ബിഷപ്പ് സേലിക്ക് തിരുമേനി സ്ഥൈര്യലേപനകർമ്മം നടത്തിക്കൊണ്ടിരിക്കയിൽ കമ്മ്യൂണിസ്റ്റ് അക്രമികൾ അദ്ദേഹത്തെ ആക്രമിച്ചു. തന്നെ അവർ തൂക്കിക്കൊല്ലും, എന്നാക്രോശിച്ചു. ഭീഷണിക്കു് വിധേയരാകുന്ന വൈദികാദ്ധ്യക്ഷന്മാർക്കു് വിശ്വാസികൾ അഭയംനൽകി സംരക്ഷിച്ചുവരികയാണു്. ഒരു പ്രതിനിധിസംഘത്തെ അയച്ചു് സ്ഥിതിഗതികൾ മനസ്സിലാക്കി പ്രതിവിധിയുണ്ടാക്കണമെന്നു് അമേരിക്കൻ ഹയരാർക്കിക്കു് അവിടെനിന്നും ഒരു മെമ്മോറാണ്ഡം അയച്ചിട്ടുള്ളതായി പറയപ്പെടുന്നു.

### ഡച്ചു് കത്തോലിക്കർക്ക് ചർച്ച് ടൈംസിൻെറ താക്കീതു്

ഹോളണ്ടിൽ ഹൈരാർക്കി പുനഃസ്ഥാപിച്ചതിൻെറ ശതാബ്ദാഘോഷങ്ങൾ അസൂയാർഹമായ വിധം അവർ കൊണ്ടാടുകയുണ്ടായല്ലോ. അതിൽ കണ്ണുകടികൊണ്ടെന്നോണം ചർച്ച് ടൈംസ് എന്ന ആംഗ്ലിക്കൻ പത്രം അവരുടെമേൽ ഒരു കുററാരോപണം കൊണ്ടുവന്നിരിക്കുന്നു. ഇക്കാലത്തിനിടയ്ക്കെങ്ങും അവിടെ പേരുവിളിച്ച ഒരു പുണ്യവാൻ ഉണ്ടായിട്ടില്ലല്ലോ എന്നു്. കേരളത്തിലെ അപ്പസ്തോലസഭയുടെ ശതാബ്ദാഘോഷങ്ങൾക്കിടയ്ക്കു ഈ ഘോഷണം ഇങ്ങോട്ടും എറിയാത്തതു നമ്മുടെ ഭാഗ്യംതന്നെ.

### ഏതാനും കൊല്ലംമുമ്പ് ലൂർദിൽ നടന്നതാണ്

കഴിഞ്ഞമാസത്തിൽ നിര്യാതനായ ബനഡിക്ടൻ സഭാംഗമായ ഡോൺ സ്റ്റീവൻ റോളിൻസൺ എന്ന പ്രസിദ്ധ ലേഖകൻ ഒരു തീർത്ഥസംഘത്തോടൊന്നിച്ചു് ലൂർദിൽ എത്തിയിരിക്കയായിരുന്നു. ഒരുദിവസം രാവിലെ ജപമാലപ്പള്ളിയിൽ അദ്ദേഹം കുർബാനയ്ക്കായി ഒരുങ്ങുമ്പോൾ സമീപത്തുതന്നെ വേറൊരു വൈദികനും തിരുവസ്ത്രങ്ങൾ ധരിച്ചുതുടങ്ങുന്നതുകണ്ടു. സംശയം തോന്നിയതിനാൽ തൻെറ സഹായിയോടു സാവധാനത്തിൽ ചോദിച്ചു, ആ ദേഹത്തെ അറിയുമോയെന്നു്. ഒരു ആംഗ്ലിക്കൻ വൈദികനാണെന്നും സഭയിൽ പ്രവേശിച്ചതായി അറിവില്ലെന്നുമായിരുന്നു മറുപടി. ഡോൺ സ്റ്റീവൻ ആറടി ഉയരമുള്ള ഒരു ഗംഭീരപുരുഷനായിരുന്നു. സൈനികശിക്ഷണവും സിദ്ധിച്ചിട്ടുള്ള ആളാണു്. നേരെ ആംഗ്ലിക്കൻ പാതിരിയുടെപക്കലേക്കുനടന്നു കത്തോലിക്കാവൈദികനാണോ എന്നു് അദ്ദേഹം സഗൗരവം ചോദ്യംചെയ്തു. പ്രത്യുത്തരമുണ്ടായില്ല. മൂന്നുമിനിററിനകം പള്ളിയകം വിട്ടുകൊള്ളണമെന്നു പട്ടാളമുറയ്ക്കു് ആജ്ഞകൊടുത്തു തൻെറ ഒന്നുസരണം ആംഗ്ലിക്കൻ സ്ഥലം വിടുകയുംചെയ്തു. അന്നുതന്നെ ലൂർദിലെ മെത്രാനെ അദ്ദേഹം ഈ വിവരം അറിയിച്ചു. നിരവധി വിദേശവൈദികർ നിരന്തരം വന്നും പോയുമിരിക്കുന്നതിനിടയിൽ സാക്ഷിപത്രപരിശോധന മുറയ്ക്കു നടക്കാത്തതിനാലാണു് ഈവിധം സംഭവിച്ചതെന്നും, മേലിൽ ഇങ്ങനെയുള്ള അബദ്ധം പിണയാതെ നിഷ്കർഷിച്ചുകൊള്ളാമെന്നും അദ്ദേഹം മറുപടികൊടുത്തു. അന്നുമുതൽ ഇക്കാര്യത്തിൽ ലൂർദിലുള്ള ശ്രദ്ധ നിഷ്കൃഷ്ടംതന്നെയെന്നേ പറയാനുള്ളു.

### പത്താംപീയൂസിൻെറ ഒരു നേരംപോക്ക്

അനുഗൃഹീതനായ പത്താം പീയൂസ് തിരുമേനി ജന്മനാ നേരമ്പോക്കുകാരനായിരുന്നു. "ദുഃഖിതനായ ഒരു വിശുദ്ധൻ ദുഃഖകരമായ ഒരു കാഴ്ചയാണു്" എന്നുള്ള വി. ഫ്രാൻസീസ് സാലെസിൻെറ വാക്കുകൾ ഈ മാർപ്പാപ്പാ പലപ്പോഴും ഉദ്ധരിച്ചിരുന്നു. ഒരിക്കൽ പരിശുദ്ധ പിതാവു് വത്തിക്കാനിൽ ഒരു പരസ്യസന്ദർശനം അനുവദിച്ചിരിക്കയായിരുന്നു. ജനക്കൂട്ടത്തിൻെറ പിൻഭാഗത്തുനിന്നും മലപോലെ സ്ഥൂലകായനായ ഒരു ഫാദർ തിങ്ങിത്തള്ളി മുന്നണിയിലേക്കു കയറിവന്നതു മാർപ്പാപ്പാ കണ്ടു. ആ ഉപചാരവിധിനത പിതാവിനോടും സെച്ചി... എങ്കിലും മന്ദസ്മിതസമേതം ആ മനസ്പിനിയോടായിട്ടു പറഞ്ഞു: "മകളേ! വിശ്വാസം മലകളെ ഇളക്കുന്നു എന്നു എനിക്കിപ്പോൾ ബോദ്ധ്യമായിരിക്കുന്നു."

### അമേരിക്കൻ തീർത്ഥകർ യൂറോപ്പിലെ മരിയൻ തീർത്ഥങ്ങളിലേക്ക്

സമാരംഭിച്ചിരിക്കുന്ന മരിയവത്സരം പ്രമാണിച്ചു് യൂറോപ്പിലെ പ്രസിദ്ധ മേരിതീർത്ഥസ്ഥാനങ്ങളായ ലൂർദ്, ലൊരേത്തോ, ലാസാലെററ്, ഫാത്തിമാ, പോംപേ ആദിയായ സ്ഥലങ്ങളിലേക്കു് സംഘാതമായ തീർത്ഥാടനങ്ങൾ നടത്തുന്നതിലേക്കുള്ള പരിപാടികൾ അമേരിക്കൻ കത്തോലിക്കർ തയാറാക്കിക്കഴിഞ്ഞിരിക്കുന്നു. സെപ്തംബർ 8 മുതൽ 12 വരെ അഖിലലോക സൊഡാലിററി കോൺഗ്രസ്സ് റോമിൽ നടക്കുന്നതാണു്. അതിൽ സംബന്ധിക്കുന്നതിനും പല സംഘക്കാരും പ്ലാനിട്ടിട്ടുണ്ടു്. വിശുദ്ധവാരകർമ്മങ്ങളിൽ പങ്കെടുക്കത്തക്കവണ്ണം പലസ്തീനായിൽ എത്തുന്നതിനാണു് ചിലർ പരിപാടി തയാറാക്കിയിരിക്കുന്നതു്.

### ജസ്വിററും പ്രസിഡൻറും ഒരേ തീയതിയിൽ ജനിച്ചവർ

കഴിഞ്ഞ ഒക്ടോബർ 14-ാംനു- പ്രസിഡൻറു് ഐസനോവറിൻെറ 63-ാമത്തെ ജന്മദിനമായിരുന്നു. അദ്ദേഹത്തെ അനുമോദിക്കുന്നതിനായി അന്നു് വൈററ് ഹൗസിൽ വന്നുചേർന്നവരുടെ കൂട്ടത്തിൽ 63 കൊല്ലംമുമ്പ് അതേ തീയതിയിൽ ജാതനായ ഒരു ജസ്വിററ് വൈദികനുമുണ്ടായിരുന്നു. അമേരിക്കയിലെ സുപ്രസിദ്ധമായ ജോർജ് ടൗൺ യൂണിവേഴ്സിററിയുടെ മെഡിക്കൽ വിഭാഗത്തിൻെറ ഡീനായ ഫാ. പോൾ മക്നെല്ലി എസ്. ജെ. ആയിരുന്നു ആ വൈദികൻ. ഇരുവരും ഇതിനുമുമ്പ് ഒരിക്കലും കണ്ടുമുട്ടിയിട്ടുണ്ടായിരുന്നില്ല. അന്യോന്യം ഹാർദ്ദമായ ജന്മദിനാശംസകൾ നൽകിയശേഷം രണ്ടുപേരും ചേർന്നുള്ള ഫോട്ടോ എടുക്കുകയുമുണ്ടായി. തൻെറ മാന്യാതിഥിയെ സെക്രട്ടറി ഓഫ് സ്റ്റേയ്ററ് മിസ്റ്റർ ജോൺ ഡള്ളസിനും പ്രസിഡണ്ടു് പരിചയപ്പെടുത്തി. ഡള്ളസിൻെറ ഒരു പുത്രൻ കത്തോലിക്കാസഭയിൽ പ്രവേശിച്ചു. ഈശോസഭാംഗമായി പഠനം നടത്തിവരുന്നതും അനുസ്മരിക്കേണ്ടതല്ലോ.

### അൽമായ വേഷത്തിലുള്ള മിഷനറി കന്യാസ്ത്രീകൾ

പരിശുദ്ധ പിതാവിൻെറ ആഹ്വാനമനുസരിച്ചു് അൽമായ വസ്ത്രധാരണങ്ങളോടുകൂടിയ മിഷനറിസഭകൾ ഇപ്പോൾ പലേടത്തും ഉടലെടുത്തുവരുന്നുണ്ട്. അമലോത്ഭവത്തിൻെറ ലാബ്ളെയിററു് മിഷനറിമാർ എന്ന നാമത്തിൽ 1952 മേയ്മാസത്തിൽ ക്വിബെക്കിൽ ആരംഭിച്ച ഇപ്പകാരമുള്ള ഒരു കന്യകാസഭയിൽ ഇപ്പോൾ 140 അംഗങ്ങൾ ഉള്ളതായി കാണുന്നു. നഴ്സുമാർ, അദ്ധ്യാപികമാർ, ടൈപ്പിസ്റ്റുകൾ ആദിയായവരാണു് ഇതിൽ പ്രവേശിച്ചിട്ടുള്ളവരിൽ അധികപങ്കും. ഇതിനകം പല മഠങ്ങൾ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ടു്. പരഞ്ഞൊപ്പു ചെയ്തവരായി സഭയിൽ ഇപ്പോൾ 7 പേർ മാത്രമേയുള്ളു. ആകയാൽ മഠാധിപരായിട്ടും മററു നവസന്യാസിനികളെത്തന്നെയാണു നിയമിച്ചിരിക്കുന്നതു്. പൊതുശ്രേഷ്ഠസംഘത്തിൻെറ രണ്ടംഗങ്ങൾ പോലും പുതു കന്യാസ്ത്രീകളാണു്.

### എക്വഡോർ രാജ്യത്തു് കത്തോലിക്കാ പ്രതിദിനപത്രം

തെക്കേ അമേരിക്കയിലെ ഒരു റിപ്പബ്ളിക്കായ എക്വഡോറിൻെറ തലസ്ഥാനനഗരമാണു ക്വിറോ. അവിടെ അടുത്ത ജനുവരിമുതൽ "ലാ യൂനിയോൻ കത്തോലിക്കാ" എന്ന പേരിൽ ഒരു പ്രതിദിനപ്പത്രം തുടങ്ങുന്നതിനു തീർച്ചയാക്കിയിരിക്കുന്നു. എക്വഡോർ കത്തോലിക്കാ സർവ്വകലാശാലയിൽ ജർണലിസം പഠിപ്പിക്കുന്ന ദേഹവും, പ്രസിദ്ധ ഫ്രഞ്ചുകത്തോലിക്കാ പത്രമായ "ലാക്രുവാ"യുടെ ക്വിറോ പ്രതിനിധിയുമായ ഫാദർ എൽറോയി സെറേയം, പത്രപ്രവർത്തനസംബന്ധമായ പ്രായോഗികവശങ്ങൾ നേരിട്ടുകണ്ടു ഗ്രഹിക്കുന്നതിനായി രണ്ടുമൂന്നു മാസക്കാലത്തേക്കു് അമേരിക്കൻ ഐക്യനാടുകളിൽ പര്യടനം നടത്തിവരികയാണു്. അദ്ദേഹം പത്രപ്രതിനിധികളോടു പറഞ്ഞു: "പത്രത്തിൻെറ പ്രസിദ്ധീകരണച്ചുമതലകളെല്ലാം അൽമേനികളെ ഏല്പിക്കാനാണു കരുതുന്നതു്. വൈദികാദ്ധ്യക്ഷന്മാരുടെ മേൽനോട്ടം എല്ലാക്കാര്യത്തിലും ഉണ്ടായിരിക്കും. ഞങ്ങളുടെ അഭിവന്ദ്യ കർദ്ദിനാൾ മെത്രാപ്പോലീത്തായായ കാർലോസു് ഡെലാ തോറെ തിരുമനസ്സിലേക്കു് ദീർഘകാലമായുണ്ടായിരുന്ന ഒരഭിവാഞ്ഛയാണു് ഇങ്ങനെ നിവൃത്തിയാകാൻ പോകുന്നതു്. എക്വഡോറിലെ കത്തോലിക്കാ ജീവിതവൈതന്യത്തെ എത്ര ഊർജ്ജസ്വലപ്പിക്കാൻ സാധിക്കുമെന്നു് തിരുമേനി കരുതുന്നു. പത്രത്തോടനുബന്ധിച്ചു് ഒരു റേഡിയോ ബ്രോഡ്കാസ്റ്റിംഗ് സ്റ്റേഷനും ഉണ്ടായിരിക്കും."

### മാർപ്പാപ്പാമാർ തെററുപററുമോ?

കാർഡിനൽ ഗിബൺസിൻെറ പുതിയ ചരിത്രം എഴുതിയിരിക്കുന്നതു് അമേരിക്കയിലെ കത്തോലിക്കാ സർവ്വകലാശാലയിൽ ചരിത്രപ്രൊഫസറായ റവ. ജോൺ ട്രെയ്സി എല്ലിസ് എന്ന ഭേദമാണു്. കാർഡിനൽ തിരുമനസ്സിലെ പല വിനോദഭാഷണങ്ങളും അതിൽ അവിടവിടെയായി എടുത്തുചേർത്തിട്ടുണ്ടു്. ഒരിക്കൽ കാർഡിനൽ ഒരു വലിയ സോഷ്യൽ ഗാതറിങ്ങിൽ സംബന്ധിക്കുകയായിരുന്നു. മാർപ്പാപ്പായുടെ അപ്രമാദിത്വപാഠം ഒട്ടും രസിക്കാത്ത ഒരു അകത്തോലിക്കാ മഹതി തിരുമേനിയുടെ പക്കൽ അടുത്തുകൂടി. "മോൺസിഞ്ഞോർ! നിങ്ങളുടെ പാപ്പായ്ക്കു് ഒരു തെററും പററുകയില്ലെന്നാണോ കത്തോലിക്കരായ നിങ്ങൾ പറയുന്നതു്?" തൽക്ഷണം കർദ്ദിനാൾ പ്രതിവചിച്ചു: "ഒരിക്കലുമല്ല. മാർപ്പാപ്പായ്ക്കു് തെററുപിണയുന്നതു് എത്രതവണ ഞാൻതന്നെ കണ്ടിട്ടുണ്ടു്. കുറെനാൾ മുമ്പു ഞാൻ റോമിലായിരുന്നപ്പോൾ ഗിബൺസ് എന്നുള്ള എൻെറ പേരു ജിബൺസ് എന്നു മാർപ്പാപ്പാ പലപ്രാവശ്യം പറഞ്ഞതു ഞാൻതന്നെ കേട്ടതാണു്!" എല്ലാവരും പൊട്ടിച്ചിരിച്ചു. പാപ്പായ്ക്കും തെററുപററുമെന്നു തെളിഞ്ഞതിനാൽ പ്രശ്നകാരിയും ചാരിതാർത്ഥ്യമടഞ്ഞു.

### അജ്ഞാതഭടനു സ്മാരകം പണ്ടേനാളേയുള്ളതാണ്

ഒന്നാം ലോകമഹാസമരത്തിനുശേഷം പല രാജ്യങ്ങളിലും യുദ്ധക്കളത്തിൽ മരണമടഞ്ഞ അജ്ഞാതഭടനുവേണ്ടി ഓരോ സ്മാരകങ്ങൾ സ്ഥാപിച്ചിട്ടുണ്ടു്. എന്നാൽ ഈ പതിവു് പുതിയ കണ്ടുപിടുത്തമൊന്നുമല്ലെന്നു ഇപ്പോൾ തെളിഞ്ഞിരിക്കുന്നു. [illegible] ശതാബ്ദംമുമ്പു ഇത്തരത്തിലുള്ള ഒരു സ്മാരകശില ഓർശലത്തിനടുത്തു കണ്ടുകിട്ടിയതായി പറയപ്പെടുന്നു. 21 അടി നീളവും 14 അടി വീതിയുമുള്ള ഈ ശിലാലിഖിതം അതിമനോഹരമായ ശില്പവേലകളോടുകൂടിയതാണു്. "കർത്താവിനുമാത്രം അറിയപ്പെടുന്ന അജ്ഞാതനായ ഭടൻെറ സ്മരണയ്ക്കായിട്ടു്" എന്നു അതിൽ ഉല്ലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. പേർഷ്യാക്കാരോടു ഹെറാക്ലിയുസ്സ് രാജാവുചെയ്ത പ്രസിദ്ധയുദ്ധത്തിലെ അജ്ഞാതഭടനാണിതെന്നു ഊഹിക്കപ്പെടുന്നു.

വിശുദ്ധ കൊച്ചുത്രേസ്യായുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് കൃതജ്ഞത.

എന്നു്, പി. എം. മാത്തു
എടക്കുളം, അരിപ്പാലം.

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1

